©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2007

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പന്ത്രണ്ടാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2006-2008)

## നാലാമത് റിപ്പോർട്ട്

(2007 മാർച്ച് മാസം 13-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**ഇടുക്കി ജില്ലയിലെ ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച്**

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടുകളുടെ (1998 മുതൽ 2002 വരെയുള്ള) പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്]

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2007

പന്ത്രണ്ടാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2006–2008)

## നാലാമത് റിപ്പോർട്ട്

(2007 മാർച്ച് മാസം 13–ാം തീയതി സഭയിൽ സമർപ്പിച്ചത്)

ഇടുക്കി ജില്ലയിലെ ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച്

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടുകളുടെ (1998 മുതൽ 2002 വരെയുള്ള) പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്]

407/2007.

# ഉള്ളടക്കം

| | | |
|---|---|---|
| | | പേജ് |
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം : പ്രധാനപ്പെട്ട നിഗമനങ്ങളും ശുപാർശകളും | .. | 52 |

## ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2006-2008)

### ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. എൻ. അനിരുദ്ധൻ

<u>അംഗങ്ങൾ</u> :

ശ്രീ. കെ. കെ. ദിവാകരൻ
,, എം. എം. മോനായി
,, സി. പി. മുഹമ്മദ്
,, എം. മുരളി
,, പി. റ്റി. എ. റഹീം
,, വി. ശിവൻകുട്ടി
,, വി. ജെ. തങ്കപ്പൻ
,, തോമസ് ചാഴികാടൻ

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ഡോ. എൻ. കെ. ജയകുമാർ, സെക്രട്ടറി
ശ്രീമതി മറിയാമ്മ വർഗ്ഗീസ്, സ്പെഷ്യൽ സെക്രട്ടറി
ശ്രീമതി പി. ജെ. ഫിലോമിന, ഡെപ്യൂട്ടി സെക്രട്ടറി
ശ്രീമതി കെ. എ. അച്ചാമ്മ, അണ്ടർ സെക്രട്ടറി.

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, കമ്മിറ്റിയുടെ നിയോഗാനുസരണം സമിതിയുടെ നാലാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടുകളിൽ (1998 മുതൽ 2002 വരെയുള്ള) ഉൾപ്പെട്ടിട്ടുള്ള ആഡിറ്റ് ഖണ്ഡികകളുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2006 ഡിസംബർ മാസം 22-ാം തീയതി ചേർന്ന സമിതി യോഗത്തിലാണ് ഈ റിപ്പോർട്ട് അംഗീകരിച്ചത്.

ആഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിക്കാവശ്യമായ സഹായങ്ങൾ നൽകി സഹകരിച്ച ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു.

എൻ. അനിരുദ്ധൻ,

അദ്ധ്യക്ഷൻ,
ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

തിരുവനന്തപുരം,
മാർച്ച് 13, 2007.

# റിപ്പോർട്ട്

## ഗ്രാമപഞ്ചായത്തുകൾ-ഇടുക്കി ജില്ല

### കാന്തല്ലൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**നോമിനൽ മസ്റ്റർ റോൾ സൂക്ഷിക്കാതെ കൂലി നൽകിയ പ്രവണത**

വരൾച്ച ദുരിതാശ്വാസ പദ്ധതികളോടനുബന്ധിച്ച പ്രവർത്തനങ്ങൾ, പൊതുമരാമത്തു പണികൾ എന്നിവയുടെ ജോലികൾക്ക് കൂലി നൽകാനായി കണ്ടിജന്റ് ബിൽ പ്രകാരം പഞ്ചായത്ത് ഫണ്ടിൽ നിന്നും തുകകൾ പിൻവലിക്കുകയും ജോലിക്കാരുടെ പേര്, കയ്യൊപ്പ്, തുക കൊടുത്ത തീയതി, ചെലവ് നടത്തിയ ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം എന്നീ വിവരങ്ങൾ അടങ്ങിയ നോമിനൽ മസ്റ്റർ റോൾ വയ്ക്കാതെ ചെലവെഴുതിയതായി ആഡിറ്റിൽ ശ്രദ്ധിക്കപ്പെട്ടിട്ടുണ്ട്.

വൗച്ചർ നമ്പർ 24/8-96 പ്രകാരം പിൻവലിച്ച തുക 20,000

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 1998, ഖണ്ഡിക II, I].

ആഡിറ്റ് പരാമർശത്തിൻമേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി:—

(1) "ആഡിറ്റ് തടസ്സം പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് സെക്രട്ടറി ശ്രീ. സി. കെ. കമലാസനന് 11-12-1999-ൽ കത്ത് നൽകി.

(2) ലോക്കൽ ഫണ്ട് ഡയറക്ടർ LF.6370SPL CELL SC/2000 തീയതി 29-3-2000 പ്രകാരം സർചാർജ് നോട്ടീസ് നൽകി.

(3) 15-01-2002-ൽ LF.6370SPL CELL SC/2000 പ്രകാരം സർചാർജ് സർട്ടിഫിക്കറ്റ് നൽകി.

(4) ആയതിനെതിരെ സെക്രട്ടറി ശ്രീ. സി. കെ. കമലാസനൻ ബഹു. കേരളാ ഹൈക്കോടതിയിൽ OP.15238/02 നമ്പർ ആയി കേസ് ഫയൽ ചെയ്യുകയും അതിനെതുടർന്ന് അനന്തര നടപടികൾ താൽകാലികമായി തടസപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കേസിന്റെ അടുത്ത വാദം 07-6-2005-ൽ പോസ്റ്റ് ചെയ്തിട്ടുള്ളതുമാകുന്നു."

(കാന്തല്ലൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 04-6-2005-ലെ എ1-149/98 നമ്പർ കത്ത് പ്രകാരം ലഭിച്ചത്).

(5) ഓഡിറ്റ് തടസ്സം പരിഹരിക്കുന്നതിന് എന്തൊക്കെ തുടർനടപടികളെടുത്തെന്ന് തെളിവെടുപ്പുവേളയിൽ കമ്മിറ്റി ആരായുകയുണ്ടായി. മസ്റ്റർ റോളിന്റെയും ആവശ്യമായ മറ്റു വൗച്ചറുകളുടേയും അഭാവത്തിൽ ഓഡിറ്റ് തടസ്സം നാളിതുവരെ പരിഹരിക്കപ്പെട്ടില്ലെന്ന് പഞ്ചായത്ത് സെക്രട്ടറിയുടെ ചാർജ്ജ് വഹിക്കുന്ന ഹെഡ്ക്ലാർക്ക്

ബോധിപ്പിച്ചു. ഓഡിറ്റിൽ തടസ്സം ഉന്നയിച്ചിട്ട് മൂന്നുവർഷത്തിനുശേഷം ആവശ്യമായ രേഖകളുണ്ടെന്നുപറഞ്ഞ് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർക്ക് കത്തു നല്കിയെന്ന വാദമുഖത്തെ കമ്മിറ്റി മുഖവിലയ്ക്കെടുക്കുന്നില്ല.

(6) ഉത്തരവാദിയായ സെക്രട്ടറിയ്ക്കു നല്കിയ സർചാർജ്ജ് സർട്ടിഫിക്കറ്റിനെതിരെ അദ്ദേഹം ഫയൽ ചെയ്ത കേസിന്റെ നിലവിലുള്ള സ്ഥിതിയെന്താണെന്ന് കമ്മിറ്റി ആരായുകയുണ്ടായി. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ, പഞ്ചായത്തു പ്രസിഡന്റ് എന്നിവർ യഥാക്രമം ഒന്നും രണ്ടും പ്രതികളായുള്ള പ്രസ്തുത കേസ് ഇതുവരെയും തീർപ്പായിട്ടില്ല എന്നും അഡ്വക്കേറ്റ് ജനറലിന് റിമൈൻഡർ കൊടുത്തിട്ടുണ്ടെന്നും പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ സമിതിയെ അറിയിക്കുകയുണ്ടായി.

## നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

(7) കാന്തല്ലൂർ ഗ്രാമപഞ്ചായത്തിൽ വരൾച്ച ദുരിതാശ്വാസ പദ്ധതികളോടനുബന്ധിച്ചുള്ള പ്രവർത്തനങ്ങൾക്കും പൊതുമരാമത്തു പണികൾക്കും തുക പിൻവലിച്ചത് മതിയായ രേഖകളില്ലാതെയാണെന്നും ഓഡിറ്റ് സമയത്തോ, പ്രാദേശിക പരിശോധനാവേളയിലോ രേഖകൾ ഹാജരാക്കുന്നതിൽ ഉത്തരവാദപ്പെട്ട പഞ്ചായത്ത് ഉദ്യോഗസ്ഥൻ വീഴ്ച വരുത്തിയെന്നും കമ്മിറ്റിക്ക് ബോധ്യമായിരിക്കുന്നു. ഇത്തരം വീഴ്ചകൾ ഭാവിയിൽ വരാതിരിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കൂടുതൽ ശ്രദ്ധ പതിപ്പിക്കണമെന്ന് ആവശ്യപ്പെടുന്നതിനോടൊപ്പം സർചാർജ്ജ് നല്കിയതിനെതിരെ അന്നത്തെ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർക്കെതിരെയും, കാന്തല്ലൂർ ഗ്രാമപഞ്ചായത്തിനെതിരെയും ഫയൽ ചെയ്തിരിക്കുന്ന കേസ് തീർപ്പുകല്പിക്കുന്നതിലേക്കായി അടിയന്തിര നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. കേസിന്റെ അന്തിമ വിധി സമിതിയെ അറിയിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

## കൊക്കയാർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**നോമിനൽ മസ്റ്റർ റോൾ സൂക്ഷിക്കാതെ കൂലി നൽകിയ പ്രവണത**

ചെമ്മണിത്തോടിനു കുറുകെ ക്രോസ്‌വേ നിർമ്മാണത്തിന് വൗച്ചർ 28/1-97, 28/2-97, 26/3-97, 34/3-97 പ്രകാരം 5000/- രൂപ വീതം പിൻവലിച്ചു. (അൺടൈഡ് ഫണ്ട് 1995-96, തുക 20,000).

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 1998, ഖണ്ഡിക II, I].

ആഡിറ്റ് പരാമർശത്തിൻമേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി:—

(8) "ഉത്തരവാദിയായ ജീവനക്കാരന് കത്ത് നൽകിയിട്ടുണ്ട്."

(കൊക്കയാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 06-06-2005-ലെ എ1-276/05 നമ്പർ കത്ത് പ്രകാരം ലഭിച്ചത്).

(9) ഈ കേസിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് തെളിവെടുപ്പ് വേളയിൽ സമിതി ആരാഞ്ഞതിന് 20,000 രൂപയുടെ ചെലവു സംബന്ധിച്ച വിഷയം ലോക്കൽ വെരിഫിക്കേഷൻ നടത്തി തീർപ്പാക്കിയെന്നും വിജിലൻസ് കേസ് നിലവിലുണ്ടെന്നും, കൊക്കയാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. വിജിലൻസ് കേസിന്റെ ഇപ്പോഴത്തെ സ്ഥിതിയെന്താണെന്ന് സമിതി ആരാഞ്ഞതിന് കേസ് വിജിലൻസിന്റെ പരിഗണനയിലിരിയ്ക്കുകയാണെന്നും ബന്ധപ്പെട്ട ഫയലുകളെല്ലാം വിജിലൻസ് ഉദ്യോഗസ്ഥരുടെ കൈവശമാണെന്നും സെക്രട്ടറി അറിയിച്ചു.

(10) സമിതിയുടെ നിർദ്ദേശപ്രകാരം ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ (16-7-2005-ലെ പി. 3-425/05 നമ്പർ കത്തിൽ) ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ തടസ്സം ഒഴിവാക്കിയതായി അറിയിച്ചിരിക്കുന്നു.

## നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

(11) ഓഡിറ്റ് തടസ്സം ഒഴിവാക്കിയെങ്കിൽ ആ വിവരം കമ്മിറ്റിയെ അറിയിക്കുന്നതിൽ ലോക്കൽ ഫണ്ട് വകുപ്പ് കുറച്ചുകൂടി ശ്രദ്ധിക്കണമെന്ന് കമ്മിറ്റി അഭിപ്രായപ്പെടുന്നു. എന്നിരുന്നാലും തടസ്സം ഒഴിവാക്കിയ ലോക്കൽ ഫണ്ട് ഡയറക്ടറുടെ നടപടി സമിതി അംഗീകരിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

**പണം പിൻവലിക്കലുകൾ-അനധികൃതമായി നടത്തിയവ**

വൗച്ചർ നമ്പർ 28-2/97 പ്രകാരം 15,000 രൂപ 1996-97-ലെ ഉപാധിരഹിത ഫണ്ട് ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾക്കു മുൻകൂറായി പിൻവലിച്ച തുകയിൽ 5,000 രൂപാ വീതം ചെമ്മണിത്തോട് ക്രോസ്‌വേ നിർമ്മാണത്തിനും വടക്കേമല എസ്.സി./എസ്.റ്റി. കോളനി റോഡിനും വേണ്ടി ഉപയോഗിച്ചതായി കാണുന്നു. എന്നാൽ ബാക്കിയുള്ള 5,000 രൂപ ഏതു ജോലിക്കുവേണ്ടി പിൻവലിച്ചുവെന്ന് കാണിച്ചിട്ടില്ല. ആയതിനാൽ അധികമായി മുൻകൂർ പിൻവലിച്ച 5,000 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 1998, ഖണ്ഡിക II, IB]

ആഡിറ്റ് പരാമർശത്തിൻമേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി :—

(12) "ഉത്തരവാദിയായ ജീവനക്കാരന് കത്തു നൽകിയിട്ടുണ്ട്."

(കൊക്കയാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 06-6-2005-ലെ എ1-276/05 നമ്പർ കത്ത് പ്രകാരം ലഭിച്ചത്).

## നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

(13) അനധികൃതമായി പണം പിൻവലിച്ചതിന് ഉത്തരവാദിയായ സെക്രട്ടറി ശ്രീ. കെ. പ്രകാശിന് 19-12-1998-ന് കത്ത് നല്കിയിട്ടും നാളിതുവരെ ടിയാൻ തുക അടയ്ക്കുകയോ, റിക്കവറി നടപടി വഴി തുക ഈടാക്കുകയോ ചെയ്യാത്ത സാഹചര്യത്തിൽ ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കുന്നതിന് കാലാകാലങ്ങളിലുള്ള

സെക്രട്ടറിമാരും അനാസ്ഥ കാട്ടിയിട്ടുണ്ടെന്നും അതിനാൽ അവർക്കും ഇതിൽ തുല്യ ഉത്തരവാദിത്തമുള്ളതായും സമിതി കരുതുന്നു. ആയതിനാൽ പഞ്ചായത്തിന് നഷ്ടമായ തുക ശ്രീ. കെ. പ്രകാശിൽ നിന്നും റവന്യൂ റിക്കവറി വഴി ഈടാക്കുന്നതിനോ അതിനു കഴിയുന്നില്ലെങ്കിൽ ശ്രീ. പ്രകാശിനു ശേഷം സെക്രട്ടറിയായിരുന്നവരിൽ നിന്നും തുല്യമായി തുക ഈടാക്കുന്നതിനോ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

**വനിതാ റെഡിമെയ്ഡ് യൂണിറ്റുകൾക്ക് അനധികൃതമായി പ്രവർത്തന മൂലധനം നല്കി**

പഞ്ചായത്തിലെ പട്ടികജാതി/വർഗ്ഗത്തിലെ സ്ത്രീകൾക്കായി സഹകരണ സംഘാടിസ്ഥാനത്തിൽ രൂപീകരിച്ച എട്ട് റെഡിമെയ്ഡ് യൂണിറ്റുകൾക്ക് തയ്യൽ മെഷീനുകളും മറ്റ് അനുബന്ധ ഫർണിച്ചറുകളും നല്കിയതിന് പുറമേ നിയമവിരുദ്ധമായി പ്രവർത്തന മൂലധനമായി 56,000/- രൂപ നല്കിയിട്ടുണ്ട്. ടി തുക ഓഡിറ്റ് നിരാകരിക്കുന്നു.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2001-2002, ഖണ്ഡിക VI, 6,3(1)]

ആഡിറ്റ് പരാമർശത്തിൻമേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി :—

(14) "വിജിലൻസ് കേസ് നിലവിൽ ഉണ്ട്."

(കൊക്കയാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 6-6-2005-ലെ എ1-276/05 നമ്പർ കത്ത് പ്രകാരം ലഭിച്ചത്).

(15) എട്ട് റെഡിമെയ്ഡ് യൂണിറ്റുകളും നിലവിലുണ്ടോ എന്ന് തെളിവെടുപ്പ് വേളയിൽ സമിതി ആരാഞ്ഞതിന് എട്ട് യൂണിറ്റുകളും നിലവിലുണ്ടെന്ന് കൊക്കയാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. നിയമവിരുദ്ധമായി നൽകിയ 56,000 രൂപ തിരിച്ചുപിടിക്കാൻ എന്ത് നടപടി സ്വീകരിച്ചു എന്ന സമിതിയുടെ ചോദ്യത്തിന് ബന്ധപ്പെട്ട ഫയലുകളെല്ലാം വിജിലൻസ് കസ്റ്റഡിയിലാണെന്നും സെക്രട്ടറി അറിയിച്ചു. വിജിലൻസിനു നൽകിയിട്ടുള്ള ഫയലുകൾ ഇടുക്കി ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ തിരികെ വാങ്ങി വകുപ്പുതല നടപടി സ്വീകരിച്ച് 15 ദിവസത്തിനകം റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിച്ചിരുന്നു.

(16) കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറിൽ നിന്നുലഭിച്ച കത്തിൽ കൊക്കയാർ ഗ്രാമപഞ്ചായത്തിൽ നിന്നും ഇടുക്കി വിജിലൻസ് പോലീസ് ഡെപ്യൂട്ടി സൂപ്രണ്ട് കസ്റ്റഡിയിൽ എടുത്തിരുന്ന റിക്കാർഡുകളിൽ പരിശോധന നടത്തി അന്വേഷണ റിപ്പോർട്ട് സഹിതം പ്രസ്തുത റിക്കാർഡുകൾ തിരുവനന്തപുരം വിജിലൻസ് ഡയറക്ടർക്ക് അയച്ചുകൊടുത്തിട്ടുള്ളതായി വിജിലൻസ് പോലീസ് ഡെപ്യൂട്ടി സൂപ്രണ്ട് അറിയിച്ചതായും ഫയലുകൾ ലഭ്യമാക്കുന്നതിന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ആഫീസിൽ നിന്നും വിജിലൻസ് ഡയറക്ടർക്ക് എഴുതിയിട്ടുണ്ടെന്നും അറിയിച്ചിരുന്നു.

(17) വിജിലൻസിന്റെ സൂക്ഷ്മപരിശോധനയ്ക്ക് രേഖകൾ ആവശ്യമാണെന്നും നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് പ്രസ്തുത രേഖകൾ ബന്ധപ്പെട്ട ആഫീസിലേക്ക് അയച്ചുകൊടുക്കുന്നതാണെന്നും, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ അറിയിച്ചിരിക്കുന്നതായി ഇടുക്കി പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

## നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

(18) വനിതാ റെഡിമെയ്ഡ് യൂണിറ്റുകൾക്ക് നിയമവിരുദ്ധമായി തുക നല്കിയതു സംബന്ധിച്ചുള്ള അന്വേഷണത്തിനായി വിജിലൻസ് വകുപ്പ് കൊണ്ടുപോയിട്ടുള്ള ഫയലുകൾ തിരികെവാങ്ങി ഡിപ്പാർട്ടുമെന്റ് തലത്തിൽ സ്വീകരിക്കേണ്ട നടപടികൾ സ്വീകരിക്കാൻ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ നടപടി സ്വീകരിക്കണമെന്ന് കമ്മിറ്റി ശുപാർശ ചെയ്യുന്നു.

(19) കൂടാതെ ഫയലുകളും മറ്റു രേഖകളും വിജിലൻസ് വകുപ്പിനു കൈമാറുന്നതിനുമുമ്പ് അവയുടെ ഫോട്ടോകോപ്പി എടുത്തു സൂക്ഷിക്കുന്നതിന് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ഗവൺമെന്റ് തലത്തിൽ നിർദ്ദേശം നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

**മുളംകുന്ന് ജലസേചന പദ്ധതി ചെലവ്**

പഞ്ചായത്തിലെ 6,7,8 എന്നീ വാർഡുകളിൽ കുടിവെള്ളം എത്തിക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള ടാങ്കിൽ നിന്നും 1033 മീറ്റർ നീളത്തിൽ പൈപ്പ് പിടിപ്പിച്ച് ഒരു ടാപ്പ് ഇടുക എന്നതാണ് പദ്ധതി. ഇതിലേക്കായി ആകെ 1,02,248 രൂപയുടെ ചെക്ക് നല്കിയിട്ടുണ്ട്. എന്നാൽ നടന്ന പണിയ്ക്ക് അർഹമായ തുക 73,104 രൂപയാണ്. അധികം നല്കിയ തുകയായ 29,144 രൂപ പഞ്ചായത്തുഫണ്ടിൽ തിരികെ അടയ്ക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2001-2002, ഖണ്ഡിക VI, 6,3(2)]

ആഡിറ്റ് പരാമർശത്തിൻമേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി :—

(20) "വിജിലൻസ് കേസ് നിലവിലുണ്ട്."

(കൊക്കയാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 06-06-2005-ലെ എ1-276/05 നമ്പർ കത്ത് പ്രകാരം ലഭിച്ചത്).

(21) കുടിവെള്ളം എത്തിക്കാൻ പൈപ്പ് ലൈൻ ഇടുന്നതിന് അധികമായി നൽകിയ തുക തിരികെ പിടിക്കാൻ എന്ത് നടപടി സ്വീകരിച്ചു എന്ന് തെളിവെടുപ്പ് വേളയിൽ സമിതി ആരാഞ്ഞതിന്, ഇതുവരെ നടപടിയൊന്നും സ്വീകരിച്ചിട്ടില്ലെന്നും ഫയലുകളെല്ലാം വിജിലൻസ് വകുപ്പ് ഉദ്യോഗസ്ഥർ കൊണ്ടുപോയിരിക്കുകയാണെന്നും കൊക്കയാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നല്കി. ഇക്കാര്യത്തിൽ ബന്ധപ്പെട്ടവർക്കെതിരെ പഞ്ചായത്ത് ബോധപൂർവ്വം നടപടി സ്വീകരിക്കാതിരു

ന്നതാണെന്ന് കമ്മിറ്റി അഭിപ്രായപ്പെട്ടു. അന്നത്തെ പഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. പി.എൻ. ബാലകൃഷ്ണനിൽ നിന്ന് പ്രസ്തുത തുക പലിശ സഹിതം ഈടാക്കുന്നതിനു നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചിരുന്നു.

(22) സമിതി നിർദ്ദേശത്തെത്തുടർന്ന് ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ നല്കിയ 16-7-2005-ലെ കത്തിൽ ഇടുക്കി വിജിലൻസ് പോലീസ് ഡെപ്യൂട്ടി സൂപ്രണ്ട് ഈ വിഷയത്തിൽ അന്വേഷണം നടത്തി റിപ്പോർട്ടും, റിക്കാർഡുകളും തിരുവനന്തപുരം വിജിലൻസ് ഡയറക്ടർക്ക് അയച്ചുകൊടുത്തിട്ടുള്ളതാണെന്നും ഫയൽ ലഭ്യമാക്കുന്നതിന് വിജിലൻസ് ഡയറക്ടർക്ക് കത്തെഴുതിയിട്ടുണ്ടെന്നും അറിയിച്ചിരുന്നു.

## നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

(23) വിജിലൻസ് അന്വേഷണം പൂർത്തിയാക്കി ഫയലുകൾ തിരികെ നൽകുന്നതിൽ വിജിലൻസ് വകുപ്പ് അനാവശ്യമായ കാലതാമസവും വീഴ്ചയും വരുത്തിയിരിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നും അന്വേഷണത്തിനായി കൊണ്ടുപോകുന്ന ഫയലുകളിൽ എത്രയും വേഗം അന്വേഷണം പൂർത്തിയാക്കി തിരികെ നൽകുന്നതിന് വിജിലൻസ് വകുപ്പ് പ്രത്യേകം ശ്രദ്ധിക്കണമെന്നും തിരികെ ലഭിക്കുന്ന പ്രസ്തുത ഫയലുകളിൻമേൽ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിച്ച് അടിയന്തിരമായി റിപ്പോർട്ട് നൽകണമന്നും സമിതി നിർദ്ദേശിക്കുന്നു.

## കരിമണ്ണൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**നോമിനൽ മസ്റ്റർ റോൾ സൂക്ഷിക്കാതെ കൂലി നൽകിയ പ്രവണത**

അൺടൈഡ് ഫണ്ട് 1996-97-ൽ 62,000 രൂപ മസ്റ്റർറോൾ സൂക്ഷിക്കാതെ പിൻവലിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വൗച്ചർ നമ്പർ | പിൻവലിച്ച തുക |
|---|---|
| 26/2-97 | 10,000 |
| 42/2-97 | 10,000 |
| 44/2-97 | 22,000 |
| 36/3-97 | 10,000 |
| 42/3-97 | 10,000 |
| ആകെ തുക : | 62,000 |

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 1998, ഖണ്ഡിക II, I]

ആഡിറ്റ് പരാമർശത്തിൻമേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി :—

(24) "ഖണ്ഡികയിൽ പ്രതിപാദിച്ചിരിക്കുന്ന 5 വേലകളുടെയും മസ്റ്റർറോൾ, അളവുപുസ്തകം എന്നിവ ഹാജരാക്കിയതിനാൽ 21-8-1999-ലെ LF1/7/337/99-ാം നമ്പർ കത്തുപ്രകാരം തടസ്സം ഒഴിവാക്കി."

(കരിമണ്ണൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 02-6-2005-ലെ എ1-1480/05 നമ്പർ കത്ത് പ്രകാരം ലഭിച്ചത്).

## നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

(25) ലോക്കൽഫണ്ട് ആഡിറ്റ് വകുപ്പ് ആഡിറ്റ് പരാമർശം ഒഴിവാക്കിയത് സമിതി അംഗീകരിക്കുന്നു.

ഓഡിറ്റു ഖണ്ഡിക

**പൊതുമരാമത്ത് ജോലികൾക്ക് ആവശ്യത്തിൽ കവിഞ്ഞ് വാങ്ങിയ സാധനങ്ങൾക്കുള്ള അധിക വില സംബന്ധിച്ച്**

പണിക്കൻകോട്ട റോഡ് മണ്ണിട്ടു നികത്തുന്നതിന് 96 ക്യൂ.മീറ്ററിന് 85 രൂപാ നിരക്കിൽ 8,160 രൂപയ്ക്ക് വാങ്ങി. എന്നാൽ അളവു പുസ്തകം 4/96-97 പേജ് 9 പ്രകാരം (ഐറ്റം-3) 44.55 എം.ക്യൂ. മണ്ണ് മാത്രമേ ഉപയോഗിച്ചിട്ടുള്ളു. ആയതിനാൽ 51.45 ക്യൂ.മീറ്റർ മണ്ണിന് അധികമായി നൽകിയ 4,373 രൂപ നഷ്ടമാണ്.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 1998, ഖണ്ഡിക II, I].

ആഡിറ്റ് പരാമർശത്തിൻമേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി :—

(26) "LF1/7/337/99/21/8/99 പ്രകാരം 4/96-97 അളവു പുസ്തകം പരിശോധിച്ചതിൽ പഞ്ചായത്തിനുണ്ടായ നഷ്ടം 2234.65 രൂപയാണ്. ടി തുക സെക്രട്ടറിയായിരുന്ന പി. ജി. സുകുമാരനിൽ നിന്നും 55/87097 തീയതി 18-12-2000 നമ്പർ രസീതു പ്രകാരം 1000 രൂപയും 10/26424 തീയതി 21-12-2001 പ്രകാരം 1285 രൂപയും ഈടാക്കി."

(കരിമണ്ണൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 02-06-2005-ലെ എ1-1480/05 നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

## നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

(27) അധികവിലയായി നൽകിയ തുക തിരിച്ചടച്ചു എങ്കിലും പലിശകൂടി ഈടാക്കേണ്ടതായിരുന്നു എന്ന് സമിതി അഭിപ്രായപ്പെടുന്നു. ഭാവിയിൽ ഇത്തരം കേസുകളിൽ പലിശ ഈടാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളാൻ ശ്രദ്ധിക്കണമെന്ന് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## ആലക്കോട് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**പണം പിൻവലിക്കലുകൾ-അനധികൃതമായി നടത്തിയവ**

ആലക്കോട് ഗ്രാമപഞ്ചായത്തിലെ പാലപ്പിള്ളി കോളനി റോഡ് നിർമ്മാണത്തിനു കല്ലിന്റെ വിലയായി 15,000 രൂപ വൗച്ചർ 91/3-97 മുൻകൂർ നൽകിയിരുന്നു. ഈ തുക അഡ്വാൻസ് രജിസ്റ്ററിൽ ചേർക്കുകയോ, അതിന് ഫൈനൽ അഡ്ജസ്റ്റ്മെന്റ് കാണിക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ പണത്തിന്റെ ഉപയോഗവും വിനിയോഗവും അംഗീകരിക്കുന്നില്ല. (തുക 15,000).

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 1998, ഖണ്ഡിക II, b].

ആഡിറ്റ് പരാമർശത്തിൻമേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി :—

(28) "7,500 രൂപാ മുൻസെക്രട്ടറി ശ്രീ. കെ. കുട്ടപ്പൻ 01-03-2000-ൽ 24/61504-ാം നമ്പർ രസീത് പ്രകാരം പഞ്ചായത്തിൽ അടച്ചിട്ടുണ്ട്. ബാക്കിയുള്ള 7,500 രൂപ ബാദ്ധ്യതയായി കാണിച്ചുകൊണ്ട് ബാദ്ധ്യതാസർട്ടിഫിക്കറ്റ് 29-11-2000-ൽ ഇടുക്കി ജില്ലാ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്."

(ആലക്കോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 04-06-2005-ലെ എ3-197/05 നമ്പർ കത്ത് പ്രകാരം ലഭിച്ചത്).

(29) അന്നത്തെ ഗ്രാമപഞ്ചായത്ത് സെക്രട്ടറി 1999-ൽ സർവ്വീസിൽ നിന്ന് പിരിഞ്ഞ സ്ഥിതിയ്ക്ക് ഇനിയും തിരിച്ചുപിടിക്കാനുള്ള 7,500 രൂപ തിരിച്ചുപിടിയ്ക്കാൻ കഴിയുമോ എന്ന് തെളിവെടുപ്പുവേളയിൽ സമിതി ആരാഞ്ഞതിന് അദ്ദേഹത്തിന് ഗ്രാറ്റുവിറ്റി നൽകിയിട്ടില്ലെന്ന് ആലക്കോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. പെൻഷനായി 6 വർഷം കഴിഞ്ഞതിനാൽ ഡി.സി.ആർ.ജി. യിൽ നിന്ന് പ്രസ്തുത തുക ഈടാക്കാൻ കഴിയുമോ എന്ന കമ്മിറ്റിയുടെ ചോദ്യത്തിനുത്തരമായി, മൂന്ന് വർഷം കഴിഞ്ഞാൽ ഒന്നും ചെയ്യാൻ പറ്റില്ലെന്നും കോടതിയിൽ പോയാൽ പലിശ സഹിതം കൊടുക്കേണ്ടിവരുമെന്നും പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ അറിയിച്ചു. പ്രസ്തുത പണം ഈടാക്കുന്നതിൽ കാലതാമസം വരുത്തിയ ഉദ്യോഗസ്ഥരിൽ നിന്ന് പലിശസഹിതം തുക ഈടാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ച് ഒരു മാസത്തിനകം സമിതിയെ അറിയിക്കണമെന്ന് സമിതി യോഗത്തിൽ നിർദ്ദേശിക്കുകയുണ്ടായി.

### നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

(30) പഞ്ചായത്തിനുണ്ടായ നഷ്ടം ഈടാക്കാൻ നടപടി സ്വീകരിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടറോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും നാളിതുവരെ ഇതുസംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല എന്നത് സമിതി ഗൗരവപൂർവ്വം വീക്ഷിക്കുകയും ഇക്കാര്യത്തിൽ പഞ്ചായത്ത് ഡയറക്ടർ വിശദീകരണം നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു. ആഡിറ്റ് പരാമർശം നിലനിൽക്കെ ശ്രീ. കുട്ടപ്പന് എൻ.എൽ.സി. നല്കി പെൻഷനാനുകൂല്യങ്ങൾ കൈപ്പറ്റുന്നതിനു സഹായിച്ച ഉദ്യോഗസ്ഥർ

ആരെല്ലാമാണെന്ന് കണ്ടെത്തി അവരിൽ നിന്നും തുക ഈടാക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർ നടപടി സ്വീകരിക്കുവാനും തുക തിരിച്ചടച്ചതു സംബന്ധിച്ച വിശദാംശം സമിതിയെ അറിയിക്കുവാനും സമിതി നിർദ്ദേശിക്കുന്നു.

## മൂന്നാർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**പണപ്പിരിവിൽ ക്രമക്കേടുകൾ**

മൂന്നാർ ഗ്രാമപഞ്ചായത്തിലെ ഒരു ലോവർ ഡിവിഷൻ ക്ലാർക്കിന് 06-05-1998-ൽ പിരിവിനായി നൽകിയ 32776-ാം നമ്പർ രസീത് ബുക്കിലെ 1 മുതൽ 97 വരെയുള്ള രസീതുകൾ ഉപയോഗിച്ച് 06-05-1998 മുതൽ 29-09-1998 വരെയുള്ള കാലയളവിൽ വിവിധ നികുതി/ഫീസ് ഇനങ്ങളിലും വാടകയിനത്തിലുമായി പിരിച്ചെടുത്ത 30,427 രൂപ യഥാസമയം ബന്ധപ്പെട്ട പിരിവ് രജിസ്റ്റർ, വരവ് രജിസ്റ്റർ, ക്യാഷ് ബുക്ക് എന്നിവയിൽ രേഖപ്പെടുത്തുകയോ പഞ്ചായത്ത് ഫണ്ടിൽ അടയ്ക്കുകയോ ചെയ്തിരുന്നില്ല.

30,427 രൂപയുടെ ഈ പണാപഹരണം ഓഡിറ്റിൽ ചൂണ്ടിക്കാട്ടിയപ്പോൾ 30,424 രൂപ മുതലായും പലിശയിനത്തിൽ 6,212 രൂപയും 19-07-1999-ൽ അടയ്ക്കുകയുണ്ടായി.

ഇതേ ക്ലാർക്കിനു പിരിവിനായി 24-4-1998-ൽ നൽകിയ 32774-ാം നമ്പർ രസീത് ബുക്കിലെ 6 മുതൽ 9 വരെയും 30 മുതൽ 100 വരെയുള്ള രസീതുകളിൽ തിരുത്തലുകൾ കാണപ്പെട്ടു. ഇദ്ദേഹത്തിനു നൽകിയ രസീത് ബുക്കുകളിൽ പേജിന്റെ എണ്ണം ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയതായി കാണുന്നില്ല.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 1999-2000, ഖണ്ഡിക VI, 23(a)].

ആഡിറ്റ് പരാമർശത്തിൻമേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി :—

(31) "30,427 രൂപ 6,212 രുപ പലിശസഹിതം 19-07-1999-ൽ ടിയാൻ പഞ്ചായത്തിൽ അടച്ചു. രസീതുപ്രകാരമുള്ള തുകയും പലിശ 6,212-97/18415/ 19-9-1999 നമ്പർ രസീതുപ്രകാരവും പഞ്ചായത്തു ഫണ്ടിലടച്ചു. തുടർന്ന് 11-10-1999-ലെ ഇടുക്കി ഡി.ഡി.പി. യുടെ A3-7291/97(2) നമ്പരായ ഉത്തരവുപ്രകാരം ടിയാനെ ചിന്നക്കനാൽ പഞ്ചായത്തിലേക്കു സ്ഥലം മാറ്റുകയും തുടർന്നുള്ള നടപടികളിൽ ടിയാനെ സസ്പെന്റ് ചെയ്യുകയും ചെയ്തു. ശിക്ഷണനടപടികൾ അവസാനിപ്പിക്കുന്നതിനു മുമ്പായി 15-9-2004-ൽ ടിയാൻ മരണമടഞ്ഞിട്ടുള്ളതാകുന്നു."

(മൂന്നാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 06-6-2005-ലെ എ-406/05 നമ്പർ കത്ത് പ്രകാരം ലഭിച്ചത്).

## നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

(32) ആഡിറ്റിന് മുമ്പ് തന്നെ ക്രമക്കേട് കണ്ടുപിടിച്ച് നടപടി സ്വീകരിച്ച സെക്രട്ടറിയുടെ നടപടി ശ്ലാഘനീയമാണ്. തുക പലിശ സഹിതം തിരിച്ചടച്ചതായും,

പണാപഹരണം നടത്തിയ ക്ലാർക്കിനെ സസ്പെന്റ് ചെയ്തതായും തുടർന്ന് ശിക്ഷണനടപടികൾ അവസാനിപ്പിക്കുന്നതിനുമുമ്പ് ടിയാൻ മരണപ്പെട്ടുവെന്നും അറിയിച്ച സാഹചര്യത്തിൽ ഇത് സംബന്ധിച്ച നടപടികൾ അവസാനിപ്പിക്കാൻ സമിതി ശുപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

**ഇടമലക്കുടി ആദിവാസി കോളനി മരാമത്ത് പണികൾ നടത്തിയതിന് രേഖയില്ല.**

മൂന്നാർ ഗ്രാമപഞ്ചായത്തിലെ ഇടമലക്കുടി ആദിവാസി കോളനി നിബിഡവനമേഖലയിൽപ്പെട്ടതും എത്തിച്ചേരാൻ 10 കിലോമീറ്ററിലധികം കാൽനട യാത്ര വേണ്ടതുമായ ഒരു സ്ഥലമാണ്. ഈ പ്രദേശത്തിന്റെ വികസനത്തിനായി ഉപാധിരഹിത ഫണ്ട് ഉപയോഗിച്ച് 1992-93 മുതൽ ആരംഭിച്ച മരാമത്ത് പണികൾ പലതും പൂർത്തിയാകാതെ അവശേഷിക്കുന്നതായി കാണുന്നു. ഇതിനായി വാങ്ങിയ സാധനങ്ങളുടെ ബില്ല്/സ്റ്റോക്ക്, മസ്റ്റർറോൾ, അളവു ബുക്കുകൾ, അന്തിമ ബില്ല് തുടങ്ങിയ രേഖകളുടെ അഭാവത്തിൽ ഈ പണികളുടെ നിർവ്വഹണത്തിനായി പിൻവലിച്ച താഴെ വിവരിക്കുന്ന തുകകൾ അതേ ആവശ്യത്തിനുതന്നെ വിനിയോഗിച്ചിട്ടുണ്ടോ എന്നറിയുവാൻ ഭൗതിക പരിശോധനകൊണ്ട് മാത്രമേ കഴിയു.

| ക്രമ നമ്പർ | മരാമത്ത് പണികളുടെ പേര് | ചെലവ് തുക രൂപ | റിമാർക്ക്സ് |
|---|---|---|---|
| (1) | (2) | (3) | (4) |
| 1. | ഇടമലക്കുടി കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം രൂപ 1,99,429 | 10,000 | രൂപ 5,000 വീതം 1995-96, 1996-97 വർഷത്തിൽ മുൻകൂർ നൽകി |
| 2. | ഇടമലക്കുടി നഴ്സറി സ്ക്കൂൾ | 1,72,210 | പണി പൂർത്തീകരിച്ചില്ല. രൂപ 1,00,000 കൂലിയിനത്തിൽ നൽകി. രൂപ 1,62,210 സാധനങ്ങൾ വാങ്ങി. മസ്റ്ററോൾ, രേഖകൾ ഹാജരാക്കിയില്ല. |
| 3. | ഇടമലക്കുടി-മുളകുതറ കുടിയിൽ വാട്ടർ ടാങ്ക് അടങ്കൽ രൂപ 62,530 (1995-96) | 57,051 | നിർമ്മാണ സാധനങ്ങൾ വാങ്ങി തുക ചെലവഴിച്ചു. |
| 4. | ഇടമലക്കുടിയിൽ ജലസംവിധനം | 30,000 | പദ്ധതിയുടെ അടങ്കൽ തയ്യാറാക്കിയിട്ടില്ല. വാങ്ങിയ പൈപ്പു ഉപയോഗപ്പെടുത്തിയതായി കാണുന്നില്ല |

| (1) | (2) | (3) | (4) |
|---|---|---|---|
| 5. | ഇടമലക്കുടിയിൽ ജലവിതരണ സംവിധാനം | 15,000 | 15,000 രൂപയുടെ രസീത് മാത്രമാണ് ഹാജരാക്കിയത് പ്രസിഡന്റ് ബില്ലിൽ ഒപ്പു വെച്ചിട്ടില്ല. |
| 6. | ഇടമലക്കുടി-മുളകുതറ ചെക്ക്ഡാം (പഞ്ചായത്ത് ഫണ്ട്) | 44,135 | ഭരണ സാങ്കേതികാനുമതി ഇല്ലാതെയാണ് ടി വേല നടത്തിയിട്ടുള്ളത് എന്ന് സംശയിക്കുന്നു. |
| | ആകെ | 3,28,396 | |

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 1999–2000 ഖണ്ഡിക IV 23 (b)]

ആഡിറ്റ് പരാമർശത്തിന്മേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി :—

(33) ആഡിറ്റ് പരാമർശത്തിന്മേൽ നടത്തിയ നടപടികളെ തുടർന്ന് ഫയലുകൾ പരിശോധിച്ച് മസ്റ്റർറോൾ കണ്ടെത്തിയിട്ടുണ്ട്. വർക്ക് ബിൽ രജിസ്റ്റർ പേജ് 2-ൽ ആയത് രേഖപ്പെടുത്തിയിട്ടുണ്ട്. ടി വർക്ക് പഞ്ചായത്ത് ഫണ്ട് വിഹിതം ഫണ്ട് മൈനസായിരുന്നതിനാൽ തുടരാൻ സാധിച്ചില്ല.

(34) ആഡിറ്റ് റിപ്പോർട്ടിന്മേലുണ്ടായ നടപടികളെത്തുടർന്ന് സെക്രട്ടറി ശ്രീ. വൈ. സേതുനാഥ് സമർപ്പിച്ച മറുപടിയിൽ വിശദീകരണം നൽകിയിട്ടുണ്ട്. (റിപ്പോർട്ട് ഉള്ളടക്കം ചെയ്തിരിക്കുന്നു)

(മൂന്നാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 6-6-2005-ലെ എ-406/05 നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

(35) ഇടമലക്കുടി കോളനിയിൽ മരാമത്തുപണികൾ പൂർത്തിയാക്കാതെ കിടപ്പുണ്ടോയെന്ന് 15-6-2005-ലെ തെളിവെടുപ്പുവേളയിൽ മൂന്നാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് സമിതി ആരാഞ്ഞതിന്, പണികളെല്ലാം പൂർത്തിയായിട്ടില്ലെങ്കിലും പല പണികളും ചെയ്തിട്ടുണ്ടെന്നും ഇതിന്റെ മസ്റ്റർ റോളും ബില്ലുകളും, വൗച്ചറുകളും ഉണ്ടെന്നും സെക്രട്ടറി സമിതിയിൽ ബോധിപ്പിച്ചു. ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ ഇക്കാര്യങ്ങൾ പരിശോധിച്ച് വിശദമായ റിപ്പോർട്ട് 3 മാസത്തിനകം സമിതിയ്ക്ക് നൽകണമെന്നും സമിതി നിർദ്ദേശിച്ചിരുന്നു.

(36) ഇടമലക്കുടി-മുളകുതറക്കുടിയിൽ വാട്ടർ ടാങ്ക് നിർമ്മാണ ജോലി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ നേരിട്ട് പരിശോധിച്ചെന്നും ആദിവാസി കോളനിയിൽ ഒരു ചെക്ക് ഡാമും 4 മീറ്റർ ചതുരത്തിൽ ഒരു വാട്ടർ ടാങ്കും നിർമ്മിച്ചിട്ടുള്ളതായി ബോധ്യപ്പെട്ടതായും എന്നാൽ ചെക്ക് ഡാമിൽ നിന്നും ടാങ്കിലേക്ക് വെള്ളം കൊണ്ടുവരുന്നതിനുള്ള ഹോസ് പഞ്ചായത്തിൽ നിന്നും വാങ്ങി നൽകിയിരുന്നത് അന്നത്തെ ഗ്രാമപഞ്ചായത്ത് മെമ്പറുടെ കൈവശമുള്ളതായി കോളനി താമസക്കാർ എഴുതികൊടുത്തതായും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കുടിവെള്ള

പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ ഒന്നും പഞ്ചായത്ത് ഓഫീസിൽ പരിശോധനയ്ക്ക് ലഭിച്ചിട്ടില്ലെന്നും ഇടമലക്കുടിയിലെ മറ്റ് 5 പ്രവൃത്തികൾ പ്രതികൂല കാലാവസ്ഥകാരണം നേരിട്ട് പരിശോധിക്കുന്നതിന് കഴിഞ്ഞിട്ടില്ലെന്നും അറിയിച്ചിരിക്കുന്നു.

## നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

(37) ഇടുക്കി ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ പരിശോധനാ റിപ്പോർട്ട് പൂർണ്ണമല്ലെന്നും സമിതി നിർദ്ദേശം നടപ്പാക്കുന്നതിൽ ഡെപ്യൂട്ടി ഡയറക്ടർ വേണ്ടത്ര ശുഷ്ക്കാന്തി കാട്ടിയില്ലെന്നും സമിതി കരുതുന്നു. ഇക്കാര്യത്തിൽ ഡെപ്യൂട്ടി ഡയറക്ടറുടെ ഭാഗത്തുനിന്നുണ്ടായ അനാസ്ഥ ഗൗരവപൂർവ്വം വീക്ഷിക്കുന്നു. ഇടമലക്കുടിയിൽ നടത്തിയ പണികളുടെ ഭൗതിക പരിശോധന പഞ്ചായത്ത് ഡയറക്ടർ തലത്തിൽ നടത്തി 15 ദിവസത്തിനകം അതിന്റെ റിപ്പോർട്ട് സമിതിയ്ക്ക് ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## ജനകീയാസൂത്രണം

പദ്ധതി വിഹിതമായി 1997-98ൽ ലഭിച്ച 2,61,55,000 രൂപയിൽ 30-6-98 വരെയുള്ള പദ്ധതി വർഷത്തെ ചെലവ് 2,41,44,173 രൂപയാണ്. പദ്ധതി നിർവ്വഹണത്തിൽ കണ്ട ക്രമക്കേടുകൾ താഴെ ചേർക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

(എ) മുൻകൂർ നൽകിയത് ക്രമീകരിച്ചിട്ടില്ല.

15 മരാമത്തു പണികൾക്കായി 11,40,955 രൂപ മുൻകൂർ നൽകിയിട്ടുണ്ട്. മുൻകൂർ നൽകിയപ്പോൾ ആവശ്യമായ കരാറുകളിൽ ഏർപ്പെടാതിരുന്നതിനാൽ പണികൾ പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട കേസുകളിൽ നഷ്ടം ഈടാക്കാനായി നിയമനടപടികൾ സ്വീകരിക്കാൻ സാധ്യമാകുകയില്ല. അതുപോലെ തന്നെ 15 നിർദ്ദിഷ്ട മരാമത്തു പണികളും ഓഡിറ്റ് സമയം വരെ (7/99) പൂർത്തീകരിച്ചതായി കാണുന്നില്ല.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 1999-2000 ഖണ്ഡിക IV ]

(ഗ്രാമപഞ്ചായത്തിൽ നിന്നും മറുപടി ലഭിച്ചിട്ടില്ല.)

(38) 15 മരാമത്ത് പണികൾ പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് 15-6-2005 ലെ തെളിവെടുപ്പ് വേളയിൽ സമിതി ആരാഞ്ഞതിന്, 8 വർക്കുകൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും ഇത് ആഡിറ്റുകാരെ ബോദ്ധ്യപ്പെടുത്തിയിട്ടില്ലെന്നും മൂന്നാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. 15 മരാമത്ത് പണികൾക്കായി നൽകിയിരിക്കുന്നത് വലിയൊരു തുകയാണെന്നും ഇതിലുണ്ടായിട്ടുള്ള നഷ്ടം എങ്ങനെ ഈടാക്കുമെന്നും സമിതിയുടെ ചോദ്യത്തിന് ശരിയായ എഗ്രിമെന്റ് വയ്ക്കാതെയാണ് അഡ്വാൻസ് നൽകിയിട്ടുള്ളതെങ്കിൽ നഷ്ടപരിഹാരം ഈടാക്കുന്നതിന് നിയമപരമായ ബുദ്ധിമുട്ടുണ്ടെന്ന് പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ സമിതിയെ അറിയിച്ചു.

(39) മുൻകൂർ നൽകിയ പൊതുമരാമത്ത് പണികളിൽ എത്രയെണ്ണം പൂർത്തിയാക്കിയിട്ടുണ്ടെന്നുള്ള വിവരം ഇടുക്കി ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ സ്ഥലപരിശോധന നടത്തി സമിതിയ്ക്ക് വിശദമയ റിപ്പോർട്ട് നൽകണമെന്നും സമിതി ആവശ്യപ്പെട്ടിരുന്നു. പഞ്ചായത്ത് ഡയറക്ടറുടെ 3-3-2006-ലെ എച്ച്4-22788/05 നമ്പർ കത്തിൽ ആഡിറ്റ് പരാമർശം സംബന്ധിച്ച ഫയലുകൾ പരിശോധിക്കാൻ കഴിഞ്ഞിട്ടില്ലെന്നാണ് അറിയിച്ചിട്ടുള്ളത്.

## നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

(40) ഇടുക്കി ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ സ്ഥലം പരിശോധന നടത്തി സമിതിയ്ക്ക് റിപ്പോർട്ട് നൽകണമെന്ന സമിതി നിർദ്ദേശം നാളിതുവരെ നടപ്പാക്കിയിട്ടില്ല എന്നത് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്നുള്ള അനാസ്ഥയായി സമിതി കരുതുന്നു. ആയതിനാൽ ബന്ധപ്പെട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിക്കണമെന്നും ആവശ്യമായ എഗ്രിമെന്റ് വയ്ക്കാതെ അഡ്വാൻസ് നൽകിയതുമൂലം പഞ്ചായത്തിനുണ്ടായ സാമ്പത്തിക നഷ്ടം നികത്തുന്നതിന്, ഉത്തരവാദിയായ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ നടപടി സ്വീകരിച്ച് വിവരം സമിതിയെ അറിയിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

(ബി) സ്റ്റോർപർച്ചേസ് നിയമങ്ങൾ പാലിക്കാതെ നടത്തിയ വാങ്ങലുകൾ

ഓഡിറ്റ് ഖണ്ഡിക

**(1) തയ്യൽ മെഷീൻ വാങ്ങൽ-അപാകതകൾ**

വൗച്ചർ നമ്പർ 90-3/98, 37/6-98 എന്നിവ പ്രകാരം 8,61,550 രൂപ ചെലവു ചെയ്തു 311 എണ്ണം സിംഗർ സോവറിൻ തയ്യൽ മെഷീനുകളും കത്രികകളും മെസ്സേഴ്സ് എറണാകുളം സിംഗർ ഇൻഡ്യാ ലിമിറ്റഡിൽ നിന്നും വാങ്ങുകയുണ്ടായി. എന്നാൽ ആയതിലേക്ക് ക്ഷണിച്ച ക്വട്ടേഷൻ പ്രകാരം ഇതേ ബ്രാൻഡ് സാമഗ്രികൾക്ക് ലഭിച്ച ഏറ്റവും കുറഞ്ഞ നിരക്ക് 2609 രൂപ ആയിരുന്നു. അതുപ്രകാരം ആകെ നൽകേണ്ടിയിരുന്നത് 8,11,399 രൂപ മാത്രമായിരുന്നു. എന്നാൽ സ്വകാര്യ വ്യക്തി, ഏജൻസിയായി നൽകുന്ന സാധനങ്ങൾ ഗുണമേന്മ കുറഞ്ഞതും വിശ്വാസ്യത ഇല്ലാത്തതുമാണെന്നും എന്നാൽ നേരിട്ട് (കമ്പനി) നൽകുന്ന സാധനങ്ങൾ ഗുണമേന്മയുള്ളതും വിശ്വാസയോഗ്യവുമാണെന്നും കമ്മിറ്റിയ്ക്ക് ഉത്തമ ബോധ്യമുള്ളതിനാൽ കമ്മിറ്റി കുറഞ്ഞ നിരക്ക് നിരാകരിക്കുകയായിരുന്നു. ക്വട്ടേഷൻ ക്ഷണിച്ചതുതന്നെ സിംഗർ സോവറിൻ എന്ന ബ്രാന്റ് മെഷീൻ വാങ്ങാനായിരുന്നു എന്നതിനാൽ ഉത്തമവിശ്വാസം എന്ന വാക്കു തീരുമാനങ്ങളിൽ ചേർത്തു പഞ്ചായത്തിനു 50151 രൂപയുടെ അധികചെലവ് (8,61,550-2609 X 311) വരുത്തിവയ്ക്കുകയായിരുന്നു.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 1999-2000 ഖണ്ഡിക IV]

ആഡിറ്റ് പരാമർശത്തിന്മേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി :—

(41) "പത്ര പരസ്യം നൽകി ലഭിച്ച ക്വട്ടേഷനിലെ കൂടിയ നിരക്ക് നിയമപ്രകാരം അന്നത്തെ പഞ്ചായത്തു കമ്മിറ്റി അംഗീകരിച്ചിട്ടുള്ളതാണ്. എഴുതപ്പെട്ട നിയമത്തിലെ

ഗ്രാമപഞ്ചായത്തിന്റെ കാര്യകാരണസഹിതമുള്ള തീരുമാനത്തെ സംശയകരമായ രീതിയിൽ വ്യഖ്യാനിക്കുന്ന നടപടി ശരിയല്ല എന്ന ഇപ്പോഴത്തെ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം VIII 1/28/12/04 ഉണ്ടായിട്ടുള്ളതാണ്.''

(മൂന്നാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 6-6-2005 ലെ എ 406/05 നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

## നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

(42) പഞ്ചായത്ത് ഡയറക്ടറുടെ 6-3-2006 ലെ എച്ച് 4-24376/05 നമ്പർ കത്തിൽ, പരാമർശപ്രകാരമുള്ള നടപടികൾ അവസാനിപ്പിച്ചിട്ടുള്ളതായി അറിയിച്ചിരുന്നു. എന്നാൽ 16 തയ്യൽ മെഷീനുകൾ സ്റ്റോക്കിൽ ഇല്ലാതിരുന്നതിനാൽ അവയുടെ വില നഷ്ടമായി നിർണ്ണയിച്ചിരുന്നുവെന്നും ഭൗതിക പരിശോധനയിൽ തയ്യൽ മെഷീനുകൾ കണ്ടെത്തിയതിനാൽ തുക ഈടാക്കുന്നതിനുള്ള സർച്ചാർജ്ജ് നടപടി മാത്രമാണ് ഓഡിറ്റ് വകുപ്പിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതെന്നും ഓഡിറ്റ് തടസ്സം ഒഴിവാക്കിയിട്ടില്ലെന്നുമാണ് ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ (4-11-2006-ലെ എൽ.എഫ്.18250/സ്പെ.സെൽ. (ജി2)/2006 നമ്പർ കത്ത് പ്രകാരം) അറിയിച്ചത്. ആഡിറ്റ് തടസ്സം ഒഴിവാക്കിയിട്ടില്ലെന്ന് ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ സ്റ്റോർ പർച്ചേയ്സ് ചട്ടങ്ങൾ ലംഘിച്ചും കുറഞ്ഞ നിരക്കിലുള്ള ക്വട്ടേഷൻ ഒഴിവാക്കിയും 311 തയ്യൽ മെഷീനുകൾ വാങ്ങിയതിലൂടെ മൂന്നാർ ഗ്രാമപഞ്ചായത്തിനുണ്ടായ 50,151 രൂപയുടെ നഷ്ടം നടപടിക്രമങ്ങൾ പാലിക്കാതെ മെഷീനുകൾ വാങ്ങുന്നതിന് തീരുമാനമെടുത്ത ഗ്രാമപഞ്ചായത്ത് കമ്മിറ്റിയിൽ നിന്ന് ഈടാക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

**തെരുവ് വിളക്ക് സ്ഥാപിക്കൽ അപാകതകൾ**

40 വാട്ട്സ് സ്ട്രീറ്റ് ലൈറ്റ് ഫിറ്റിംഗുകൾ വാങ്ങുന്നതിന് ലഭിച്ച 4,43,445 രൂപയുടെ കുറഞ്ഞ ക്വട്ടേഷൻ നിരാകരിച്ചുകൊണ്ട് കൂടിയ നിരക്ക് ക്വോട്ടു ചെയ്ത ബജാജ് ഇലക്ട്രിക്കൽസിന്റെ ക്വട്ടേഷൻ സ്വീകരിച്ചു വൗച്ചർ നമ്പർ 74/698 പ്രകാരം 4,97,141 രൂപയുടെ ഫിറ്റിംഗ്സ് വാങ്ങിയ ഇനത്തിൽ 53,696 രൂപയുടെ നഷ്ടം ഉണ്ടായി.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 1999-2000 ഖണ്ഡിക IV 23 (b)]

ആഡിറ്റ് പരാമർശത്തിന്മേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി :—

(43) ''പത്ര പരസ്യം നൽകി ലഭിച്ച ക്വട്ടേഷനിലെ കൂടിയ നിരക്ക് നിയമപ്രകാരം പഞ്ചായത്തു കമ്മിറ്റി അംഗീകരിച്ചിട്ടുള്ളതാണ്. എഴുതപ്പെട്ട നിയമങ്ങൾക്കും, നിബന്ധനകൾക്കും വിധേയമായി അന്നത്തെ ഗ്രാമപഞ്ചായത്തു കമ്മിറ്റി എടുത്തു നടപ്പാക്കിയ തീരുമാനത്തെ സംശയത്തോടെ വ്യാഖ്യാനിച്ച നടപടി ശരിയല്ല എന്ന് 28-12-2006-ലെ VIII, 1-ാം നമ്പർ തീരുമാനം ഉണ്ടായിട്ടുള്ളതാണ്.''

(മൂന്നാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 6-6-2005-ലെ എ 406/05 നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

## നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

(44) പഞ്ചായത്ത് ഡയറക്ടറുടെ 6-03-2006-ലെ എച്ച് 4. 22788/05 നമ്പർ കത്തിൽ, മൂന്നാർ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 28-12-2004 ലെ 8(1)-ാം നമ്പർ തീരുമാനപ്രകാരം ഓഡിറ്റ് നടപടി തീർപ്പാക്കുന്നതിന് ഗവൺമെന്റിന്റെ അനുമതി തേടിയിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ഗവൺമെന്റിൽ നിന്ന് അപ്രൂവൽ വാങ്ങുന്നതിൽ അന്നത്തെ സെക്രട്ടറിയും പിന്നീട് വന്ന സെക്രട്ടറിമാരും തികഞ്ഞ അലംഭാവം കാട്ടിയതായി സമിതി കരുതുന്നു. ഗവൺമെന്റിൽ നിന്ന് സാധൂകരണം വാങ്ങുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തി സമിതിയ്ക്ക് റിപ്പോർട്ട് നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## കട്ടപ്പന ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**കാലിച്ചന്ത ലേലം-കരാറിൽ ഏർപ്പെടാതിരുന്നതിനാൽ നഷ്ടം**

1-4-1997 മുതൽ 31-3-1998 വരെയുള്ള കാലയളവിൽ കാലിച്ചന്തയിൽ നിന്നും ഫീസ് പിരിക്കുന്നതിനുള്ള അവകാശം 14-3-1997 ലെ ലേലത്തിൽ കൂടിയ തുകയായ 1,09,000 രൂപയ്ക്കു നൽകി. ലേല നിബന്ധനകൾ പ്രകാരം ഉള്ള കരാർ ഉടമ്പടി ലേലം അംഗീകരിച്ചു കഴിഞ്ഞ ഉടനെ എഴുതി രജിസ്റ്റർ ചെയ്യുകയും ലേലത്തുക മൂന്ന് തുല്യ ഗഡുക്കളായി ജൂലായ്, സെപ്റ്റംബർ, ഡിസംബർ എന്നീ മാസങ്ങളിലെ ഒന്നാം തീയതികളിലായി അടച്ചുതീർക്കേണ്ടതുമായിരുന്നു. എന്നാൽ പഞ്ചായത്തു അധികാരികളുടെ അനാസ്ഥമൂലം 18-12-1997-ൽ മാത്രമാണ് ലേലക്കാരനുമായി ഉടമ്പടി ഉണ്ടാക്കിയത്. ഈ സമയത്തിനുള്ളിൽ ലേലത്തുക മുഴുവനും വസൂലാക്കേണ്ട സമയം കഴിഞ്ഞിരുന്നു. ലേലം പിടിച്ചയാൾ 14-3-1997 മുതൽ 20-12-1997 വരെയുള്ള കാലയളവിൽ ആകെ 51,250 രൂപ മാത്രമാണ് അടച്ചത്. മുഴുവൻ തുകയും അടയ്ക്കേണ്ട സമയം കഴിഞ്ഞിരുന്നതിനാൽ 16-12-1997-ലെ നോട്ടീസ് പ്രകാരം മാർക്കറ്റിൽ നിന്നും ടോൾ പിരിക്കുന്നതിനുള്ള കരാറുകാരന്റെ അവകാശം നിരോധിക്കുകയും ചെയ്തു. തുടർന്ന് 29-12-1997-ൽ നടത്തിയ പുനർലേലത്തിൽ 31-3-1998 വരെയുള്ള അവശേഷ കാലയളവിൽ ടോൾ പിരിവിനുള്ള അവകാശം 40,200 രൂപയ്ക്ക് ലേലം ചെയ്ത് തുക ഈടാക്കുകയും ചെയ്തു. ഇതിനിടയിലുള്ള കാലയളവിൽ (20-12-1997 മുതൽ 26-12-1997 വരെ) പഞ്ചായത്ത് നേരിട്ട് 1902 രൂപ പിരിക്കുകയും ചെയ്തു. ആവശ്യമായ നിയമനടപടികൾ അവസരോചിതമായി സ്വീകരിക്കാതെയിരുന്നതിനാൽ പഞ്ചായത്തിന് ഈ ഇടപാടിൽ 15,648 രൂപയുടെ നഷ്ടം താഴെ വിവരിക്കും പ്രകാരം ഉണ്ടായി.

| | | |
|---|---|---|
| ചന്തയുടെ 1997-98 വർഷത്തെ ഫീസ് പിരിവ് | — | 1,09,000 രൂപ |
| അവകാശം ആദ്യം ലേലത്തിൽ ഉറപ്പിച്ച തുക | — | .. |
| ആദ്യ കരാറുകാരൻ അടച്ച തുക | — | 51,250 രൂപ |
| പഞ്ചായത്ത് നേരിട്ട് പിരിച്ച തുക | — | 1,902 രൂപ |

| | | |
|---|---|---|
| രണ്ടാമത്തെ കരാറുകാരൻ അടച്ച തുക | — | 40,200 രൂപ |
| ആകെ പിരിവ | — | 93,352 രൂപ |
| പഞ്ചായത്തിനുണ്ടായ നഷ്ടം | — | 15,648 രൂപ |

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 1999-2000 ഖണ്ഡിക IV 23 (b)]

ആഡിറ്റ് പരാമർശത്തിന്മേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി :—

(45) "നഷ്ടം വന്ന 15648 രൂപയിൽ 10000 രൂപ 14-3-2001-ൽ പഞ്ചായത്തു ഫണ്ടിൽ അടച്ചിട്ടുണ്ട്. ബാക്കി തുക 5,648 രൂപ അന്നത്തെ സെക്രട്ടറി ശ്രീ. പി. ജോൺസിന് നൽകിയ ലയബലിറ്റി സർട്ടിഫിക്കറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്."

(കട്ടപ്പന ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 2-6-2005-ലെ സി3-50/03 നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

(46) ലേലത്തുകയിൽ പഞ്ചായത്തിന് ബാക്കി കിട്ടാനുള്ള തുകയായ 15,648 രൂപ ഈടാക്കാൻ എന്ത് നടപടി സ്വീകരിച്ചുവെന്ന് 15-6-2005 ലെ തെളിവെടുപ്പ് വേളയിൽ സമിതി ആരാഞ്ഞു. അന്നത്തെ സെക്രട്ടറി ശ്രീ. പി. ജോൺസന് നൽകിയ ലയബിലിറ്റി സർട്ടിഫിക്കറ്റിൽ ഇത് ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ടിയാന്റെ പെൻഷൻ ആനുകൂല്യങ്ങളിൽ നിന്ന് തുക ഈടാക്കാനുള്ള നടപടി ഇടുക്കി ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിക്കേണ്ടതുണ്ടെന്നും കട്ടപ്പന ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. ശ്രീ. ജോൺസനെ ബാദ്ധ്യതയിൽ നിന്നും ഒഴിവാക്കികൊടുക്കണമെന്നഭ്യർത്ഥിച്ചുള്ള അപേക്ഷ ലഭിച്ചിട്ടുണ്ടെന്നും എന്നാൽ അതിന്മേൽ തീരുമാനമായിട്ടില്ലെന്നും ഇടുക്കി ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ സമിതിയെ അറിയിച്ചു.

## നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

(47) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അടിയന്തിര നടപടി സ്വീകരിച്ച് 15 ദിവസത്തിനുള്ളിൽ സമതിയ്ക്ക് റിപ്പോർട്ട് നൽകണമെന്ന നിർദ്ദേശം നടപ്പാക്കുന്നതിൽ പഞ്ചായത്ത് വകുപ്പ് ഗുരുതരമായ വീഴ്ച വരുത്തിയിരിക്കുന്നു. പഞ്ചായത്തിന് നഷ്ടം വരുത്തിയ ഉദ്യോഗസ്ഥനെ സംരക്ഷിക്കുന്ന നടപടിയാണ് പഞ്ചായത്തിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുള്ളതെന്ന് സമിതി സംശയിക്കുന്നു.

(48) ആയതിനാൽ സമിതി നിർദ്ദേശം പാലിക്കാതിരുന്ന ഇടുക്കി ജില്ലാപഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. ആർ. വിജയകുമാറിനെതിരെ വകുപ്പുതല നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. കൂടാതെ പഞ്ചായത്തിനുണ്ടായ നഷ്ടം ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി വിവരം സമിതിയെ അറിയിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

**മൈത്രീഭവന നിർമ്മാണ പദ്ധതി-അനുവദനീയമല്ലാത്ത ചെലവ്**

ഗ്രാമപഞ്ചായത്തിൽ നിന്നും 1-1-1998-ൽ മൈത്രീ ഭവന നിർമ്മാണ പദ്ധതിയ്ക്കായി 25 പേരുടെ ലിസ്റ്റ് ഭവന നിർമ്മാണ ബോർഡിന് നൽകിയിരുന്നു. എന്നാൽ 28-1-1998-ൽ ചെക്കു നം. 149702, 149703 എന്നിവ പ്രകാരം 26 പേരുടെ വിഹിതമായി 3,01,600 രൂപ അടയ്ക്കുകയുണ്ടായി. അധികമായി വന്ന ഗുണഭോക്താവിന്റെ പേര് വിവരം പിന്നീട് നൽകാമെന്ന് അറിയിക്കുകയായിരുന്നു. ഗ്രാമസഭയും പഞ്ചായത്തും അംഗീകരിക്കാതെ ഭാവിയിൽ തെരഞ്ഞെടു ക്കപ്പെട്ടേക്കാവുന്ന ഗൂണഭോക്താവിനുവേണ്ടി 11,600 രൂപ അടച്ച നടപടി ജനകീയാസൂത്രണ പദ്ധതി ലക്ഷ്യങ്ങൾക്കും മാർഗ്ഗ നിർദ്ദേശങ്ങൾക്കും സാമ്പത്തിക അച്ചടക്കത്തിനും നിരക്കാത്തതിനാൽ അംഗീകൃതമല്ല.

(ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 1999-2000 ഖണ്ഡിക IV)

(ഗ്രാമപഞ്ചായത്തിൽ നിന്നും മറുപടി ലഭിച്ചിട്ടില്ല.)

(49) അധികമായി അടച്ച തുക തിരിച്ചു പിടിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന സമിതിയുടെ 15-6-2005-ലെ തെളിവെടുപ്പു വേളയിലെ ചോദ്യത്തിന് ഇതേവരെ ഒരു നടപടിയും സ്വീകരിച്ചിട്ടില്ലെന്ന് കട്ടപ്പന ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്ന് തുക തിരിച്ചുപിടിക്കുന്നതിന് നാളിതുവരെ യാതൊരു നടപടിയും സ്വീകരിക്കാത്തത് ഇടുക്കി ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെയും അസിസ്റ്റന്റ് ഡയറക്ടറുടെയും ഭാഗത്തുനിന്നുള്ള വീഴ്ചയാണെന്നും ആഡിറ്റ് വകുപ്പിൽ നിന്ന് ലഭിക്കുന്ന കത്തുകളിന്മേൽ നടപടി സ്വീകരിക്കാത്ത ഇത്തരം എത്ര കേസുകളുണ്ടെന്ന് പരിശോധിക്കണമെന്നും സമിതി നിർദ്ദേശിച്ചിരുന്നു. ഇക്കാര്യത്തിൽ നടപടി സ്വീകരിക്കാതിരുന്ന ഉദ്യോഗസ്ഥരിൽ നിന്നും വിശദീകരണം ആരായുകയും ബന്ധപ്പെട്ട സെക്രട്ടറിയിൽ നിന്ന് തുക തിരിച്ചു പിടിയ്ക്കാൻ നടപടി സ്വീകരിക്കുകയും ചെയ്ത് ഒരാഴ്ചയ്ക്കകം സമിതിയ്ക്ക് റിപ്പോർട്ട് നൽകണമെന്നും സമിതി നിർദ്ദേശിച്ചിരുന്നു.

(50) സമിതിയുടെ നിർദ്ദേശ പ്രകാരം ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറിൽ നിന്ന് ലഭിച്ച 16-7-2005-ലെ പി3-425/05 നമ്പർ കത്തിൽ ആഡിറ്റ് പരാമർശത്തിനുത്തരവാദിയായിരുന്ന സെക്രട്ടറി ശ്രീ. റ്റി. എം. രാധാകൃഷ്ണൻ ഇപ്പോൾ എറണാകുളം ജില്ലയിലെ ചൂർണിക്കര പഞ്ചായത്ത് സെക്രട്ടറിയായി ജോലി നോക്കുകയാണെന്നും ടിയാനോട് 15 ദിവസത്തിനുള്ളിൽ തുക പഞ്ചായത്ത് ഫണ്ടിൽ അടയ്ക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ടെന്നും അല്ലാത്തപക്ഷം റവന്യൂ റിക്കവറി നടപടി സ്വീകരിക്കുന്നതാണെന്നും കാണിച്ച് രജിസ്റ്റേർഡ് നോട്ടീസ് അയച്ചിട്ടുണ്ടെന്നും ആഡിറ്റ് റിപ്പോർട്ട് ലഭിച്ചതിന് ശേഷം വന്ന 3 സെക്രട്ടറിമാരും ടി തുക ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ലെന്നും ടിയാൻമാർ മൂന്നുപേരും സർവ്വീസിൽ നിന്നും വിരമിയ്ക്കുകയും ചെയ്തതായും സമിതിയെ അറിയിച്ചിരിക്കുന്നു.

## നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

(51) ബന്ധപ്പെട്ട സെക്രട്ടറി ടി തുക തിരിച്ചടച്ചോ എന്ന വിവരം നാളിതുവരെ സമിതിയ്ക്ക് ലഭ്യമാക്കിയിട്ടില്ലാ എന്നത് പഞ്ചായത്ത് വകുപ്പിന്റെ കടുത്ത അനാസ്ഥയായി സമിതി കരുതുന്നു. തുക തിരിച്ചടതു സംബന്ധിച്ച വിശദാംശം അടിയന്തിരമായി സമിതിയെ അറിയിക്കുവാനും അല്ലാത്തപക്ഷം ബന്ധപ്പെട്ട ഡെപ്യൂട്ടി ഡയറക്ടർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കുവാനും സമിതി നിർദ്ദേശിക്കുന്നു.

## കോടിക്കുളം ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**ഏഴല്ലൂർ ഹരിജൻ കോളനി ശുദ്ധജല വിതരണ പദ്ധതി സാധനങ്ങൾ വാങ്ങിയതിൽ അപാകതകൾ**

ഈ പദ്ധതിപ്രകാരം 2.5 കി.മീ നീളത്തിൽ പൈപ്പു സ്ഥാപിക്കുന്നതിന് പദ്ധതി വിഹിതമായി 4 ലക്ഷം രൂപയും ഗുണഭോക്തൃ വിഹിതമായി 50,000 രൂപയും (മനുഷ്യാദ്ധ്വാനം) ചേർത്ത് മൊത്തം 4,50,000 രൂപ വകയിരുത്തിയിരിക്കുന്നു. ഇതിനായി തൊടുപുഴ ഇറിഗേഷൻ സബ്ഡിവിഷൻ അസിസ്റ്റന്റ് എക്സികൂട്ടീവ് എൻജിനിയർ തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം ചെലവ് 4,42,900 രൂപയായിരുന്നു.

തുടർന്ന് ഈ പദ്ധതിയ്ക്കാവശ്യമായ പൈപ്പുകൾ റെയ്ഡ്കോയിൽ നിന്നും വാങ്ങുന്നതിനു തീരുമാനിച്ചു. റെയ്ഡ്കോയിൽ നിന്നും 21-5-1998, 16-6-1998 എന്നീ തീയതികളിൽ ലഭിച്ച ഇൻവോയ്സുകൾ പ്രകാരം 10-6-1998, 19-6-1998 എന്നീ തീയതികളിലായി 5,63,933 രൂപ നൽകുകയുണ്ടായി.

എന്നാൽ 21-5-98-ലെ ഇൻവോയിസിൽ ഉൾപ്പെടുത്തിയിരുന്ന 900 മീറ്റർ 21/2 പി.വി.സി പൈപ്പു 10 കെ.ജി ഹൈകൗണ്ട് (വില 1,00,260 രൂപ) 21/2 റിഫ്ളെക്സ് വാൽവ് കിർലോസ്കർ 6 എണ്ണം (വില 9,480 രൂപ) എന്നീ 1,09,740 രൂപ വിലയുള്ള സാധനങ്ങൾ ലഭ്യമായിട്ടില്ല. ഈ പദ്ധതിയ്ക്കാവശ്യമായ ചെലവ് 4,42,900 രൂപയാണെന്ന് എസ്റ്റിമേറ്റിൽ കാണുന്നു. എന്നാൽ സാധനങ്ങളുടെ വിലയായി മാത്രം 5,63,933 രൂപ ചെലവായതിന്റെ കാരണം വ്യക്തമല്ല.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 1999-2000 ഖണ്ഡിക IV (a)]

ആഡിറ്റ് പരാമർശത്തിന്മേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി:—

(52) "Raidco തൊടുപുഴ ബ്രാഞ്ച് മാനേജരുടെ 14-9-2004 കത്ത് പ്രകാരം 21/2 ഇഞ്ച് PVC Pipe Hycount 900 മീറ്റർ ഡെലിവറി ചെല്ലാൻ 6405 തീയതി 10-12-1998 പ്രകാരവും 2 1/2 ഇഞ്ച് Reflex Valve 6 എണ്ണം ഡെലിവറി ചെല്ലാൻ 6420 തീയതി 23-12-1998 പ്രകാരവും പഞ്ചായത്തിന് നൽകിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട് . കോടിക്കുളം ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 28-5-1998-ലെ 1 (2)-ാം നമ്പർ തിരുമാന പ്രകാരം 4,00,000 രൂപയും 17-6-1998 ലെ നാലാം നമ്പർ തീരുമാനപ്രകാരം 1,91,040 രൂപയും (അപ്രകാരം ആകെ 4,00,000 + 1,91,040= 5,91,040 രൂപ) ശുദ്ധജലവിതരണ പദ്ധതിക്കായി പൈപ്പ് വാങ്ങുന്നതിന് റെയ്ഡ്കോയിൽ

നിക്ഷേപിക്കുന്നതിന് തീരുമാനമെടുത്ത് അംഗീകരിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം 10-6-1998 ൽ 3,73,933 രൂപയും 19-6-1998 ൽ 1,90,000 രൂപയും ഉൾപ്പെടെ ആകെ 5,63,933 രൂപ റെയ്ഡ്കോയിൽ നിക്ഷേപിച്ചു. പ്രസതുത പ്രവൃത്തിക്കുവേണ്ടി ഇൻസ്റ്റലേഷൻ ചാർജ്ജിനത്തിൽ 10,771 രൂപ ഒരു അർദ്ധ സർക്കാർ സ്ഥാപനമായ റെയ്ഡ്കോയ്ക്ക് നൽകിയിട്ടുണ്ട്. ടി തുക നൽകുന്നതിന് ഭരണസമിതിയുടെ തീരുമാനം മിനിട്ട്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല."

(കോടിക്കുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 4-6-05 ലെ എ2-20/05 നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

(53) പദ്ധതി ചെലവിനായി നിശ്ചയിച്ചിരുന്ന എസ്റ്റിമേറ്റ് തുകയേക്കാൾ കൂടുതൽ തുക ചെലവാക്കിയതിന്റെ കാരണം 15-6-2005-ലെ തെളിവെടുപ്പുവേളയിൽ സമിതി ആരാഞ്ഞു. കൂടുതൽ തുക ചെലവായതായി പഞ്ചായത്ത് കമ്മിറ്റിയ്ക്ക് ബോധ്യമാവുകയും അതിന്റെ അടിസ്ഥാനത്തിൽ കൂടുതൽ തുക കൊടുക്കാൻ കമ്മിറ്റി തീരുമാനിക്കുകയും ചെയ്തതിനാലാണ് കൂടുതൽ തുക കൊടുത്തതെന്ന് കോടിക്കുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അധിക ചുമതലയുള്ള ഹെഡ്ക്ലാർക്ക് ശ്രീ. എ.വി. ജോസഫ് സമിതിയെ അറിയിച്ചു.

(54) അധികം നൽകിയ തുകയ്ക്ക് സർക്കാരിൽ നിന്നും സാധൂകരണം വാങ്ങുകയോ അല്ലെങ്കിൽ ആത്മഹത്യ ചെയ്ത അന്നത്തെ സെക്രട്ടറിക്ക് നൽകാനുള്ള മരണാന്തര ആനുകൂല്യങ്ങളിൽ നിന്ന് നഷ്ടമായ തുക ഈടാക്കാതെ ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ടെങ്കിൽ അതിനുത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്ന് തുക ഈടാക്കുകയോ ചെയ്യാൻ ഇടുക്കി ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് സമിതി നിർദ്ദേശം നൽകിയിരുന്നു.

## നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

(55) ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിനെ ബോധ്യപ്പെടുത്തേണ്ട കാര്യങ്ങൾ അവരെ ബോധ്യപ്പെടുത്തുകയും ഗവൺമെന്റിൽ നിന്ന് സാധൂകരണം വാങ്ങുകയും ചെയ്തതിനുശേഷം സമിതിയ്ക്ക് റിപ്പോർട്ട് നൽകണമെന്ന് സമിതി ആവശ്യപ്പെട്ടിരുന്നു. എന്നാൽ നാളിതുവരെ ഇതു സംബന്ധിച്ച യാതൊരു റിപ്പോർട്ടും സമിതിക്ക് ലഭിച്ചിട്ടില്ല. ആയതിനാൽ സമിതി നിർദ്ദേശം പാലിക്കാതിരുന്ന പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

## അയ്യപ്പൻകോവിൽ ഗ്രാമപഞ്ചായത്ത്

ആഡിറ്റ് ഖണ്ഡിക

**ചെറുകിട ജലസേചന പദ്ധതി-വ്യാജമായി ഗുണഭോക്താക്കളെ ചേർത്തു**

അയ്യപ്പൻകോവിൽ ഗ്രാമപഞ്ചായത്തിൽ ചെറുകിട ജലസേചന പദ്ധതിപ്രകാരം ധനസഹായമായി 1000 രൂപ വീതം 4/98, 5/98 എന്നീ കാലയളവിൽ നൽകിയ ലിസ്റ്റിൽ ഉൾപ്പെട്ടിരുന്ന ക്രമനമ്പർ 10, 22, 21, 19, 18, 17, 16, 14, 87 എന്നീ 9 ഗുണഭോക്താക്കൾ ഗ്രാമസഭ അംഗീകരിച്ച ലിസ്റ്റിൽ ഉൾപ്പെടാത്തവരായിരുന്നു. ഇതിൽ തന്നെ 5-ാം വാർഡിൽ കൂടിയ ഗ്രാമസഭയിൽ പമ്പു സെറ്റ് ധനസഹായത്തിന് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതായി കാണുന്നില്ല. ആയതിനാൽ ഈ വാർഡിൽ നിന്നും ഗ്രാമസഭ

തെരഞ്ഞെടുത്തതായി കാണിച്ച ക്രമനമ്പർ 18, 17, 5 എന്നിവ വ്യാജമായി ചേർത്തതാണ്. ഇത് പദ്ധതി നടത്തിപ്പിന്റെ മാനദണ്ഡങ്ങളുടെ ലംഘനമാണ്.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 1999–2000 ഖണ്ഡിക IV(a)]

ആഡിറ്റ് പരാമർശത്തിന്മേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി :—

(56) "ഡെപ്യൂട്ടി ഡയറക്ടർ ഓഫ് ലോക്കൽ ഫണ്ട് ആഡിറ്റ്, ഇടുക്കിയ്ക്ക് ആഡിറ്റ് റിപ്പോർട്ടിനുള്ള പ്രഥമ മറുപടി നൽകിയിട്ടുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ആഫീസർക്ക് ആഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന അപാകതകൾ പരിഹരിക്കണമെന്ന് അറിയിച്ചുകൊണ്ട് രജിസ്റ്റേർഡ് കത്ത് ഈ ആഫീസിൽ നിന്നും 5-8-2000-ത്തിൽ നൽകിയിട്ടുണ്ട്."

(അയ്യപ്പൻകോവിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 6-6-2005 ലെ എ1-281/2000 നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

(57) ആഡിറ്റ് ഒബ്ജക്ഷൻ കൃഷി ഓഫീസറെ അറിയിച്ചില്ലേ എന്ന് 15-6-2005-ലെ തെളിവെടുപ്പു വേളയിൽ സമിതി ആരാഞ്ഞതിന് സ്ഥലം മാറിപോയിരുന്നതിനാൽ ആഡിറ്റ് പരാമർശത്തെക്കുറിച്ച് അറിഞ്ഞിരുന്നില്ലെന്നും മിനിറ്റ്സിൽ ഉൾപ്പെടുത്തിയിരുന്നില്ലെങ്കിലും പഞ്ചായത്ത് പ്രസിഡന്റ് നൽകിയ ലിസ്റ്റിൽ ഉൾപ്പെട്ടവർക്കാണ് ധനസഹായം നൽകിയതെന്നും ഗ്രാമസഭ തെരഞ്ഞെടുത്ത ലിസ്റ്റിൽ ഇവർ ഉൾപ്പെട്ടിരുന്നില്ലെന്ന വിവരം അറിയില്ലായിരുന്നുവെന്നും അയ്യപ്പൻകോവിൽ ഗ്രാമപഞ്ചായത്തിലെ കൃഷി ഓഫീസർ സമിതിയെ അറിയിച്ചു. പഞ്ചായത്ത് പ്രസിഡന്റ് നൽകിയ ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ് ധനസഹായം വിതരണം ചെയ്തിട്ടുള്ളതെന്നതിനാൽ ഇക്കാര്യത്തിൽ സർക്കാരിന്റെ സാധൂകരണം വാങ്ങണമെന്ന് സമിതി നിർദ്ദേശിച്ചിരുന്നു.

(58) പഞ്ചായത്ത് ഡയറക്ടറുടെ 6-3-2006-ലെ എച്ച് 4-23511/05 നമ്പർ കത്തിൽ, ആഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സാധൂകരണത്തിനായി സർക്കാരിന് സമർപ്പിച്ചിട്ടുണ്ടെന്നറിയിച്ചിരുന്നു.

## നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

(59) സർക്കാരിന്റെ സാധൂകരണം വാങ്ങണമെന്ന സമിതി നിർദ്ദേശം നടപ്പാക്കുന്നതിൽ പഞ്ചായത്തിന്റെ ഭാഗത്തുനിന്ന് വളരെയധികം കാലതാമസമുണ്ടായതായി സമിതി ചൂണ്ടിക്കാണിക്കുന്നു. സർക്കാരിൽ നിന്നും അടിയന്തിരമായി സാധൂകരണം വാങ്ങി സമിതിയെ വിവരം അറിയിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

**പുതിയ വ്യവസായ യൂണിറ്റിനുള്ള ധനസഹായം, നിലവിലുള്ളതിന് നൽകി**

പുതുതായി ആരംഭിക്കുന്ന വ്യവസായ യൂണിറ്റുകൾക്ക് 10,000 രൂപ വീതം ധനസഹായം നൽകാനായി 1997 ഒക്ടോബറിൽ തുടങ്ങിയ പദ്ധതിയിൽപ്പെടുത്തി

എസ്സ്.എസ്സ്.ഐ. രജിസ്ട്രേഷനോടെ 1-1-1995 മുതൽ പ്രവർത്തിച്ചുവരുന്ന പി. സി. സൂര്യ ബ്രിക്സ് എന്ന സ്ഥാപനത്തിനു ചെക്ക് നമ്പർ 137924, 29-4-1999 പ്രകാരം 10,000 രൂപ ധനസഹായം നൽകിയതു അനുവദനീയമല്ല.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 1999-2000 ഖണ്ഡിക IV (b) ]

ആഡിറ്റ് പരാമർശത്തിന്മേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി :—

(60) "തടസ്സവാദം നീക്കുന്നതിനുവേണ്ടി 25-1-2001-ലെ V/3 നമ്പർ തീരുമാന പ്രകാരം അപേക്ഷിച്ചിരുന്നു."

(അയ്യപ്പൻകോവിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 6-6-2005-ലെ എ1-281/2000 നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

(61) പുതിയ വ്യവസായ യൂണിറ്റുകൾക്ക് നൽകേണ്ട ധനസഹായം നിലവിലുള്ള യൂണിറ്റിന് നൽകിയതിന്റെ കാരണം 15-6-2005 ലെ തെളിവെടുപ്പ് വേളയിൽ സമിതി ആരാഞ്ഞു. പുതിയ യൂണിറ്റുകൾക്കാണ് ധനസഹായം നൽകേണ്ടതെന്നും എന്നാൽ നിലവിലുളള യൂണിറ്റിന് നൽകിയത് അംഗീകരിച്ചുകൊണ്ട് കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ടെന്നും അയ്യപ്പൻകോവിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. ധനസഹായം അർഹതയില്ലാത്ത നിലവിലുളള ഒരു വ്യവസായ യൂണിറ്റിന് നൽകിയിരിക്കുന്നതിനാൽ ഒന്നുകിൽ അവരിൽ നിന്ന് തുക തിരിച്ചു പിടിക്കുകയോ അല്ലാത്തപക്ഷം തുക അനുവദിച്ചു നൽകിയതിന് ഉത്തരവാദികളായവരിൽ നിന്ന് ഈടാക്കുകയോ അതുമല്ലെങ്കിൽ നിലവിലുള്ള യൂണിറ്റിന് തുക നൽകിയതിന് പ്രത്യേക കാരണം വല്ലതുമുണ്ടെങ്കിൽ അക്കാര്യം ബോദ്ധ്യപ്പെടുത്തി സർക്കാർ അനുവാദം വാങ്ങാൻ നടപടി സ്വീകരിക്കുകയോ ചെയ്യണമെന്ന് സമിതി നിർദ്ദേശിച്ചിരുന്നു. ഇക്കാര്യത്തിൽ നടപടി സ്വീകരിച്ച് രണ്ട് മാസത്തിനകം സമിതിയ്ക്ക് റിപ്പോർട്ട് നൽകാമെന്ന് പഞ്ചായത്ത് സെക്രട്ടറി ഉറപ്പു നൽകിയിരുന്നതുമാണ്.

## നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

(62) തെളിവെടുപ്പു യോഗത്തിൽ സമിതിയ്ക്ക് നൽകിയ ഉറപ്പു പാലിക്കുന്നതിനോ ഇത് സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിനോ പഞ്ചായത്ത് അധികൃതരുടെ ഭാഗത്തു നിന്നും യാതൊരു നടപടിയും ഉണ്ടായിട്ടില്ല എന്നത് വളരെ ഗൗരവമുള്ള സംഗതിയായി സമിതി കരുതുന്നു. സമിതി നിർദ്ദേശം നടപ്പാക്കുന്നതിൽ വീഴ്ച വരുത്തിയ പഞ്ചായത്ത് സെക്രട്ടറിയ്ക്കെതിരെ അടിയന്തിര നടപടി സ്വീകരിക്കണമെന്നും ആയത് സമിതിയെ അറിയിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

## പള്ളിവാസൽ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**ഉപാധിരഹിത ഫണ്ട് ഉപയോഗിച്ചുള്ള മരാമത്ത് പണികൾക്ക് ക്രമരഹിതമായി പണം ചെലവഴിച്ചു**

പഞ്ചായത്തിൽ ഉപാധിരഹിത ഫണ്ട് ഉപയോഗിച്ചുള്ള മരാമത്ത് പണികളിൽ മസ്റ്റർറോളുകൾ, സാധനങ്ങൾ വാങ്ങിയതിന്റെ രസീതുകൾ, സ്റ്റോക്ക് /ഇഷ്യൂ എന്നിവ

കാണിക്കുന്ന രജിസ്റ്റർ എന്നിവ ലഭ്യമല്ല. സാധനങ്ങൾ സപ്ലൈ ചെയ്തവർക്ക് ചെക്ക് നൽകുന്നതിനു പകരം സെൽഫ് ചെക്കെഴുതിയാണ് സെക്രട്ടറി പണം ചെലവഴിച്ചിരിക്കുന്നത്.

മരാമത്ത് പണികൾക്ക് യാതൊരു മാനദണ്ഡവുമില്ലാതെ അഡ്വാൻസ് നൽകിയ ശേഷം പണികൾ തുടങ്ങാതെയും മറ്റു ചിലതു പൂർത്തീകരിക്കാതെയും കിടക്കുന്നതായി വിശദീകരിക്കപ്പെട്ടു. ഇപ്രകാരം ചെലവഴിച്ച തുകകളെ സംബന്ധിച്ച് വിനിയോഗം നിർണ്ണയിക്കുന്നതിനു ആവശ്യമായ രേഖകൾ നൽകാത്ത പ്രവൃത്തികളുടെ വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് അടങ്കൽ തുക | ചെലവഴിച്ച തുക രൂപ | റിമാർക്സ് |
|---|---|---|---|
| (1) | (2) | (3) | (4) |
| 1. | കുഞ്ചിത്തണ്ണിയിൽ ചെക്ക് ഡാം-13,400 | 13,000 | വൗച്ചറുകൾ സ്വന്തം പേരിലാണ് സെക്രട്ടറി എഴുതിയിരിക്കുന്നത്. |
| 2 | കമ്പിലൈൻ ഭാഗത്ത് അംഗൻവാടി കെട്ടിടം-1,10,000 | 1,10,620 | അടങ്കൽ മാത്രമേ ഹാജരാക്കിയിട്ടുള്ളൂ. |
| 3 | കമ്പിലൈൻ കണിയാംപാറ റോഡ് സൈഡ് കെട്ടൽ-75,000 | 75,000 | അടങ്കൽ മാത്രമേ ഹാജരാക്കിയിട്ടുള്ളൂ. |
| 4 | പോതുമേട് കോളനി റോഡ് സൈഡ് കെട്ടൽ-15,000 | 15,000 | അടങ്കൽ മാത്രമേ ഹാജരാക്കിയിട്ടുള്ളൂ. |
| 5 | ലക്ഷ്മി കോളനി അംഗൻവാടി കെട്ടിടം-1,10,000 | 1,10,962 | പണി തീർന്നതായി എഴുതിയിരിക്കുന്നു. അടങ്കൽ മാത്രമേ ഹാജരാക്കിയിട്ടുള്ളൂ. |
| 6 | കുഞ്ചിത്തണ്ണി ടൗണിൽ മൂത്രപ്പുര- | 38,000 | ഈ പണി നടന്നില്ലെന്നു വിശദീകരിക്കപ്പെട്ടു. തുക 5 ഗഡുക്കളായി 6/97 മുതൽ 9/97 വരെയുള്ള കാലയളവിൽ മെമ്പറുടെ ശുപാർശയോടെ ഒരു വ്യക്തിയുടെ പേരിൽ എഴുതി ചെലവിട്ടിരിക്കയാണ്. |
| 7 | പാറച്ചെരുവ് ഭാഗത്തിന് കുടിവെള്ളം എത്തിക്കൽ-50,000 | 49,700 | ക്വട്ടേഷൻ വിളിച്ചിട്ടില്ല. |

| (1) | (2) | (3) | (4) |
|---|---|---|---|
| 8 | കുഞ്ചിത്തണ്ണി സ്കൂൾ മുതിരപുഴ റോഡ് പണി-32,000 | 25,000 | സ്വന്തം പേരിൽ ചെക്കുകൾ എഴുതിയിരിക്കുന്നു. മറ്റു വിശദീകരണമൊന്നുമില്ല. |
| 9 | കല്ലൽ ബ്രിഡ്ജ് കല്ലാർ വാലി റോഡ് ഫുട്പാത്ത 73,005 | 58,000 | സ്വന്തം പേരിൽ ചെക്കുകൾ എഴുതിയിരിക്കുന്നു. മറ്റു വിശദീകരണമൊന്നുമില്ല. |
| 10 | രണ്ടാം മൈലിൽ ടാങ്ക് നിർമ്മാണം 3 പൈപ്പു ലൈനുകളുടെ അറ്റകുറ്റപണികൾ | 28,761 | 30-4-1997-ലെ 14-ാം നമ്പർ പഞ്ചായത്ത് തീരുമാന പ്രകാരം പഞ്ചായത്ത് ഓഫീസിൽ കുടിവെള്ളം എത്തിക്കാൻ ഒരു ചെക്ക് ഡാം കെട്ടാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരുന്നു. സെക്രട്ടറി ഇതിനോടൊപ്പം 3 പൈപ്പുലൈൻ അറ്റകുറ്റ പണിയും ഒരു വാട്ടർ ടാങ്ക് അറ്റകുറ്റപണിയും തന്നിഷ്ട പ്രകാരം നടത്തിയിരുന്നു. ചെലവിനങ്ങൾ താഴെപറയുന്നവൗച്ചർ പ്രകാരം നൽകിയതാണ് |

17-6-97 8,000 രൂപ ശ്രീ.വി.എ.തോമസ്, മുൻകൂർ 22-6-1997 16,761 രൂപ ശ്രീ. വി. എ. ഷാജിക്ക് നൽകിയത്. ഇതിൽ 1-ഉം 2-ഉം വൗച്ചറുകൾ പ്രസിഡന്റ് ഒപ്പിട്ടില്ല. ഒന്നാമത്തെ വൗച്ചർ പ്രകാരമുള്ള തുക സെക്രട്ടറി സ്വന്തം പേരിൽ എടുത്തിരിക്കുകയാണ്.

ഈ പണികളുടെ മൂല്യനിർണ്ണയം നടത്തി അധികമായി ചെലവാക്കപ്പെട്ട തുക ഈടാക്കാൻ സമഗ്രമായ അന്വേഷണം ആവശ്യമാണ്.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 1999-2000, ഖണ്ഡിക-IV]

<u>ആഡിറ്റ് പരാമർശത്തിന്മേൽ പഞ്ചായത്തിന്റെ മറുപടി :—</u>

(63) "1997-98 വർഷത്തെ ആഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 33-ൽ 7-ാം നമ്പർ വേല സംബന്ധിച്ചുള്ള ഫയലുകൾ വിജിലൻസ് കേസ്സുമായി ബന്ധപ്പെട്ട് വിജിലൻസ് കസ്റ്റഡിയിലാണ്."

(64) പ്രസ്തുത ഖണ്ഡികയിൽ പറഞ്ഞിട്ടുള്ള ഉത്തരവാദിയായ സെക്രട്ടറി ശ്രീ. കെ. വി. ആന്റണി വേറൊരു വിജിലൻസ് കേസിൽ ജയിൽ ശിക്ഷ വിധിച്ചതുമായി ബന്ധപ്പെട്ട് തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. തുടർ നടപടികൾ ഉടനടി സ്വീകരിക്കുന്നതാണ്.

[പള്ളിവാസൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 2-6-2005-ലെ എ-289/2000 നമ്പർ കത്ത് പ്രകാരം ലഭിച്ചത്]

(65) തുക ഈടാക്കുന്നതിന് എന്തു നടപടി സ്വീകരിച്ചു എന്ന് തെളിവെടുപ്പു വേളയിൽ സമിതി ആരാഞ്ഞു. ക്രമരഹിതമായി പണം ചെലവഴിച്ചതിനുത്തരവാദിയായ സെക്രട്ടറി ശ്രീ. കെ. വി. ആന്റണി ജയിൽ ശിക്ഷ കഴിഞ്ഞ് പുറത്തുവന്നുവെന്നും റിട്ടയർ ചെയ്തു എന്നും ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ താൽക്കാലിക പെൻഷൻ മാത്രമേ നൽകിയിട്ടുള്ളൂ എന്നും പള്ളിവാസൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. ഇക്കാര്യം വിജിലൻസ് അന്വേഷണത്തിലായതുകൊണ്ടും ഫയലുകൾ വിജിലൻസിന്റെ കൈവശമായതിനാലും നഷ്ടമായ തുക ഈടാക്കാൻ മറ്റു നടപടികളൊന്നും സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ലെന്ന് സെക്രട്ടറി അറിയിച്ചു. ഇതുമായി ബന്ധപ്പെട്ട വിജിലൻസ് കേസ് എത്രയും പെട്ടെന്ന് പൂർത്തിയാക്കാൻ പഞ്ചായത്ത് ഡയറക്ടർ വിജിലൻസ് ഡയറക്ടറോട് ആവശ്യപ്പെടണമെന്ന് കമ്മിറ്റി നിർദ്ദേശിച്ചിരുന്നു. പഞ്ചായത്ത് ഡയറക്ടറുടെ 8-3-2006-ലെ 25430/05 നമ്പർ കത്തിൽ വിജിലൻസ് അധികൃതരോട് ഫയലുകൾ തിരികെ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് കത്തയച്ചതായി അറിയിച്ചിരുന്നു.

## നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

(66) ആഡിറ്റ് പരാമർശങ്ങളിന്മേൽ അടിയന്തിര നടപടി സ്വീകരിക്കുന്നതിലേയ്ക്ക് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ തലത്തിൽ ആഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിക്കണമെന്ന സമിതിയുടെ ശുപാർശ സംബന്ധിച്ച് സ്വീകരിച്ച നടപടികൾ ഇതുവരെ കമ്മിറ്റിയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് സ്വീകരിച്ച നടപടികൾ കമ്മിറ്റിക്ക് ലഭ്യമാക്കണമെന്നും വിജിലൻസ് കേസ് തീർപ്പാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തണമെന്നും കമ്മിറ്റി നിർദ്ദേശിക്കുന്നു.

## വെള്ളിയാമറ്റം ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**അലോട്ട്മെന്റ് തുക നഷ്ടപ്പെടുത്തി**

ഇടുക്കി ജില്ലാ മെഡിക്കൽ ഓഫീസറുടെ (ഹെൽത്ത്) 7-3-1998-ലെ ബി-1/8124/97-ാം നമ്പർ അലോട്ടുമെന്റ് ലെറ്റർ പ്രകാരം പഞ്ചായത്തിന് 1,00,000 രൂപ 2225-02-800-64 റ്റി.എസ്.പി. എന്നശീർഷകത്തിൽ അനുവദിച്ചിട്ടുള്ളതായി കാണുന്നു. ഈ തുക പഞ്ചായത്തിന്റെ പി.ഡി.അക്കൗണ്ടിൽ വരവുവച്ചു കിട്ടുന്നതിനുള്ള ബിൽ 16-3-1998-നു സമർപ്പിക്കുകയും ശീർഷകം ശരിയല്ല എന്ന കാരണത്താൽ ട്രഷറി 17-3-1998-നു മടക്കുകയും ചെയ്തു. തുടർന്നു 31-3-1998-ലെ കത്തു പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസർക്ക് അലോട്ടുമെന്റ് ലെറ്റർ മടക്കി നൽകുകയും അതേ ദിവസം തന്നെ വീണ്ടും ട്രഷറിയിൽ വരവ് വെയ്ക്കുന്നതിനായി സമർപ്പിച്ചതായും കാണുന്നു. എന്നാൽ ട്രഷറിയാകട്ടെ വീണ്ടും ശീർഷകം ശരിയല്ലെന്ന കാരണത്താൽ മടക്കി നൽകുകയാണ് ചെയ്തത്. ഇപ്രകാരം 17-3-1998-നു ട്രഷറി അറിയിച്ച തടസ്സം നിശ്ചിത സമയത്തിനുള്ളിൽ ദൂരീകരിക്കാൻ ശ്രമിക്കാതെ 30-3-98 വരെയുള്ള സമയം നഷ്ടപ്പെടുത്തിയതിനാൽ പഞ്ചായത്തിനു 1,00,000 രൂപയുടെ നഷ്ടം സംഭവിച്ചു.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 1999-2000, ഖണ്ഡിക-IV]

ആഡിറ്റ് പരാമർശത്തിന്മേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി :—

(67) "മാർച്ച് 31-ാം തീയതി കഴിഞ്ഞതിനാൽ അലോട്ടുമെന്റ് ടി.സി. ചെയ്യാതെ ട്രഷറിയിൽ തിരികെ ലഭിച്ചു. ആയത് ആരോഗ്യ വകുപ്പിന് തിരിച്ചയച്ചു."

[വെള്ളിയാമറ്റം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 6-6-2005-ലെ ജി-155/2005 നമ്പർ കത്ത് പ്രകാരം ലഭിച്ചത്]

(68) ട്രഷറിയിൽ നിന്നും മടക്കിയയച്ച ബില്ലിലെ തടസ്സം നിശ്ചിത സമയത്തിനു ളളിൽ ദൂരീകരിക്കാത്ത അന്നത്തെ പഞ്ചായത്ത് സെക്രട്ടറിയുടെ അനാസ്ഥ കമ്മിറ്റി ചൂണ്ടിക്കാട്ടി. ആ കാലയളവിലെ സെക്രട്ടറി റിട്ടയർ ചെയ്തതായി നിലവിലുള്ള സെക്രട്ടറി കമ്മിറ്റിയെ ബോധിപ്പിച്ചു.

## നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

(69) ട്രഷറിയിൽ നിന്ന് ഒബ്ജക്ട് ചെയ്ത ബിൽ ക്ലിയർ ചെയ്യാനുണ്ടായ താമസം ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറിയുടെ ഭാഗത്തുനിന്നുണ്ടായ നിരുത്തരവാദപരമായ വീഴ്ചയാണെന്നു കമ്മിറ്റി കരുതുന്നു. ഇത്തരം വീഴ്ചകൾ ഉണ്ടാകാതിരിക്കാൻ പഞ്ചായത്ത് വകുപ്പ് മേലിൽ ശ്രദ്ധിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. ലാപ്സായ തുക തിരിച്ചുകിട്ടിയതായി വെള്ളിയാമറ്റം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി അറിയിച്ച സാഹചര്യത്തിൽ ഈ വിഷയത്തിന്മേലുള്ള നടപടികൾ അവസാനിപ്പിക്കാവുന്നതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

**സാധനസാമഗ്രികളുടെ വില അധികം നൽകി**

കൂവക്കണ്ടം വലിയതോട് റോഡ് അറ്റകുറ്റ പണികൾക്കുവേണ്ടി (ഉപാധിരഹിത ഫണ്ട്) നിർമ്മാണ സാധനങ്ങളുടെ വിലയായി അംഗീകരിച്ച ക്വട്ടേഷൻ പ്രകാരം കരാറു കാരനു നൽകേണ്ടിയിരുന്ന രൂപ താഴെ വിവരിക്കും പ്രകാരമുള്ള 38,125 രൂപയ്ക്ക് പകരം വൗച്ചർ 30/3-98 പ്രകാരം 43,000 രൂപയാണ് നൽകിയത്.

| സാമഗ്രികൾ | അളവ് | ക്വട്ടേഷൻ പ്രകാരം റേറ്റ് രൂപ | നൽകേണ്ട തുക രൂപ |
|---|---|---|---|
| റബിൾ | 110 എം3 | 200/എം3 | 22.000 |
| മണൽ | 30 എം3 | 250/എം3 | 7500 |
| മെറ്റൽ(20 എം3) | 15 എം3 | 575/എം3 | 8625 |
| | | ആകെ | 38125 |

അധികരിച്ച തുക നൽകിയതിനാൽ 4,875 രൂപയുടെ (43000-38125) നഷ്ടം പഞ്ചാ യത്തിനുണ്ടായി.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 1999-2000, ഖണ്ഡിക-IV]

ആഡിറ്റ് പരാമർശത്തിന്മേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി :—

(70) "എൽ.എഫ്.എ. ഇടുക്കിയുടെ 5-2-2001-ലെ കത്ത് പ്രകാരം തടസ്സം ഒഴിവാക്കി യിട്ടുണ്ട്."

എൽ.എഫ്.എ - 7/11301 തീയതി 5-2-2001

[വെള്ളിയാമറ്റം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 6-6-05-ലെ ജി-155/2005 നമ്പർ കത്ത് പ്രകാരം ലഭിച്ചത്]

## നിഗമനങ്ങൾ/ശുപാർശകൾ

(71) ലോക്കൽ ഫണ്ട് ഡയറക്ടർ തടസ്സം ഒഴിവാക്കിയത് കമ്മിറ്റി അംഗീകരിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

**അനുവദനീയമല്ലാത്ത ഹിൽട്രാക്ട് അലവൻസ് നൽകി**

ഇടുക്കി ജില്ലയിലെ 1-ാം ക്ലാസ് മലംപ്രദേശത്തിന് (ഹിൽട്രാക്ട്) പുറത്താണ് വെള്ളിയാമറ്റം ഗ്രാമപഞ്ചായത്ത് ഓഫീസ് സ്ഥിതി ചെയ്യുന്ന പന്നിമറ്റം കവല. അതിനാൽ പഞ്ചായത്ത് ജീവനക്കാർക്ക് ഹിൽട്രാക്ട് അലവൻസ് ആയി 34,908 രൂപ നൽകിയിരിക്കുന്നത് നിയമവിരുദ്ധമാണ്.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2000-2001, ഖണ്ഡിക-IV, 37]

ആഡിറ്റ് പരാമർശത്തിന്മേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി :—

(72) "34,908 രൂപയിൽ 21,865 രൂപ തിരിച്ചടച്ചു. ബാക്കി 13,043 രൂപ ഈടാക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു."

[വെള്ളിയാമറ്റം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 6-6-2005-ലെ ജി-155/2005 നമ്പർ കത്ത് പ്രകാരം ലഭിച്ചത്]

(73) ഈടാക്കാൻ ബാക്കിയുണ്ടായിരുന്ന 13,043 രൂപ ഈടാക്കിയോ എന്ന് തെളിവെടുപ്പുവേളയിൽ കമ്മിറ്റി ആരാഞ്ഞു. ബാക്കി നിൽക്കുന്ന 13,043 രൂപ തിരിച്ചുപിടിക്കാനുള്ള നടപടി തുടരുകയാണെന്നും റിട്ടയർ ചെയ്തവരുടേതെല്ലാം തിരിച്ചുപിടിച്ചിട്ടുണ്ടെന്നും വെള്ളിയാമറ്റം ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. ബാക്കി നിൽക്കുന്ന തുക കൃത്യമായ മാസതവണകളായി തിരിച്ചു പിടിക്കുന്നതിന് നടപടി സ്വീകരിച്ച് ഇടുക്കി ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് നൽകണമെന്ന് കമ്മിറ്റി നിർദ്ദേശിച്ചു.

(74) പഞ്ചായത്ത് ഡയറക്ടറുടെ 8-3-2006-ലെ എച്ച്. 4.23509/05 നമ്പർ കത്തിൽ 13,043 രൂപയിൽ 1796 രൂപ തിരിച്ചടച്ചതായും ശേഷിക്കുന്ന 11,247 രൂപ തിരികെ പിടിക്കാനുള്ള നടപടി തുടരുന്നതായും അറിയിച്ചിരിക്കുന്നു.

## നിഗമനങ്ങൾ/ശുപാർശകൾ

(75) ഇനിയും തിരിച്ചുപിടിക്കാനുള്ള തുക അടിയന്തിരമായി തിരിച്ചുപിടിച്ചു റിപ്പോർട്ട് നൽകണമെന്ന് കമ്മിറ്റി നിർദ്ദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

**മണൽവാരൽ അവകാശം-ലേല തുകയിൽ ഇളവ് നൽകിയത് നിയമവിരുദ്ധം**

നാട്ടുകാർ അനധികൃതമായി മണ്ണു വാരിയതിനാൽ നഷ്ടം സംഭവിച്ചു എന്നുള്ള ലേലക്കാരന്റെ പരാതിയിന്മേൽ നഷ്ടപരിഹാരമായി 10,000 രൂപ തിരിച്ചു നൽകിയതായി കാണുന്നു. ഇത് നിയമവിധേയം അല്ല. പ്രകൃതിക്ഷോഭം പോലുള്ള ആകസ്മിക സംഭവങ്ങൾമൂലമുള്ള നഷ്ടമെന്നു തെളിഞ്ഞാൽ മാത്രമേ ആനുപാതികമായ ഇളവിന് അർഹതയുള്ളൂ. ഈ സാഹചര്യത്തിൽ ഇളവ് അനുവദിച്ചത് ചട്ടങ്ങൾക്ക് വിരുദ്ധമായ തിനാൽ തിരിച്ചു നൽകിയ 10,000 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2001-2002, ഖണ്ഡിക-V,6,1]

ആഡിറ്റ് പരാമർശത്തിന്മേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി :—

(76) "തുക തിരിച്ചു അടച്ചു രസീത് നമ്പർ 52372/44 തീയതി 3-6-2005."

[വെള്ളിയാമറ്റം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 6-6-2005-ലെ ജി-155/2005 നമ്പർ കത്ത് പ്രകാരം ലഭിച്ചത്]

## നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

(77) ഈ വിഷയത്തിന്മേൽ തുടർ നടപടികൾ അവസാനിപ്പിക്കാവുന്നതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## വാഴത്തോപ്പ് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക 1. അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയതിനതീതമായി പൊതുമരാമത്ത് പണിക്ക് ചെലവാക്കിയ തുക

**മണിപാറ ട്രൈബൽ കോളനി റോഡ് ഉദ്ധാരണ പ്രവൃത്തികൾ**

പ്രസ്തുത പ്രവൃത്തിക്ക് 1,35,600 രൂപ അടങ്കൽ ചെലവിനുള്ള എസ്റ്റിമേറ്റ് പ്രൈവറ്റ് എഞ്ചിനീയറെക്കൊണ്ട് തയ്യാറാക്കുകയും പി.ഡബ്ളിയു.ഡി.റേറ്റിൽ പഞ്ചായത്ത് നേരിട്ട് നടത്തി 1,31,470 രൂപ (വൗച്ചർ 74-2/97, 23-3/97, 43-4/97, 75-2/97, 24-3/97, 49-3/97 പ്രകാരം) ചെലവഴിക്കുകയും ചെയ്തു.

പ്രവൃത്തിയുടെ അളവുകൾ രേഖപ്പെടുത്തിയ മെഷർമെന്റ് ബുക്ക് പേജ് 13 പ്രകാരം പ്രവൃത്തിയുടെ വാല്യുവേഷൻ 1,22,419 രൂപയാണ്. ആയതിൽ റോഡിൽ മണ്ണിട്ട് നികത്തുന്നതിന് 553.30 എം.ക്യൂ മണ്ണിന്റെ വിലയായി 10 ക്യൂ.എം.-ന് 863.35 രൂപ നിരക്കിൽ 47,769.16 രൂപയുടെ ചെലവ് ഉൾപ്പെടുത്തിയിരുന്നു. പി.ഡബ്ളിയു.ഡി..

ഡേറ്റാ പ്രകാരം കോൺട്രാക്ടറുടെ മണ്ണ് ഉപയോഗിച്ച് ഫില്ലു ചെയ്യുന്നതിന് നിരക്ക് 10 ക്യൂ.എം.-ന് 645.57രൂപയെ വരികയുള്ളൂ. ആയതുപ്രകാരം 553.30 ക്യൂ.എം.-ന് വരുന്ന വാല്യുവേഷൻ തുക 35719.38 രൂപയാണ്. ആയതിനാൽ റോഡിൽ മണ്ണിടുന്നതിന് 12,050 രൂപ അധികമായി ചെലവ് ചെയ്തിരിക്കുന്നു.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 1998, ഖണ്ഡിക II, (III)]

ആഡിറ്റ് പരാമർശത്തിന്മേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി :—

(78) "ഉപാധിരഹിത ഫണ്ട് വിനിയോഗിച്ച് പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനപ്രകാരം നടത്തിയ പണികളാണ് പഞ്ചായത്തിന്റെ പ്രൈവറ്റ് എഞ്ചിനീയറായ ശ്രീമതി ഷാന്റ് ഐസക്. B.Tech M/S Isaac & Isaac Engineering Consultant & Building Designers, ചെറുതോണി തയ്യാറാക്കിയിട്ടുള്ളതും ശ്രീമതി മിനി കെ. ആന്റണി B.Tech, Better Home Architect & Engineering, കട്ടപ്പന എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്. PWD ഷെഡ്യൂൾ നിരക്കു പ്രകാരമാണെന്ന് സാക്ഷ്യപ്പെടുത്തി സാങ്കേതികാനുമതി നൽകിയതുമായ 1,35,600 രൂപാ എസ്റ്റിമേറ്റ് വരുന്നതുമായ പണികളാണ് നിയമാനുസൃതം രൂപീകരിച്ച കമ്മിറ്റിയുടെ മേൽനോട്ടത്തിൽ പണികൾ നടത്തി പേയ്മെന്റ് നടത്തിയിട്ടുള്ളത്. ടി സൈറ്റിൽ ഇപ്രകാരമുള്ള പണികൾ വെള്ളം ഒഴിച്ച് ഇടിച്ചുറപ്പിക്കുന്ന പണികൾ ഉൾപ്പെടെയുള്ള നിരക്കുകളാണ് കാണിച്ചിരിക്കുന്നത് എന്ന് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. ഉപാധിരഹിത ഫണ്ട് വിനിയോഗിച്ചുള്ള പണികൾ DDP യുടെ അംഗീകാരത്തോടെ ലോക്കൽ നിരക്കിൽ നടത്താവുന്നതാണ്. ലോക്കൽ നിരക്കിൽ അധികരിക്കാതെയാണ് പണികൾ നടത്തിയിട്ടുള്ളത്.

(79) നിരക്ക് PWD എസ്റ്റിമേറ്റ് നിരക്കിനേക്കാൾ ഉയർന്നിരുന്നെങ്കിൽ പ്രത്യേകാനുവാദം വാങ്ങി പണികൾ നടത്തുമായിരുന്നു. ഈ ഇനത്തിൽ പഞ്ചായത്തിനു യാതൊരു സാമ്പത്തിക നഷ്ടവും സംഭവിച്ചിട്ടില്ല. PWD നിരക്കുകൾ മുൻകാല പ്രാബല്യത്തോടെ പിന്നീട് വർദ്ധിപ്പിച്ചിട്ടുള്ളതുമാണ്. മേൽ സാഹചര്യത്തിൽ തടസ്സം ഒഴിവാക്കിതരണമെന്ന് അഭ്യർത്ഥിക്കുന്നു."

[വാഴത്തോപ്പ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 4-6-2005-ലെ എ1-192/2005 നമ്പർ കത്ത് പ്രകാരം ലഭിച്ചത്]

## നിഗമനങ്ങൾ/ശുപാർശകൾ

(80) ആഡിറ്റ് പരാമർശത്തിന് യഥാസമയം മറുപടി നൽകാതിരുന്നതുമൂലമാണ് ഇങ്ങനെയൊരു പരാമർശമുണ്ടായതെന്ന് കമ്മിറ്റി കരുതുന്നു. ഭാവിയിൽ ആഡിറ്റ് സമയത്ത് തന്നെ വിശദീകരണം നൽകുന്നതിൽ ഗ്രാമപഞ്ചായത്ത് ശ്രദ്ധിക്കണമെന്ന് കമ്മിറ്റി നിർദ്ദേശിക്കുന്നു.

ഓഡിററ് ഖണ്ഡിക

**കാർഷികോപകരണങ്ങൾ വാങ്ങുന്നതിന് കൂടിയ വില നൽകി**

ജനകീയാസൂത്രണ പദ്ധതിയിൽപ്പെടുത്തി, 64,000 രൂപ മുടക്കി കൃഷിക്കാർക്ക് മൺവെട്ടി, തൂമ്പ, പിക്-ആക്സ് തുടങ്ങിയ കാർഷികോപകരണങ്ങൾ വാങ്ങിയപ്പോൾ തടത്തിൽ എജൻസീസ്, വാഴത്തോപ്പ് എന്ന സ്ഥാപനത്തിൽ നിന്നുമുള്ള 65,000 രൂപയുടെ ക്വട്ടേഷൻ സ്വീകരിക്കുകയും പദ്ധതി തുകയിൽ നിജപ്പെടുത്തി 64,000 രൂപ നൽകുകയും ചെയ്തു. ഈ ക്വട്ടേഷൻ 22-6-1998-ലെ യോഗത്തിൽ ഏറ്റവും കുറഞ്ഞ ക്വട്ടേഷൻ ആയതിനാൽ അംഗീകരിക്കുന്നു എന്നാണ് രേഖപ്പെടുത്തിയത്. എന്നാൽ 5 ക്വട്ടേഷനുകൾ ലഭിച്ചതിൽ ഏറ്റവും കുറഞ്ഞത് ഹിന്ദുസ്ഥാൻ ഹാർഡ് വെയേഴ്സ്, അടിമാലി എന്ന സ്ഥാപനത്തിന്റേതായിരുന്നു എന്ന് ഓഡിറ്റിൽ കണ്ടെത്തി. 58,175 രൂപയ്ക്കുള്ള പ്രസ്തുത ക്വട്ടേഷൻ സ്വീകരിക്കാത്തതിനാൽ ഈ ഇടപാടിൽ 5,825 രൂപ (64,000-58,175) നഷ്ടം സംഭവിച്ചിട്ടുണ്ട്.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 1999-2000, ഖണ്ഡിക IV]

ആഡിറ്റ് പരാമർശത്തിന്മേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി :—

(81) "കാർഷികോപകരണങ്ങളുടെ വില അധികം നൽകിയത് 5825 രൂപാ കാർഷികോപകരണങ്ങളുടെ ഗുണമേന്മയ്ക്ക് പ്രാധാന്യം നൽകിയതുമൂലമാണ് ഉയർന്ന നിരക്കിലുള്ള ക്വട്ടേഷൻ സ്വീകരിച്ചത്. ആയത് ഇടുക്കി ജില്ലാ ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറുടെ 12-7-2001-ലെ എൽ.എഫ്.എ.-9/181/2001 നമ്പർ കത്ത് പ്രകാരം ടി തടസ്സം ഒഴിവാക്കിയിട്ടുള്ളതുമാണ്."

(വാഴത്തോപ്പ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 4-6-2005-ലെ എ1-192/2005 നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

(82) കുറഞ്ഞ നിരക്കിലുള്ള ക്വട്ടേഷൻ അവഗണിച്ച് കൂടിയ നിരക്കിലുള്ള ക്വട്ടേഷൻ സ്വീകരിച്ചതിന്റെ കാരണം സമിതി 16-6-2005-ലെ തെളിവെടുപ്പ് വേളയിൽ ആരാഞ്ഞു. കുറഞ്ഞ ക്വട്ടേഷനുള്ള സാധനങ്ങൾ ഗുണനിലവാരം കുറഞ്ഞതാണെന്ന് ബോധ്യപ്പെട്ടതിനാലാണ് അതിനേക്കാൾ കൂടിയ നിരക്കിലുള്ള ക്വട്ടേഷൻ സ്വീകരിച്ചതെന്ന് വാഴത്തോപ്പ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. ഇക്കാര്യത്തിൽ പർച്ചേസിംഗ് കമ്മിറ്റിയാണ് ഗുണനിലവാരം നിശ്ചയിക്കുന്നതെന്നും പർച്ചേസിംഗ് കമ്മിറ്റി ഇപ്രകാരം തീരുമാനമെടുത്തിട്ടുണ്ടെന്നും സെക്രട്ടറി കൂട്ടിച്ചേർത്തു. അന്നത്തെ ഇംപ്ലിമെന്റിംഗ് ആഫീസർ ആരാണെന്ന സമിതിയുടെ ചോദ്യത്തിന് വാഴത്തോപ്പ് കൃഷി ആഫീസർ ആയിരുന്ന ശ്രീ. ജോഷിവർഗ്ഗീസ് ആയിരുന്നു അന്നത്തെ നിർവ്വഹണ ഉദ്യോഗസ്ഥനെന്ന് വാഴത്തോപ്പ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. പർച്ചേസിംഗ് കമ്മിറ്റി തീരുമാനം അംഗീകരിക്കുന്നില്ലെന്നും ഇതു സംബന്ധിച്ച ഫയലുകൾ സമിതിയുടെ പരിശോധനയ്ക്ക് നൽകണമെന്നും സമിതി നിർദ്ദേശിച്ചിരുന്നു.

## നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

(83) ഈ വിഷയം സംബന്ധിച്ച ഫയലുകൾ ഇതുവരെ സമിതിയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇതിൽ നിന്നു തന്നെ ഇക്കാര്യത്തിൽ ക്രമക്കേടു നടന്നിട്ടുണ്ടോ

എന്നു സംശയിക്കുന്നു. ആയതിനാൽ ഇക്കാര്യത്തിൽ വിജിലൻസ് അന്വേഷണം നടത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

**പ്രാഥമികാരോഗ്യ കേന്ദ്രം-പണം വകമാറ്റി ചെലവഴിച്ചു**

പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ ചുറ്റുമതിൽ കെട്ടുന്നതിനും ഇലക്ട്രി-ഫിക്കേഷനുമായി പദ്ധതി തുകയായ 79,000 രൂപ മെഡിക്കൽ ഓഫീസർക്ക് നൽകുകയുണ്ടായി. എന്നാൽ ആരോഗ്യകേന്ദ്രത്തിന്റെ സ്ഥലം അളന്നു തിട്ടപ്പെടുത്തിയിട്ടില്ലാത്തതിനാൽ 1998 മേയ് 5-ന് കൂടിയ ആശുപത്രി വികസന സമിതി ചുറ്റുമതിൽ കെട്ടുന്ന പണി ഉപേക്ഷിച്ച് ആശുപത്രിയുടെ അറ്റകുറ്റപണികൾ ചെയ്യുവാൻ തീരുമാനിച്ച് 50,000 രൂപയുടെ എസ്റ്റിമേറ്റ് ഉണ്ടാക്കി. അതിനായി കൺവീനർക്ക് ബാക്കി 37,500 രൂപ മെഡിക്കൽ ഓഫീസർ സ്വയം ചെക്ക് എഴുതി എടുത്തതായി കാണുന്നു. എന്നാൽ 12,500 രൂപയുടെ കൈപ്പറ്റു രസീതുമാത്രമേ ഹാജരാക്കിയിട്ടുള്ളൂ. ചെയ്ത ജോലികളുടെ വിവരം കാണിക്കുന്ന ഫയലോ, ബില്ലോ, അളവുപുസ്തകങ്ങളോ ഹാജരാക്കിയിട്ടില്ല. പോളിയോ നിർമ്മാർജ്ജനത്തിനായി 24,000 രൂപ കൂടി ചെലവഴിച്ചതിലൂടെ 79,000 രൂപയുടെ മുഴുവൻ പദ്ധതി വിഹിതവും വിനിയോഗിച്ചതായി കാണുന്നു. ഇതിനിടയിൽ ആശുപത്രിയ്ക്ക് 5,000 രൂപയുടെ ഫർണിച്ചർ വാങ്ങുകയുണ്ടായി. ഈ തുക കൺവീനർക്ക് നൽകിയ തുകയും രസീതും തമ്മിലുള്ള വ്യത്യാസം വിനിയോഗിച്ചതാണെന്നു സംശയിക്കുന്നു. ഒരു പ്രത്യേക പദ്ധതിക്കുവേണ്ടി വകകൊള്ളിച്ചിരുന്ന തുക സമയപരിധിക്കുള്ളിൽ ചെലവഴിക്കുന്നതിനായി മറ്റു പദ്ധതികൾ കണ്ടെത്തി ചെലവഴിച്ചിരിക്കുകയാണ്. എങ്ങനെയും പണം ചെലവഴിക്കുക എന്ന സമീപനം പൊതുമുതൽ പാഴാക്കുന്നതിന്തുല്യമാണ്.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 1999-2000, ഖണ്ഡിക IV]

ആഡിറ്റ് പരാമർശത്തിന്മേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി :—

(84) "ചുറ്റുമതിൽ കെട്ടുന്നതിന് സ്ഥലം അളന്ന് തിട്ടപ്പെടുത്താൻ കഴിയാത്തതിനാൽ ചുറ്റുമതിൽ കെട്ടുന്നതിന് പകരം ആശുപത്രി വികസന സമിതി ആശുപത്രിയുടെ അറ്റകുറ്റപണികൾ നടത്തുന്നതിന് തീരുമാനിച്ചത്, ടി പ്രവൃത്തി നടത്തിച്ച മെഡിക്കൽ ആഫീസർ വിദേശത്തായതിനാൽ വിശദീകരണം ലഭിച്ചിട്ടില്ലെന്നു കൂടി അറിയിച്ചുകൊള്ളുന്നു."

(വാഴത്തോപ്പ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 4-6-2005-ലെ എ1-192/2005 നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

(85) പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ ചുറ്റുമതിൽ കെട്ടുന്നതിനായി അന്നത്തെ മെഡിക്കൽ ഓഫീസറായിരുന്ന ശ്രീ. ക്രിസ്റ്റഫർ ആന്റണിക്ക് 79,000 രൂപ പഞ്ചായത്ത് നൽകിയെന്നും എന്നാൽ സ്ഥലം അളന്ന് തിട്ടപ്പെടുത്താതെ കെട്ടിടത്തിന്റെ മെയിന്റനൻസ് നടത്തിയതായിട്ടാണ് സ്ഥലത്തുപോയി അന്വേഷിച്ചതിൽനിന്നു മനസ്സിലായതെന്നും വാഴത്തോപ്പ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി തെളിവെടുപ്പുവേളയിൽ കമ്മിറ്റിയെ

അറിയിച്ചു. മെഡിക്കൽ ആഫീസറായിരുന്നു പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥനെന്നും അദ്ദേഹം 2002-ൽ വിദേശത്ത് പോയെന്നും ഹോസ്പിറ്റൽ ഡെവലപ്പ്മെന്റ് കമ്മിറ്റിയുടെ നിർദ്ദേശപ്രകാരമാണ് അറ്റകുറ്റപണികൾ നടത്തിയിട്ടുള്ളതെന്നും ഫയൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ കൈവശമാണുള്ളതെന്നും സമിതിയുടെ ചോദ്യത്തിന് വാഴത്തോപ്പ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

(86) ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ തടസ്സവാദം ഒഴിവാക്കിയതാണെങ്കിലും ഇക്കാര്യം പുനഃപരിശോധിക്കുന്നതിനും ആവശ്യമെങ്കിൽ ശ്രീ. ക്രിസ്റ്റഫർ ആന്റണിയിൽ നിന്ന് തുക ഈടാക്കിയെടുക്കുന്നതിനുള്ള ഉത്തരവാദിത്വം ആരോഗ്യ വകുപ്പിനെ ഏൽപ്പിക്കാനും ഇതു സംബന്ധമായ ഫയൽ കണ്ടെത്തി ഇടുക്കി ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ നടപടി സ്വീകരിച്ച് ഒരു മാസത്തിനുളളിൽ സമിതിയ്ക്ക് റിപ്പോർട്ട് നൽകണമെന്നും സമിതി നിർദ്ദേശിച്ചിരുന്നു.

## നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

(87) അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ടുമെന്റ് ആഡിറ്റ് തടസ്സം സംബന്ധിച്ച് യാതൊരു അന്വേഷണവും നടത്തിയിട്ടില്ലെന്നും എ.ഡി.പി.യും ഡി.ഡി.പി.യും ഇത് സംബന്ധിച്ച് തുടർ നടപടികളെടുത്തിട്ടില്ലെന്നും കമ്മിറ്റി കരുതുന്നു.

(88) പഞ്ചായത്തിന് നഷ്ടമായ തുക പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥനായിരുന്ന ശ്രീ. ക്രിസ്റ്റഫർ ആന്റണിയിൽ നിന്നും റിക്കവർ ചെയ്യാനുള്ള അടിയന്തിര നിയമ നടപടി സ്വീകരിക്കണമെന്ന് കമ്മിറ്റി ശക്തമായി ശുപാർശ ചെയ്യുന്നു. ഇതു സംബന്ധിച്ചെടുത്ത നടപടിയുടെ വിശദാംശം ഒരു മാസത്തിനകം കമ്മിറ്റിയെ അറിയിക്കണമെന്നും ശുപാർശ ചെയ്യുന്നു.

## വാത്തിക്കുടി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**റെഡിമെയ്ഡ് വസ്ത്രനിർമ്മാണ യൂണിറ്റ്-സാമ്പത്തിക ആനുകൂല്യം നല്കിയതിൽ ക്രമക്കേട്**

വാത്തിക്കുടി ഗ്രാമപഞ്ചായത്തിലെ നാലാം വാർഡിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ സാമ്പത്തിക ഉന്നമനം ലക്ഷ്യമിട്ട് ഒരു റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ യൂണിറ്റ് തുടങ്ങുന്നതിന് ധനസഹായം ചെയ്യുന്നതിനുള്ള പദ്ധതി താഴെ പറയുന്ന പ്രകാരം വിഭാവനം ചെയ്തിരിക്കുന്നു.

| | | |
|---|---|---|
| പദ്ധതി വിഹിതം | : | 63,000 രൂപ |
| മറ്റുധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് ധനസഹായം | : | 1,00,000 രൂപ |
| ഗുണഭോക്തൃ വിഹിതം | : | 7,000 രൂപ |
| ആകെ | : | 1,70,000 രൂപ |

പദ്ധതിരേഖ അനുസരിച്ച് പ്രാരംഭ പ്രവർത്തനങ്ങൾക്കായി 43,000 രൂപയും ഒന്നാംഘട്ട പ്രവർത്തനങ്ങൾക്കായി 20,000 രൂപയും ആണ് നൽകേണ്ടിയിരുന്നത്. എന്നാൽ യൂണിറ്റ് പ്രവർത്തനം ആരംഭിക്കുന്നതിനു മുൻപ് തന്നെ 63,000 രൂപയും 29-4-1998 ലെ 15/4-98-ാം നമ്പർ വൗച്ചർ പ്രകാരം പതിനാറാംകണ്ടം തെരേസാ ചാരിറ്റബിൾ സൊസൈറ്റി എന്ന സ്ഥാപനത്തിന്റെ പ്രസിഡന്റിന് നൽകുകയുണ്ടായി. ഈ സ്ഥാപനം ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്തതാണെന്നതിന് രേഖകളൊന്നുമില്ല. ധനസഹായത്തിന്റെ വിനിയോഗം സംബന്ധിച്ച് വിവരങ്ങൾ ഒന്നും ലഭ്യമല്ലാത്തതിനാൽ ഈ യൂണിറ്റിന്റെ പ്രവർത്തനം അന്വേഷണവിധേയമാക്കേണ്ടതാണ്.

[ലോക്കൽഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 1999-2000, ഖണ്ഡിക IV]

<u>ആഡിറ്റ് പരാമർശത്തിൻമേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി :—</u>

(89) "ആഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ടവർക്ക് കത്ത് നൽകിയിട്ടുണ്ട്. ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം ടി സൊസൈറ്റി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ബി.പി.എൽ. ലിസ്റ്റിൽപ്പെട്ട വനിതകൾക്ക് സൊസൈറ്റി പ്രവർത്തനത്തിന് മൂലധനം നൽകുകയും ഫെഡറൽ ബാങ്ക് ധനസഹായം ചേർത്ത് പ്രവർത്തിച്ചുവന്ന സ്ഥാപനമാണിത്. ആദ്യമൂന്നു വർഷങ്ങൾക്കുശേഷം ടി സ്ഥാപനം പ്രവർത്തിക്കുന്നില്ലെന്ന് റിപ്പോർട്ടു ചെയ്യുന്നു."

(വാത്തിക്കുടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 6-6-2005 ലെ 395/05 എ1 നമ്പർ കത്ത് പ്രകാരം ലഭിച്ചത്.)

(90) ഈ സ്ഥാപനം ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ എന്ന് തെളിവെടുപ്പ് വേളയിൽ സമിതി ആരായുകയുണ്ടായി. മൂന്നുവർഷത്തോളം ഈ സ്ഥാപനം പ്രവർത്തിച്ചു എന്നും ആഡിറ്റ് നടന്ന അവസരത്തിൽ ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തതിന്റെ സർട്ടിഫിക്കറ്റ് ഹാജരാക്കാൻ കഴിയാത്തതിനാലാണ് ആഡിറ്റ് പരാമർശം ഉണ്ടായതെന്നും പിന്നീട് അവരിൽ നിന്ന് സർട്ടിഫിക്കറ്റ് വാങ്ങിയിട്ടുണ്ടെന്നും വാത്തിക്കുടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. പഞ്ചായത്ത് വിഹിതമായി എത്ര രൂപ കൊടുത്തെന്നും മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് എന്തുതുക എടുത്തിട്ടുണ്ടെന്നുമുള്ള സമിതിയുടെ ചോദ്യത്തിന് പദ്ധതി വിഹിതമായി 63,000 രൂപയും ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് ഒരുലക്ഷം രൂപയും ഗുണഭോക്തൃ വിഹിതം 7000 രൂപയും ഉൾപ്പെടെ 1,70,000 രൂപയുടെ പ്രോജക്ടായിരുന്നു രൂപീകരിച്ചതെന്ന് സെക്രട്ടറി അറിയിച്ചു.

(91) തയ്യൽ മെഷീനുകൾ ഇപ്പോൾ എവിടെയുണ്ടെന്ന സമിതിയുടെ ചോദ്യത്തിന് അഞ്ചുപേരുടെ വീട്ടിൽ തയ്യൽമെഷീനുകളുണ്ടെന്നും രണ്ടുമൂന്നുപേർ സ്ഥലം മാറിയും വിവാഹിതരായും പോയതിനാലാണ് സംഘം പ്രവർത്തനരഹിതമായതെന്നും സെക്രട്ടറി സമിതി മുമ്പാകെ ബോധിപ്പിച്ചു. തയ്യൽജോലി മുന്നോട്ട് കൊണ്ടുപോകാൻ കഴിയാത്തതിനാൽ മെഷീൻവിറ്റ് പശുവിനെ വാങ്ങിയതിനാൽ മെഷീൻ

വാങ്ങുന്നതിനായി പഞ്ചായത്ത് നൽകിയ തുക അവരുടെ വ്യക്തിപരമായ ബാദ്ധ്യതയായി ചുമത്തി ഒരു മാസത്തിനുള്ളിൽ പണം തിരിച്ചുപിടിക്കാൻ നടപടി സ്വീകരിച്ച് സമിതിയ്ക്ക് റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിച്ചു.

(92) 2-7-2001 മുതൽ ഇതിന്റെ പ്രവർത്തനം നിർത്തിവച്ചതായി സെക്രട്ടറി രേഖാമൂലം അറിയിച്ചിട്ടുണ്ടെന്നും പ്രസ്തുത കമ്മിറ്റിയിലെ ചില അംഗങ്ങളുടെ വീടുകളിൽ പദ്ധതി വിഹിതമായി 63,000 രൂപ ചെലവഴിച്ച് വാങ്ങിയ ഉപകരണങ്ങൾ ഉപയോഗിച്ച് ചെറിയരീതിയിൽ തുന്നൽ നടത്തിയിരുന്നതായി നേരിട്ടുപോയി അന്വേഷിച്ചതിൽ കാണുകയുണ്ടായെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(93) യൂണിറ്റ് ഇപ്പോൾ പ്രവർത്തിക്കാത്തതിനാൽ എഗ്രിമെന്റ് വ്യവസ്ഥപ്രകാരം പ്രവർത്തനമൂലധനമായി നൽകിയ തുക 15 ദിവസത്തിനുള്ളിൽ തിരിച്ചടയ്ക്കാനും ഇല്ലെങ്കിൽ റവന്യൂ റിക്കവറി നടപടി സ്വീകരിക്കുന്നതായിരിക്കുമെന്നും അറിയിച്ചുകൊണ്ട് 20-6-2005-ന് കക്ഷികൾക്ക് സെക്രട്ടറി രേഖാമൂലം നോട്ടീസ് നൽകിയിട്ടുണ്ടെന്നും എന്നാൽ ഇതുവരെ തുക പഞ്ചായത്ത് ഫണ്ടിൽ തിരിച്ചടയ്ക്കുകയോ റവന്യൂ റിക്കവറി നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ലെന്ന് പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിരിക്കുന്നു. പദ്ധതി വിഹിതം ലഭ്യമാക്കാൻവേണ്ടി മാത്രം രൂപീകരിച്ച ചാരിറ്റബിൾ സൊസൈറ്റിയാണോ എന്ന് അന്വേഷണത്തിൽ മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ലെന്നും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വനിതകളുടെ സാമ്പത്തിക ഉന്നമനത്തിനായുള്ള പദ്ധതി ആയിരുന്നെങ്കിലും ഗുണഭോക്താക്കളായ കമ്മിറ്റിയംഗങ്ങൾ ഉൾപ്പെടെയുള്ള മുഴുവൻ സ്ത്രീകളും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരാണെന്ന് തെളിയിക്കുന്നതിനുള്ള ആധികാരിക രേഖയായ ബി.പി.എൽ. ലിസ്റ്റ് അന്വേഷണസമയത്ത് പരിശോധനയ്ക്ക് ലഭിച്ചിട്ടില്ലെന്നും റിപ്പോർട്ടിൽ പറയുന്നു.

## നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

(94) പഞ്ചായത്ത് നൽകിയ തുക ഒരു മാസത്തിനുള്ളിൽ തിരിച്ചുപിടിക്കാൻ നടപടി സ്വീകരിക്കാമെന്ന് വാത്തിക്കുടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി തെളിവെടുപ്പുയോഗത്തിൽ സമിതിക്ക് ഉറപ്പു നൽകിയിരുന്നെങ്കിലും റവന്യൂ റിക്കവറി നടപടി സ്വീകരിക്കുമെന്നറിയിച്ചതല്ലാതെ ഇതുവരെ പണം തിരിച്ചുപിടിച്ചതു സംബന്ധിച്ച വിശദ വിവരം സമിതിക്ക് ലഭ്യമാക്കിയിട്ടില്ല. പദ്ധതിയുടെ ഉദ്ദേശ്യം നല്ലതായിരുന്നെങ്കിലും ദീർഘവീഷണമില്ലാതെ നടപ്പാക്കിയതിനാൽ പദ്ധതി പരാജയപ്പെട്ടുവെന്നു മാത്രമല്ല വ്യവസ്ഥകളിൽ നിന്നു വ്യതിചലിച്ച് തുക ഒരുമിച്ചു നൽകുന്നതിൽ പഞ്ചായത്ത് സെക്രട്ടറി അനാവശ്യമായ തിടുക്കവും താല്പര്യവും കാണിച്ചതായി സമിതി മനസിലാക്കുന്നു. ആയതിനാൽ തുക ലഭ്യമാക്കാൻ വേണ്ടിമാത്രം രജിസ്റ്റർചെയ്ത സൊസൈറ്റിയാണോ ഇതെന്നും സമിതി സംശയിക്കുന്നു. പഞ്ചായത്തിന്റെ പണം നഷ്ടപ്പെടാൻ കാരണക്കാരനായ സെക്രട്ടറിയ്ക്കെതിരെ ആവശ്യമെങ്കിൽ റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നടപടി സ്വീകരിക്കുകയും പണം തിരിച്ചു പിടിക്കുകയും ചെയ്ത് ഒരു മാസത്തിനകം വിവരം അറിയിക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.

## വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**ക്ളബുകൾക്ക് വർത്തമാനപത്രം നൽകിയത്: 1,39,126 രൂപയുടെ അധിക ചെലവ്**

പത്രമാസികകളുടെ വിതരണത്തിന് പരമാവധി 30,000 രൂപ ചെലവഴിക്കാൻ 5-9-1987 ലെ 3054/1997 നമ്പർ സർക്കാർ ഉത്തരവുണ്ട്. എന്നാൽ പ്രത്യേകാനുമതി ഇല്ലാതെ ഗ്രാമപഞ്ചായത്തിൽ നിന്ന് ഈ ഇനത്തിൽ 1,39,126 രൂപ ചെലവഴിച്ചിട്ടുണ്ട്.

പത്ര ഏജന്റുമാരുടെ രസീതുമാത്രം വെച്ച് ലക്ഷക്കണക്കിന് രൂപ ചെലവഴിക്കുന്ന നടപടി ഉചിതമായ ഒന്നല്ല. കൂടാതെ വൻകിട എസ്റ്റേറ്റുമാനേജുമെന്റുകളുടെ തൊഴിലാളി ക്ഷേമപ്രവർത്തനങ്ങളുടെ ഭാഗംകൂടിയാണ് ക്ലബുകൾ സംഘടിപ്പിക്കുന്നതും അവയുടെ ചെലവുകൾ വഹിക്കുന്നതും. അതിനാൽ നിയമവിധേയമായ തുകയ്ക്കപ്പുറം ഇത്തരം ആവശ്യങ്ങൾക്കായി ഗ്രാമപഞ്ചായത്തിൽ നിന്നും ചെലവഴിക്കുന്നത് പഞ്ചായത്തിന്റെ സാമ്പത്തിക താല്പര്യങ്ങൾക്ക് അനുയോജ്യമല്ല.

[ലോക്കൽഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2000-2001, ഖണ്ഡിക III,36 (a)]

ആഡിറ്റ് പരാമർശത്തിൻമേൽ ഗ്രാമപഞ്ചായളത്തിന്റെ മറുപടി :—

(95) "ബന്ധപ്പെട്ട സെക്രട്ടറിമാർക്ക് ഓഡിറ്റ് റിപ്പോർട്ടിന്റെ ശരിപ്പകർപ്പ് അയച്ചുകൊടുത്തിട്ടുള്ളതാണ്."

(വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 4-6-2005 ലെ ബി-1 721/2000 നമ്പർ കത്ത് പ്രകാരം ലഭിച്ചത്.)

(96) ക്ലബുകൾക്ക് വർത്തമാനപ്പത്രം വിതരണം ചെയ്തവകയിൽ 1,39,126 രൂപയുടെ ചെലവ് വന്നതിന്റെ കാരണം സമിതി തെളിവെടുപ്പുവേളയിൽ ആരായുകയുണ്ടായി. 23 ക്ലബുകൾക്ക് പത്രം നൽകുന്നത് പഞ്ചായത്തിൽ നിന്നാണെന്നും വിദ്യാഭ്യാസപരമായി പിന്നോക്കമായിരുന്നവരുടെ വായനാശീലം വളർത്തുന്നതിനുവേണ്ടിയാണ് ഇങ്ങനെ ചെയ്തിരുന്നതെന്നും വണ്ടിപ്പെരിയാർ മുൻഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. എം. രാധാകൃഷ്ണൻ സമിതിയെ അറിയിച്ചു. അധികതുകയ്ക്ക് പത്രങ്ങൾ വാങ്ങിയതിന് കാലാകാലങ്ങളിൽ ഉള്ള സെക്രട്ടറിമാർ സർക്കാരിൽ നിന്ന് സാധൂകരണം വാങ്ങാതിരുന്നതുകൊണ്ടാണ് പ്രശ്നമുണ്ടായതെന്നും മുൻസെക്രട്ടറി അറിയിച്ചു. ഈ പത്രങ്ങൾ വിൽക്കുന്നതാരാണെന്ന ചോദ്യത്തിന് ക്ലബുകൾക്കായി വാങ്ങുന്ന പത്രങ്ങൾ വിൽക്കുന്നത് അവർതന്നെയായിരിക്കുമെന്നും മുൻസെക്രട്ടറി അറിയിച്ചു.

(97) ഇതുമായി ബന്ധപ്പെട്ട മുഴുവൻ വൗച്ചറുകളും പരിശോധിച്ച് വിശദമായ റിപ്പോർട്ട് 15 ദിവസത്തിനകം നൽകണമെന്ന് ഇടുക്കി ജില്ലാ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർക്ക് സമിതി നിർദ്ദേശം നൽകിയിരുന്നു.

(98) വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്തിൽ 40-ൽ അധികം ലേബർ ക്ലബ്ബുകളും ഏതാനും ആർട്ട്സ് ആന്റ് സ്പോർട്ട്സ് ക്ലബ്ബുകളും പ്രവർത്തിച്ചിരുന്നതായും ഇവ തോട്ടം മേഖലയിൽ ജോലിചെയ്യുന്ന തൊഴിലാളികൾക്ക് വിനോദോപാധി എന്ന

നിലയിൽ കമ്പനിക്കാർ നേരിട്ട് നിർമ്മിച്ചുനൽകിയിട്ടുള്ളതാണെന്നും, ലേബർ ക്ലബിന് കെട്ടിടം കമ്പനി നിർമ്മിച്ചു നൽകിയിട്ടുള്ളതാണെന്നും, ലേബർ ക്ലബ്ബിന് കെട്ടിടം കമ്പനി നിർമ്മിച്ചു നൽകിയിട്ടുണ്ടെങ്കിലും പത്രമാസികകൾ ഒന്നും നൽകുകയുണ്ടായിരുന്നില്ലെന്നും പഞ്ചായത്തിൽ നിന്നും നേരത്തെ മലയാളം, തമിഴ് പത്രങ്ങൾ നൽകിയിരുന്നുവെന്നും ഇപ്പോൾ പഞ്ചായത്തിൽ നിന്നും പത്രമാസികകൾ ഒന്നും നൽകുന്നില്ലായെന്നും മിക്കവാറും ലേബർ ക്ലബ്ബുകൾ ഒന്നും ഇപ്പോൾ പ്രവർത്തിക്കുന്നില്ലെന്നും കെട്ടിടം മാത്രമേയുള്ളൂവെന്നുമാണ് അസിസ്റ്റന്റ് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

(99) വണ്ടിപ്പെരിയാർ പഞ്ചായത്തിന് പ്രതിമാസം 4,000 രൂപാവീതം 31-3-1995 വരെ ചെലവ് ചെയ്യുന്നതിന് പഞ്ചായത്ത് ഡയറക്ടറുടെ അനുമതി ഉണ്ടെന്നും പത്രമാസികകളുടെ വർദ്ധിച്ചുവരുന്ന ചെലവ് കണക്കിലെടുത്ത് 1-4-1995 മുതൽ പ്രതിമാസം 5,000 രൂപ ചെലവുവരുമെന്നും ഈ ആവശ്യത്തിലേയ്ക്കുള്ള തന്നാണ്ട് ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള 2 ലക്ഷം രൂപയിൽ നിന്ന് ടി തുക ചെലവഴിക്കുന്നതിന് അനുവാദത്തിന് ബന്ധപ്പെട്ട അധികാരികളോട് അപേക്ഷിച്ചുകൊണ്ട് പഞ്ചായത്ത് 27-12-1995-ൽ തീരുമാനം എടുത്തിട്ടുള്ളതായി കാണുന്നുവെന്നും എന്നാൽ അനുമതി ലഭിച്ചതായി കാണുന്നില്ലെന്നും അധികമായി ചെലവാക്കിയ 1,39,126 രൂപക്ക് സാധൂകരണം നൽകണമെന്ന് സർക്കാരിനോടും ബന്ധപ്പെട്ട അധികാരികളോടും അപേക്ഷിച്ചുകൊണ്ട് പഞ്ചായത്ത് തീരുമാനം എടുത്തിട്ടുള്ളതായി കാണുന്നെന്നും പഴയപത്രങ്ങൾ ലേലംചെയ്തതായോ സ്റ്റോക്കുള്ള തായോ ഒരിടത്തും കാണാൻ കഴിഞ്ഞിട്ടില്ലെന്നും പത്രവിതരണത്തിനാവശ്യമായ തുക പഞ്ചായത്തിന്റെ തനതുഫണ്ടിൽ നിന്നാണ് ചെലവഴിച്ചിട്ടുള്ളുതെന്നും റിപ്പോർട്ടിൽ പറയുന്നു.

## നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

(100) അധികമായി ചെലവഴിച്ച തുകയ്ക്ക് സാധൂകരണം വാങ്ങുന്നതിൽ ഉത്തരവാദിയായ സെക്രട്ടറിയോ അതിനുശേഷംവന്ന സെക്രട്ടറിയോ യഥാസമയം നടപടി സ്വീകരിക്കുന്നതിൽ വേണ്ടത്ര ശ്രദ്ധിച്ചിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. പിന്നോക്ക പ്രദേശങ്ങളിലെ തൊഴിലാളികൾക്ക് പ്രയോജനപ്പെടുന്ന രീതിയിൽ പത്രം വിതരണം ചെയ്യുന്നത് നല്ലകാര്യമാണെങ്കിലും ഇതു സംബന്ധിച്ച് ശരിയായ രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ലെന്നത് സംശയമുളവാക്കുന്നു. ഉപയോഗിച്ച പത്രങ്ങൾ ലേലംചെയ്ത തുക ക്ലബ്ബുകളുടെ അക്കൗണ്ടിലേക്കോ, പഞ്ചായത്ത് ഫണ്ടിലേയ്ക്കോ വരവു ചെയ്തിട്ടുമില്ല. അധികമായി ചെലവാക്കിയ തുകയ്ക്ക് സർക്കാരിന്റെ സാധൂകരണം നേടുന്നതിന്റെ നിലവിലുള്ള സ്ഥിതി എന്താണെന്ന് കമ്മിറ്റിയെ അറിയിക്കണമെന്ന് ശുപാർശ ചെയ്യുന്നു. കൂടാതെ, പത്രമാസികകൾ നല്കുന്നതു സംബന്ധിച്ച് രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കണമെന്നും പഴയ പത്രക്കടലാസുകൾ വിൽക്കുന്നതിന്റെയും കണക്ക് കൃത്യമായി സൂക്ഷിക്കണമെന്നും കമ്മിറ്റി ശുപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

**ജനകീയാസൂത്രണത്തിൽ വ്യാപകമായ അഴിമതി**

വണ്ടിപ്പരിയാർ ഗ്രാമപഞ്ചായത്തിലെ ജനകീയാസൂത്രണം അഴിമതി സംബന്ധിച്ച് സർക്കാർ തലത്തിൽ വിശദമായ അന്വേഷണം നടത്തുകയും രേഖകളും ആരോപണ ങ്ങളും വിശദീകരണങ്ങളും പരിശോധിച്ചശേഷം ശിക്ഷണ നടപടികൾ സ്വീകരിക്കാൻ ഇടുക്കി ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തു. താഴെ പറയുന്ന പദ്ധതികളിലാണ് ക്രമക്കേടുകൾ കണ്ടെത്തിയിട്ടുള്ളത്.

[(ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2000-2001, ഖണ്ഡിക III,36(b)]

ആഡിറ്റ് പരാമർശത്തിന്മേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി :—

(101) "ബന്ധപ്പെട്ട സെക്രട്ടറിക്ക് നോട്ടീസ് നൽകിയിട്ടും, ഓഡിറ്റ് പരാമർശം പരിഹരിക്കുന്നതിനോ തുക പഞ്ചായത്തിൽ അടയ്ക്കുന്നതിനോ കൂട്ടാക്കിയിട്ടില്ല."

(വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 4-6-2005-ലെ ബി1-721/2000 നമ്പർ കത്ത് പ്രകാരം ലഭിച്ചത്.)

ഓഡിറ്റ് ഖണ്ഡിക

**കുഴൽക്കിണർനിർമ്മാണം-ഗുണഭോക്തൃ വിഹിതം : 1,09,400 രൂപ ഇടാക്കേണ്ടതാണ്**

കുഴൽകിണർ നിർമ്മാണ പദ്ധതി നടത്തിപ്പിനായി ഇടുക്കി ജില്ലാ പഞ്ചായത്ത് ഓഫീസറുടെ ഉത്തരവ് പ്രകാരം തെരഞ്ഞെടുത്ത കൺവീനർമാർ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിച്ച 2/3 വാർഡുകളിൽപ്പെട്ടവർ അല്ല. സർക്കാർ നിർദ്ദേശ പ്രകാരം 2-ാം വാർഡ് മെമ്പറിൽ നിന്നും 64,900 രൂപയും മൂന്നാം വാർഡ് മെമ്പറിൽ നിന്നും 41,000 രൂപയും ഗുണഭോക്തൃ വിഹിതമായ 3,500 രൂപ കൈപ്പറ്റിയ മെമ്പറിൽ നിന്നും ആ തുകയും ഉൾപ്പെടെ മൊത്തം 1,09,400 രൂപ ഈടാക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2000-2001, ഖണ്ഡിക III, 36(b)(i)]

ആഡിറ്റ് പരാമർശത്തിന്മേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി :—

(102) "ബന്ധപ്പെട്ട ഉദ്യോഗസ്ഥനും, വൈസ് പ്രസിഡന്റിനും, കമ്മിറ്റിയംഗ ങ്ങൾക്കും നോട്ടീസ് നൽകിയിട്ടും ഇവർ ഓഡിറ്റ് പരാമർശം പരിഹരിക്കുന്നതിനോ, തുക പഞ്ചായത്തിൽ അടയ്ക്കുന്നതിനോ കൂട്ടാക്കിയിട്ടില്ല."

(വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 4-6-2005-ലെ ബി1-721/05 നമ്പർ കത്ത് പ്രകാരം ലഭിച്ചത്.)

ഓഡിറ്റ് ഖണ്ഡിക

**സിനി സ്റ്റുഡിയോ-പാറമട റോഡ് നിർമ്മാണം: 1,22,569 രൂപ സെക്രട്ടറിയിൽ നിന്ന് ഈടാക്കണം**

ഈ പദ്ധതിക്കായി ചെലവഴിച്ച 2,49,570 രൂപയിൽ നിന്നും വാല്യുവേഷൻ തുകയായി 1,63,371 രൂപ കുറച്ച് അധികം ചെലവായ 86,199 രൂപയും ഈ റോഡുപണിക്ക് അഡ്വാൻസ് നൽകിയ 36,370 രൂപയും ഉൾപ്പെടെ 1,22,569 രൂപ സെക്രട്ടറിയിൽ നിന്നും ഈടാക്കാനായിരുന്നു ഡെപ്യൂട്ടി ഡയറക്ടറുടെ നിർദ്ദേശം. .

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2000-2001, ഖണ്ഡിക III,36(b)(II)]

ആഡിറ്റ് പരാമർശത്തിന്മേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി :—

(103) "ബന്ധപ്പെട്ട സെക്രട്ടറിക്ക് ഓഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പ് അയച്ചുകൊടുത്തിട്ടുണ്ട്".

(വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 4-6-2005-ലെ ബി1-721/2000 നമ്പർ കത്ത് പ്രകാരം ലഭിച്ചത്.)

ഓഡിറ്റ് ഖണ്ഡിക

**ടെയിലറിംഗ് യൂണിറ്റ്-3,71,485 രൂപയുടെ ദുർവ്യയം പ്രസിഡന്റ്, സെക്രട്ടറി എന്നിവരിൽ നിന്ന് ഈടാക്കൽ**

ടെയിലറിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനായി 40 തയ്യൽമെഷീനുകളും മറ്റ് അനുബന്ധ സാമഗ്രികളും തുണിത്തരങ്ങളും വാങ്ങിയെങ്കിലും ഓഡിറ്റുസമയംവരെ ഈ യൂണിറ്റുകൾ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

ടെയിലറിംഗ് യൂണിറ്റുകൾക്കുള്ള ഗുണഭോക്താക്കൾക്ക് കെട്ടിടം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടോ എന്നു നോക്കാതെയാണ് 3,71,485 രൂപ ചെലവഴിക്കുന്നത്. യൂണിറ്റുകൾ പ്രവർത്തനക്ഷമമാക്കുന്നതിന് മുൻപുതന്നെ തുണിത്തരങ്ങൾ വാങ്ങിയത് സാമാന്യയുക്തിക്ക് നിരക്കുന്നതല്ല. ദുർവ്യയംചെയ്ത ഈ തുക പഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി എന്നിവരിൽ നിന്നും ഈടാക്കാനായിരുന്നു സർക്കാർ ഉത്തരവിലെ നിർദ്ദേശം.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2000-2001, ഖണ്ഡിക III,36(b)(iii)]

ആഡിറ്റ് പരാമർശത്തിന്മേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി:—

(104) "ബന്ധപ്പെട്ട സെക്രട്ടറിക്കും പ്രസിഡന്റിനും നോട്ടീസ് നൽകിയിട്ടും ഇവർ ഓഡിറ്റ് പരാമർശം പരിഹരിക്കുന്നതിനോ തുക പഞ്ചായത്തിൽ അടയ്ക്കുന്നതിനോ കൂട്ടാക്കിയിട്ടില്ല."

(വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 4-6-2005-ലെ ബി1-721/2000 നമ്പർ കത്ത് പ്രകാരം ലഭിച്ചത്.)

ഓഡിറ്റ് ഖണ്ഡിക

**ടെലിവിഷൻ പ്രോജക്ട് തുക പ്രസിഡന്റ്, സെക്രട്ടറി എന്നിവരിൽ നിന്നും ഈടാക്കൽ**

ഗ്രാമപഞ്ചായത്തിലെ 30 ഹരിജൻ കോളനികൾക്ക് നൽകാനായി കെൽട്രോണിന്റെ ടെലിവിഷൻ സെറ്റുകൾ വാങ്ങുന്നതിന് 4,94,700 രൂപ ചെലവഴിച്ചു. ടി. വി. സെറ്റുകൾ വിതരണം ചെയ്യാൻ ഉദ്ദേശിച്ച കോളനികളിൽ വൈദ്യുതിബന്ധം ഉണ്ടോ എന്നുപോലും പരിശോധിക്കാതെയാണ് ടി.വി.കൾ വാങ്ങിയത്. വാങ്ങിക്കൂട്ടിയ ടി. വി. സെറ്റുകൾ ഹരിജൻ കോളനികളിലേക്ക് നൽകിയിട്ടുമില്ല.

അനാവശ്യമായി ചെലവഴിച്ച ഈ തുക പഞ്ചായത്ത് പ്രസിഡന്റിൽ നിന്നും സെക്രട്ടറിയിൽ നിന്നും ഈടാക്കാനായിരുന്നു 16-7-1999 ലെ സർക്കാർ ഉത്തരവിലെ നിർദ്ദേശം.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2000-2001, ഖണ്ഡിക III,36(b)(iv)]

ആഡിറ്റ് പരാമർശത്തിന്മേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി:—

(105) "ബന്ധപ്പെട്ട സെക്രട്ടറിക്കും പ്രസിഡന്റിനും നോട്ടീസ് നൽകിയിട്ടും ഇവർ ഓഡിറ്റ് പരാമർശം പരിഹരിക്കുന്നതിനോ തുക പഞ്ചായത്തിൽ അടയ്ക്കുന്നതിനോ കൂട്ടാക്കിയില്ല."

(വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 4-6-2005-ലെ ബി1-721/2000 നമ്പർ കത്ത് പ്രകാരം ലഭിച്ചത്.)

ഓഡിറ്റ് ഖണ്ഡിക

**7-ാം വാർഡിലെ ജലസേചന പദ്ധതി 12,90,000 രൂപ പ്രസിഡന്റ്, സെക്രട്ടറി എന്നിവരിൽ നിന്ന് ഈടാക്കൽ**

ജലസേചന പദ്ധതിക്ക് സാങ്കേതികാനുമതി ലഭിച്ചതായി കാണുന്നില്ല. പമ്പുസെറ്റുകളും , ഫിറ്റിംഗുകളും തയ്യാറാണെന്ന് 18-9-1999-ലെ കത്തുമുഖേന റെയ്ഡ്കോ അറിയിച്ചിരുന്നു. എന്നാൽ നാളിതുവരെ ഈ സാധനങ്ങൾ ഏറ്റെടുത്തതായി കാണുന്നില്ല. പണി പൂർത്തിയാകാത്തപക്ഷം ആ പദ്ധതിക്കായി ചെലവഴിച്ച 12,90,000 രൂപ പഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി എന്നിവരിൽ നിന്നും ഈടാക്കാൻ 16-7-99 ലെ സർക്കാർ ഉത്തരവ് നിർദ്ദേശിച്ചിരുന്നു.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2000-2001, ഖണ്ഡിക III,36(b)(v)]

ആഡിറ്റ് പരാമർശത്തിന്മേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി :—

(106) "ബന്ധപ്പെട്ട സെക്രട്ടറിക്കും പ്രസിഡന്റിനും നോട്ടീസ് നൽകിയിട്ടും ഇവർ ഓഡിറ്റ് പരാമർശം പരിഹരിക്കുന്നതിനോ തുക പഞ്ചായത്തിൽ അടയ്ക്കുന്നതിനോ കൂട്ടാക്കിയില്ല."

(വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 4-6-2005-ലെ ബി1-721/2000 നമ്പർ കത്ത് പ്രകാരം ലഭിച്ചത്.)

ഓഡിറ്റ് ഖണ്ഡിക

**കാപ്പിപ്പൊടി നിർമ്മാണ യൂണിറ്റ്**

ഏഴുപേർക്ക് സ്ഥിരം തൊഴിൽ നൽകുവാൻ തക്കവണ്ണം പ്രവർത്തിപ്പിക്കാൻ ഉദ്ദേശിച്ച് കാപ്പിപ്പൊടി നിർമ്മാണ യൂണിറ്റിനായി 1,75,000 രൂപ പ്ലാൻ ഫണ്ടിൽ നിന്നും ചെലവു ചെയ്ത് യന്ത്രസാമഗ്രികൾ വാങ്ങി . എന്നാൽ നാളിതുവരെ യൂണിറ്റ് പ്രവർത്തനം ആരംഭിച്ചിട്ടില്ല. 16-7-1999-ലെ സർക്കാർ ഉത്തരവിൽ യൂണിറ്റിന്റെ പ്രവർത്തനം ആരംഭിക്കാത്തപക്ഷം ഈ ഇനത്തിൽ ചെലവായ തുക ബന്ധപ്പെട്ട പഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി എന്നിവരിൽ നിന്നും തുല്യമായി ഈടാക്കാൻ നിർദ്ദേശിച്ചു.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2000-2001, ഖണ്ഡിക III,36(b)(vi)]

ആഡിറ്റ് പരാമർശത്തിന്മേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി:—

(107) "ബന്ധപ്പെട്ട സെക്രട്ടറിക്കും പ്രസിഡന്റിനും നോട്ടീസ് നൽകിയിട്ടും ഇവർ ഓഡിറ്റ് പരാമർശം പരിഹരിക്കുന്നതിനോ തുക പഞ്ചായത്തിൽ അടയ്ക്കുന്നതിനോ കൂട്ടാക്കിയില്ല."

(വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 4-6-2005-ലെ ബി1-721/2000 നമ്പർ കത്ത് പ്രകാരം ലഭിച്ചത്.)

ഓഡിറ്റ് ഖണ്ഡിക

**പഞ്ചായത്ത് ഓഫീസ് വസ്തുവിൽ ഓട നിർമ്മാണം-കൺവീനറിൽ നിന്ന് 35,900 രൂപ ഈടാക്കൽ**

വണ്ടിപ്പെരിയാർ ടൗണിൽ പഞ്ചായത്തിന്റെ കോമ്പൗണ്ടിൽ അരകിലോമീറ്റർ ദൂരം ഓട നിർമ്മിച്ച് ശുചിത്വം ഉറപ്പാക്കുക എന്നതായിരുന്നു പദ്ധതി.

പദ്ധതി നടത്തിപ്പിനായി കൺവീനർ മൊത്തം 35,900 രൂപ കൈപ്പറ്റിയിരുന്നു. എങ്കിലും എന്തെങ്കിലും സാമഗ്രികൾ ഇറക്കിയതായോ പണികൾ നടത്തിയതായോ കാണുന്നില്ല.

ഈ സാഹചര്യത്തിൽ 12-10-1998-ൽ സെക്രട്ടറി കൺവീനറോട് കൈപ്പറ്റിയ തുക തിരികെ അടയ്ക്കാൻ ആവശ്യപ്പെട്ടിരുന്നു.

ഈ പദ്ധതിയിലെ അഴിമതിയെക്കുറിച്ച് അന്വേഷണം നടത്തിയ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ 35,900 രൂപ കൺവീനറിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടയ്ക്കാൻ 1-11-99-ൽ നിർദ്ദേശിച്ചിരുന്നു.

16-7-1999 ലെ സർക്കാർ ഉത്തരവും 1-11-1999ലെ ഡെപ്യൂട്ടി ഡയറക്ടറുടെ കത്തും പ്രകാരം ഈ പദ്ധതികളിലെ തുകകൾ ക്രമീകരിക്കുന്നതിന് നിലവിലുള്ള

പഞ്ചായത്ത് സെക്രട്ടറിയും കമ്മിറ്റിയും ജാഗ്രത പാലിച്ചതായി കാണുന്നില്ല. ഈ കാര്യത്തിൽ സർക്കാർ എന്ത് പുനർ നടപടി എടുത്തു എന്നും വ്യക്തമല്ല.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2000-2001, ഖണ്ഡിക III,36(b)(vii)]

ആഡിറ്റ് പരാമർശത്തിന്മേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി :—

(108) "ബന്ധപ്പെട്ട സെക്രട്ടറിക്കും പ്രസിഡന്റിനും നോട്ടീസ് നൽകിയിട്ടും ഇവർ ഓഡിറ്റ് പരാമർശം പരിഹരിക്കുന്നതിനോ തുക പഞ്ചായത്തിൽ അടയ്ക്കുന്നതിനോ കൂട്ടാക്കിയില്ല."

(വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 4-6-2005 ലെ ബി1-721/2000 നമ്പർ കത്ത് പ്രകാരം ലഭിച്ചത്.)

(109) 16-7-1999-ലെ സർക്കാർ ഉത്തരവും 1-11-99-ലെ ഡെപ്യൂട്ടി ഡയറകടറുടെ കത്തും പ്രകാരം ഈ പദ്ധതികളിലെ തുകകൾ ക്രമീകരിക്കുന്നതിന് നിലവിലുള്ള പഞ്ചായത്ത് സെക്രട്ടറിയും കമ്മിറ്റിയും ജാഗ്രത പാലിച്ചതായി കാണുന്നില്ല എന്നും ഈ കാര്യത്തിൽ സർക്കാർ എന്ത് പുനർ നടപടി എടുത്തു എന്ന് വ്യക്തമല്ല എന്നും തെളിവെടുപ്പ് വേളയിൽ സമിതി അഭിപ്രായപ്പെട്ടു. ആഡിറ്റ് ഖണ്ഡിക 6(എ) മുതൽ 6(എച്ച്) വരെയുള്ള പരാമർശങ്ങളിൻമേൽ സർക്കാർ തലത്തിൽ അന്വേഷണം നടത്തിയതിന്റെ അടിസ്ഥാനത്തിൽ ശിക്ഷാനടപടികൾ നിർദ്ദേശിച്ച് പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ അതിൽ വീഴ്ചവരുത്തിയ അന്നത്തെ ഇടുക്കി ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഉൾപ്പെടെയുള്ളവർ ആരെന്ന് കണ്ടെത്തി അവർക്കെതിരെ നടപടി സ്വീകരിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടറേറ്റിൽ നിന്ന് ഒരു പ്രത്യേക ടീമിനെ അയച്ചു പരിശോധന നടത്താൻ പഞ്ചായത്ത് ഡയറക്ടർ നടപടി സ്വീകരിക്കണമെന്നും സമിതി ആവശ്യപ്പെട്ടിരുന്നു. ഇക്കാര്യത്തിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച വകുപ്പുതല നടപടി സംബന്ധിച്ച റിപ്പോർട്ട് ഒരു മാസത്തിനുള്ളിൽ സമിതിക്ക് നൽകണമെന്നും സമിതി നിർദ്ദേശിച്ചിരുന്നു.

## നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

(110) ഓഡിറ്റ് ഖണ്ഡികയിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള ക്രമക്കേടുകൾക്ക് മറുപടി നൽകുന്നതിൽ തികച്ചും നിഷേധാത്മകമായ നിലപാടാണ് ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറി സ്വീകരിച്ചിട്ടുള്ളത് എന്ന് സമിതി വിലയിരുത്തുന്നു. ഇത്രയും നിരുത്തരവാദപരമായ സമീപനം കൈക്കൊണ്ട പഞ്ചായത്ത് സെക്രട്ടറിക്കെതിരെ അടിയന്തിരമായി നടപടി സ്വീകരിക്കണമെന്നും, അതു സംബന്ധിച്ച വിശദവിവരങ്ങൾ സമിതിയെ അറിയിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(111) സമിതിയുടെ നിർദ്ദേശം പാലിക്കുന്നതിൽ പഞ്ചായത്ത് വകുപ്പ് കുറ്റകരമായ അനാസ്ഥയാണ് കാട്ടിയിരിക്കുന്നത്. ഇതിൽ സമിതി അസംതൃപ്തി രേഖപ്പെടുത്തുകയും ഇത് സംബന്ധിച്ച അന്വേഷണ റിപ്പോർട്ട് അടിയന്തിരമായി സമിതിക്ക് ലഭ്യമാക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

**അരണക്കൽ ക്ഷേത്രം-ശബരിമല റോഡ് ടാറിംഗ് 1,89,535 രൂപയുടെ ദുർവ്യയം**

ആറുകിലോമീറ്റർ ദൂരമുള്ള ഈ റോഡിന്റെ ഒന്നര കിലോമീറ്റർ 3 മീറ്റർ വീതിയിൽ ടാർ ചെയ്യാനായിരുന്നു പദ്ധതി. മൊബിലൈസേഷൻ അഡ്വാൻസായി 50,000 രൂപ, ടാർവിലയായി 1,14,435 രൂപ മെറ്റലിന്റെ വിലയായി 1,39,343 രൂപ എന്നിങ്ങനെ മൊത്തം 3,03,778 രൂപ 30-6-1998 വരെ ചെലവഴിച്ചു.

ഇതിൽ 1,89,535 രൂപയുടെ മെറ്റൽ സൈറ്റിൽ ഇറക്കിയതല്ലാതെ മറ്റൊരു പണിയും കൺവീനർ ചെയ്തതായി കാണുന്നില്ല. 1998-99-ലെ പദ്ധതിവിഹിതത്തിൽ ഈ പണിക്ക് പണം വകയിരുത്തിയില്ല. പണി പൂർത്തിയാക്കാൻ ഇതുവരെ നടപടി എടുത്തിട്ടില്ലാത്തതിനാൽ 1,89,535 രൂപയുടെ മെറ്റൽ വർഷങ്ങളായി പണി സ്ഥലത്ത് കിടക്കുകയാണ്. കാലപ്പഴക്കത്തിനാൽ ഈ മെറ്റലിന്റെ അളവിലും ഗുണത്തിലും സ്വാഭാവികമായി കുറവ് സംഭവിക്കും.

പഞ്ചായത്തിന്റെ 1,89,535 രൂപ ദുർവ്യയം ചെയ്യപ്പെട്ടു എന്നത് മാത്രമാണ് ഈ പദ്ധതിമൂലമുണ്ടായ ഫലം.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2000-2001, ഖണ്ഡിക III,36(c)]

ആഡിറ്റ് പരാമർശത്തിന്മേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി:—

(112) "ബന്ധപ്പെട്ട കൺവീനർക്ക് നോട്ടീസ് നൽകിയിട്ടും ഇവർ ഓഡിറ്റ് പരാമർശം പരിഹരിക്കുന്നതിനോ തുക പഞ്ചായത്തിൽ അടയ്ക്കുന്നതിനോ കൂട്ടാക്കിയില്ല."

(വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 4-6-2005-ലെ ബി1-721/2000 നമ്പർ കത്ത് പ്രകാരം ലഭിച്ചത്.)

(113) അരണക്കൽക്ഷേത്രം-ശബരിമല റോഡ് ടാറിംഗ് പണിയിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ടു സർക്കാർ തലത്തിലുള്ള അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ ശിക്ഷാനടപടികൾ നിർദ്ദേശിച്ച് പുറപ്പെടുവിച്ച ഉത്തരവ് നടപ്പാക്കുന്നതിലും 13-10-2000-ൽ വകുപ്പ്തലത്തിൽ വീണ്ടും നൽകിയ ഉത്തരവും നടപ്പാക്കുന്നതിൽ വീഴ്ച വരുത്തിയ ജില്ലാപഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ആരായിരുന്നുവെന്നതുൾപ്പെടെയുള്ള കാര്യങ്ങൾ പഞ്ചായത്ത് ഡയറക്ടറേറ്റിലെ ഒരു പ്രത്യേക ടീമിനെക്കൊണ്ട് അന്വേഷിപ്പിക്കണമെന്നും, പ്രസ്തുത ഉത്തരവുകൾ നടപ്പാക്കുന്നതിനായി സ്വീകരിച്ച നടപടികൾ സംബന്ധിച്ച് ഒരു മാസത്തിനുള്ളിൽ സമിതിയ്ക്ക് റിപ്പോർട്ട് നൽകണമെന്നും സമിതി നിർദ്ദേശിച്ചിരുന്നു.

## നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

(114) ലോക്കൽ ഫണ്ട് ആഡിറ്റ് ഡിപ്പാർട്ടുമെന്റ് സർചാർജ്ജ് നടപടിയെടുത്തുകഴിഞ്ഞ ഈ കേസ്സിന്റെ പരിശോധനയ്ക്കായി പഞ്ചായത്തു ഡയറക്ടറെതന്നെ

സമിതി ചുമതലപ്പെടുത്തിയിട്ടും ഇതു സംബന്ധിച്ച യാതൊരു അന്വേഷണ റിപ്പോർട്ടും ഇതുവരെ സമിതിയ്ക്ക് ലഭിച്ചിട്ടില്ലെന്നതിൽ സമിതി കടുത്ത അസംതൃപ്തി രേഖപ്പെടുത്തുകയും ഇതു സംബന്ധിച്ച റിപ്പോർട്ട് എത്രയും വേഗം ലഭ്യമാക്കാൻ നിർദ്ദേശിക്കുകയും ചെയ്യുന്നു. ഗവൺമെന്റ് തലത്തിൽ ഇക്കാര്യം അന്വേഷിക്കണമെന്നും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

## ചിന്നക്കനാൽ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 65,924 രൂപയുടെ പണാപഹരണം**

ചിന്നക്കനാൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി 2000 ഫെബ്രുവരി മാർച്ച് മാസങ്ങളിൽ വൗച്ചറുകൾ, അനുബന്ധരേഖകൾ എന്നിവ ഇല്ലാതെ പതിനാല് ചെക്കുകൾ മുഖേന ആകെ 65,924 രൂപ അനധികൃതമായി പിൻവലിച്ചിട്ടുള്ളതായി ഓഡിറ്റിൽ കണ്ടെത്തി. വ്യക്തമായ പണാപഹരണമായി മാത്രമേ ഇതിനെ കാണാനാവൂ.

(ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2000-2001, ഖണ്ഡിക III,38)

ആഡിറ്റ് പരാമർശത്തിന്മേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി :—

(115) "31-8-2000-ൽ വിരമിച്ച സെക്രട്ടറി ശ്രീ. സി. കറുപ്പസ്വാമിക്ക് 65,924 രൂപ ഉൾപ്പെടുത്തി ബാദ്ധ്യത സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്."

(ചിന്നക്കനാൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 4-6-2005-ലെ എ-458/05 നമ്പർ കത്ത് പ്രകാരം ലഭിച്ചത്.)

(116) ആഡിറ്റ് ഒബ്ജക്ഷനുമേൽ എന്തു നടപടി സ്വീകരിച്ചു എന്ന് തെളിവെടുപ്പ് വേളയിൽ സമിതി ആരാഞ്ഞതിൽ, അന്നത്തെ സെക്രട്ടറിയായിരുന്ന ശ്രീ. കറുപ്പസ്വാമി 31-8-2000-ൽ റിട്ടയർചെയ്തെന്നും അദ്ദേഹത്തിന് ലയബിലിറ്റി ഫിക്സ് ചെയ്ത് ബാദ്ധ്യതാ സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടെന്നും ഡിസി.ആർ.ജി.കൊടുത്തിട്ടില്ലെന്നും ചിന്നക്കനാൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

(117) പണാപഹരണവുമായി ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറി ശ്രീ. കറുപ്പ സ്വാമി റിട്ടയർചെയ്ത് 3 വർഷം കഴിഞ്ഞതിനാൽ അദ്ദേഹത്തിൽ നിന്ന് തുക ഈടാക്കാൻ കഴിയുന്നില്ലെങ്കിൽ മൂന്നുവർഷത്തിനുശേഷവും തുക ഈടാക്കുന്നതിന് നടപടി സ്വീകരിക്കാതിരുന്ന ഇടുക്കി ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്കെതിരെ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചിരുന്നു.

## നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

(118) ബന്ധപ്പെട്ട ഡെപ്യൂട്ടി ഡയറക്ടർക്കെതിരെ നടപടി സ്വീകരിക്കണമെന്ന സമിതി നിർദ്ദേശം നടപ്പാക്കുന്നതിൽ പഞ്ചായത്ത് വകുപ്പ് കടുത്ത അലംഭാവമാണ് കാണിച്ചിരിക്കുന്നത്. ഇതിൽ സമിതി അസംതൃപ്തി അറിയിക്കുകയും ഇതു

സംബന്ധിച്ച റിപ്പോർട്ട് 15 ദിവസത്തിനകം സമിതിയ്ക്ക് സമർപ്പിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്യുന്നു. കൂടാതെ കുറ്റക്കാരനായ പഞ്ചായത്ത് സെക്രട്ടറിക്ക് ബാദ്ധ്യതാ സർട്ടിഫിക്കറ്റ് നൽകുകയും, ഡി.സി.ആർ.ജി. റിലീസ് ചെയ്യാതിരിക്കുകയും ചെയ്ത സാഹചര്യത്തിൽ അപഹരണം നടത്തിയ തുക പലിശ സഹിതം അദ്ദേഹത്തിൽ നിന്നും ഈടാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

**മുട്ടുകാട് പെരിയകനാൽ റോഡ് നിർമ്മാണം-തുക അധികം നൽകി-14,296 രൂപ നഷ്ടം**

ഒന്നാം വാർഡിൽ നിന്നും എൻ.എച്ച് 49 ലേയ്ക്കുള്ള മുട്ടയ്ക്കാട്-പെരിയകനാൽ റോഡിൽ 700 മീറ്റർ ദൂരം സംരക്ഷണഭിത്തി നിർമ്മിച്ച് മൺപണി നടത്തി ഗതാഗത യോഗ്യമാക്കുന്നതിന് കൺവീനർക്ക് നൽകേണ്ടിയിരുന്ന തുക 5,45,921 രൂപയാണ്. എന്നാൽ 5,60,217 രൂപ നൽകിയതായി കാണുന്നു. ഈ പ്രവൃത്തിയിൽ 14,296 രൂപ പഞ്ചായത്തിന് നഷ്ടപ്പെട്ടിട്ടുണ്ട്.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2000-2001, ഖണ്ഡിക V 6,4]

ആഡിറ്റ് പരാമർശത്തിന്മേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി:—

(119) "28-2-2003-ൽ വിരമിച്ച സെക്രട്ടറി ശ്രീ. പി.എസ് രാജപ്പന് 14296 രൂപ ഉൾപ്പെടുത്തി ബാദ്ധ്യത സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്."

(ചിന്നക്കനാൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 4-6-2005-ലെ എ-458/05 നമ്പർ കത്ത് പ്രകാരം ലഭിച്ചത്.)

(120) റോഡ് നിർമ്മാണത്തിന് 14,296 രൂപ അധികം നൽകിയത് സംബന്ധിച്ച് എന്ത് നടപടി സ്വീകരിച്ചു എന്ന് സമിതി ആരാഞ്ഞതിൽ ബന്ധപ്പെട്ട സെക്രട്ടറിക്ക് ഡി.സി.ആർ.ജി. കൊടുത്തിട്ടില്ലെന്നും അച്ചടക്ക നടപടി എടുത്തിട്ടുണ്ടെന്നും ചിന്നക്കനാൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. തുക അധികം നൽകിയ സെക്രട്ടറി ശ്രീ. പി. എസ്. രാജപ്പൻ റിട്ടയർചെയ്തിട്ട് 3 വർഷമായതിനാൽ പഞ്ചായത്തിന് നഷ്ടപ്പെട്ട തുക എത്രയും പെട്ടെന്ന് അദ്ദേഹത്തിൽ നിന്ന് ഈടാക്കാൻ ഇടുക്കി ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു. ശ്രീ.രാജപ്പനിൽ നിന്ന് തുക ഈടാക്കുന്നതിൽ കാലതാമസം വരുത്തിയ അന്നത്തെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഉൾപ്പെടെയുള്ളവർ ആരെല്ലാമെന്ന് സമിതിയെ അറിയിക്കണമെന്നും സമിതി നിർദ്ദേശിച്ചിരുന്നു.

## നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

(121) സമിതിയുടെ നിർദ്ദേശം നാളിതുവരെ നടപ്പിലാക്കിയിട്ടില്ല എന്നത് സമിതിയോടുള്ള അവഹേളനമായി സമിതി കരുതുന്നു. ഇതിനുത്തരവാദിയായ ഡെപ്യൂട്ടി ഡയറക്ടർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കുകയും

പഞ്ചായത്തിനുണ്ടായ നഷ്ടം അദ്ദേഹത്തിൽ നിന്ന് ഈടാക്കി സമിതിയ്ക്ക് റിപ്പോർട്ട് നൽകുകയും ചെയ്യണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## വട്ടവട ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**വ്യാപകമായ രീതിയിലുള്ള പണാപഹരണം**

വട്ടവട ഗ്രാമപഞ്ചായത്തിൽ 1996-97 വർഷം സെക്രട്ടറി ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർ കൂട്ടുചേർന്നുകൊണ്ട് വ്യാജരേഖകൾ ചമച്ച് വ്യാപകമായ രീതിയിൽ വൻ പണാപഹരണം നടത്തിയിട്ടുള്ളതായി ഓഡിറ്റിൽ കണ്ടെത്തി. പ്രധാന സംഭവങ്ങൾ ചുവടെ ചേർക്കുന്നു.

(എ) സെക്രട്ടറി 9-12-1996-ൽ സെൽഫ് ചെക്ക് നമ്പർ 55608 പ്രകാരം മാറിയെടുത്ത 35,000 രൂപ ചെലവഴിച്ചതിന് രേഖയില്ല.

(ബി) പ്രസിഡന്റിനും മെമ്പർമാർക്കും 1996 ജൂലായ് മുതൽ നവംബർ വരെയുള്ള ഓണറേറിയം എന്ന പേരിൽ പിൻവലിച്ച 31,000 രൂപയും 1996 ഡിസംബർ, 1997 ജനുവരി, ഫെബ്രുവരി മാസങ്ങളിലെ ഓണറേറിയം, സിറ്റിംഗ് ഫീ ഇനങ്ങളിൽ പിൻവലിച്ച 25,540 രൂപയും ആർക്കും നൽകിയതായി കാണുന്നില്ല.

(സി) വൗച്ചർ നമ്പർ 10/11-96 പ്രകാരം ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ നിന്നും ഏറ്റുവാങ്ങിയ 20 രസീതുബുക്കുകളിൽ 6 എണ്ണം സ്റ്റോക്കിൽ എടുത്തിട്ടില്ല. വളരെ ഗുരുതരമായ ക്രമക്കേടുകൾക്ക് ഇത് അവസരം നൽകുന്നുണ്ട്.

(ഡി) ഇംപ്രസ്സ് തുകയായി സെക്രട്ടറി കൈവശം വെച്ചിരുന്ന 800 രൂപ ചാർജ് വിടുമ്പോൾ തിരികെ ഏൽപ്പിച്ചിട്ടില്ല.

(ഇ) വൗച്ചർ നമ്പർ 13/12-96 പ്രകാരം വികസന രേഖയുടെ പ്രിന്റിംഗിന് എന്ന പേരിൽ പിൻവലിച്ച 30,000 രൂപയുടെ ചെലവ് സംബന്ധമായ രേഖയൊന്നുമില്ല.

(എഫ്) നിയമ ബോധന സെമിനാറിൽ പങ്കെടുത്തവർക്ക് ആഹാരം നൽകിയതിന് എന്ന പേരിൽ വൗച്ചർ 14/10-96 പ്രകാരം വ്യാജ രസീതുണ്ടാക്കി 7,000 രൂപ അപഹരിച്ചതായി സംശയിക്കുന്നു.

(ജി) പഞ്ചായത്ത് ദിനാഘോഷത്തിന് 12-2-2007 ൽ 1000 രൂപ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകിയതിന് പകരം സെക്രട്ടറി 13-2-1997-ലെ 414401-ാം നമ്പർ ട്രഷറി ചെക്കു പ്രകാരം 10,000 രൂപ പിൻവലിച്ചു. ഇതിൽ 9000 രൂപ അപഹരിച്ചിരിക്കുന്നതായി കാണുന്നു.

(എച്ച്) സെക്രട്ടറി വൗച്ചർ നമ്പർ 4/3-97, 5/3-97 എന്നിവ പ്രകാരം പിൻവലിച്ച 730 രൂപ നിയമപരമായി ചെലവഴിച്ചതിന് യാതൊരു രേഖകളും ഹാജരാക്കിയില്ല.

(ഐ) ചെക്കു നമ്പർ 55604/12-7-96 പ്രകാരം സെക്രട്ടറി പിൻവലിച്ച 7,500 രൂപയുടെ ചെലവിന് രേഖയില്ല.

(ജെ) വിവിധ പൊതുമരാമത്ത് പണികൾക്കായി സാധനങ്ങൾ വാങ്ങി എന്ന പേരു പറഞ്ഞ് വ്യാജരസീതുകളും മറ്റും ഹാജരാക്കി സെക്രട്ടറി 4,31,979 രൂപ അപഹരിച്ചതായി കാണുന്നു.

(കെ) നേരത്തെ പണി പൂർത്തിയാക്കിയിരുന്ന കോവിലൂർ റോഡിന്റെ സോളിംഗ്, മെറ്റലിംഗ്, ടാറിംഗ് ജോലികൾക്കായി വീണ്ടും സാധനങ്ങൾ വാങ്ങി എന്ന പേരു പറഞ്ഞ് സെക്രട്ടറി വ്യാജരേഖ ചമച്ച് 1,80,000 രൂപ അപഹരിച്ചതായി സംശയിക്കുന്നു.

(എൽ) നേരത്തെ പണി പൂർത്തിയാക്കിയിരുന്ന കോവിലൂർ കമ്മ്യൂണിറ്റി ഹാൾ നിർമ്മാണത്തിനെന്ന പേരിൽ കൃത്രിമ രേഖ ചമച്ച് സെക്രട്ടറി 40,358 രൂപ പിൻവലിച്ചിട്ടുണ്ട്.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2000-01 ഖണ്ഡിക III,39 (a)]

(ഗ്രാമ പഞ്ചായത്തിൽ നിന്നും മറുപടി ലഭിച്ചിട്ടില്ല.)

**വ്യാജരേഖ ചമച്ച് പണാപഹരണം**

നടപ്പിലാക്കാത്ത മരാമത്ത് പണികളുടെ ആവശ്യത്തിനായി സാധനസാമഗ്രികൾ വാങ്ങിയ വില, കൂലി എന്നീ ഇനങ്ങളുടെ പേരു പറഞ്ഞ് വൗച്ചർ നമ്പർ 2/4-97, 5/4-97, 8/4-97, 7/4-97 എന്നിവ പ്രകാരം മൊത്തം 63,921 രൂപ പിൻവലിച്ചിട്ടുള്ളതായി കാണുന്നു.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2000-01 ഖണ്ഡിക III,40 (a)]

ആഡിറ്റ് പരാമർശത്തിന്മേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി :—

(122) "വിശദീകരണം ചോദിച്ചു മേൽ നടപടിയ്ക്ക് ശുപാർശ ചെയ്തു."

(വട്ടവട ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 8-6-2005-ലെ എ1-15/05 നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

(123) 1996-97 വർഷം ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. കമലാസനൻ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർ കൂട്ടുചേർന്ന് നടത്തിയ വ്യാപകമായ പണാപഹരണം സംബന്ധിച്ച് വകുപ്പുതലത്തിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് സമിതി ആരാഞ്ഞതിന്, പണാപഹരണത്തിനുത്തരവാദിയായ സെക്രട്ടറി ശ്രീ. കമലാസനന് പഞ്ചായത്ത് ഡയറക്ടർ ചാർജ് മെമ്മോ നൽകിയിരിക്കുകയാണെന്നും ഇദ്ദേഹത്തിനെതിരെ എട്ടരലക്ഷത്തോളം രൂപയുടെ ബാധ്യതയുണ്ടെന്നും വട്ടവട ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

(124) വട്ടവട ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. കമലാസനന് എതിരെയുള്ള അച്ചടക്ക നടപടികൾ സംബന്ധിച്ച വിശദാംശം ഒരാഴ്ചയ്ക്കുള്ളിൽ സമിതിയ്ക്ക് നൽകണമെന്ന് സമിതി നിർദ്ദേശിച്ചിരുന്നു.

(125) പഞ്ചായത്ത് ഡയറക്ടറിൽ നിന്ന് എച്ച് 4/19165/05 നമ്പരായി 28-6-2005-ൽ അസിസ്റ്റന്റ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ വട്ടവട ഗ്രാമപഞ്ചായത്തിൽ കണ്ടെത്തിയിട്ടുളള ക്രമക്കേടുകളിൽ മിക്കതിലും വിജിലൻസ് അന്വേഷണം നടത്തിവരുന്നതായി അറിയാൻ കഴിഞ്ഞിട്ടുണ്ടെന്നും വിജിലൻസ് അന്വേഷണം നടക്കുന്ന വിഷയങ്ങളിൽ സമാന്തരമായി വകുപ്പുതല നടപടി പാടില്ലെന്നതിനാൽ വകുപ്പുതലത്തിൽ അന്വേഷണവും നടപടിയും സ്വീകരിക്കേണ്ടതുണ്ടോ എന്ന് ആരാഞ്ഞുകൊണ്ട് 23-3-2003-ന് സർക്കാരിലേക്ക് എഴുതുകയുണ്ടായെന്നും അറിയിച്ചിരിക്കുന്നു. ശ്രീ. കമലാസനനെതിരെ നിരവധി കേസുകൾ നിലനിൽക്കുന്നതിനാൽ ടിയാനെ സർവ്വീസിൽ നിലനിർത്തുന്നതിലെ അപാകത സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ ടിയാന്റെ പേരിലുളള അച്ചടക്ക നടപടി ഉടനെ പൂർത്തിയാക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചെന്നും ഇതിൻപ്രകാരം ടിയാന് കുറ്റപത്രം നൽകിയെന്നും 9-3-2005-ൽ ടിയാൻ കൈപ്പറ്റിയെങ്കിലും നാളിതുവരെ എതിർവാദവിവരപത്രിക സമർപ്പിച്ചിട്ടില്ലെന്നും റിപ്പോർട്ടിൽ പറയുന്നുണ്ട്. തുടർന്ന് ഇതിന്മേൽ വിശദാന്വേഷണം നടത്തുന്നതിന് ഇടുക്കി ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്നും റിപ്പോർട്ട് കിട്ടിയാലുടനെ ശിക്ഷ നിശ്ചയിച്ച് നടപടി പൂർത്തിയാക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു.

## നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

(126) വ്യാജരേഖ ചമച്ച് പണപഹരണം നടത്തിയ സെക്രട്ടറി ശ്രീ. കമലാസനനെതിരെയുളള അന്വേഷണം ത്വരിതഗതിയിലാക്കണമെന്നും ടിയാനെതിരെ നടപടി സ്വീകരിച്ച് റിപ്പോർട്ട് ഒരു മാസത്തിനകം സമിതിയ്ക്ക് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. കൂടാതെ ടിയാൻ നടത്തിയ ക്രമക്കേടുകൾമൂലം പഞ്ചായത്തിനു നഷ്ടമായ തുക ഈടാക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**കിടാരി പദ്ധതിയിലെ ക്രമക്കേടുകൾ**

പഞ്ചായത്തിൽ 1997-98 വർഷം മൊത്തം 2,32,440 രൂപയുടെ അടങ്കലിൽ നടപ്പിലാക്കിയ വിതരണ പദ്ധതിയിൽ ഒട്ടനവധി ക്രമക്കേടുകൾ കാണുന്നുണ്ട്. പദ്ധതിയനുസരിച്ചുളള പർചേസിംഗ് കമ്മിറ്റി, ഗുണഭോക്തൃ സമിതി, മോണിട്ടറിംഗ് സമിതി എന്നിവയൊന്നും രൂപീകരിച്ചിരുന്നില്ല. കിടാരികളെ വാങ്ങാനായി പണം നൽകിയതിന്റെ യാതൊരു രേഖയും ലഭ്യമല്ല. വിതരണം ചെയ്ത കിടാരികളിൽ 12 എണ്ണത്തിന്റെ ഗുണനിലവാരവും വിലയും വിശ്വസനീയമല്ല എന്ന കാരണത്താൽ വെറ്റിനറി സർജൻ അവ വാങ്ങിയ ഇടപാട് സാക്ഷ്യപ്പെടുത്തുവാൻ വിസമ്മതിക്കുകയും ചെയ്തു. ഈ ഇടപാടിൽ മാത്രം മൊത്തം 61,860 രൂപ ഉൾപ്പെട്ടിട്ടുണ്ട്. നിയമവിരുദ്ധമായ ചെലവ്, അധികാര ദുർവിനിയോഗം, പൊതുമുതൽ കൈകാര്യം ചെയ്തതിലെ അശ്രദ്ധ തുടങ്ങിയവ ഈ പദ്ധതിയിൽ പ്രകടമാണ്.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2000-01 ഖണ്ഡിക III,40 (b)]

ആഡിറ്റ് പരാമർശത്തിന്മേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി :—

(127) "വിശദീകരണം ചോദിച്ച് ബന്ധപ്പെട്ട മെമ്പർ, സെക്രട്ടറി എന്നിവരിൽ നിന്നും തുക ഈടാക്കുന്നതിന് പ്രാരംഭ നടപടികൾ സ്വീകരിക്കുന്നതിന് ശുപാർശ ചെയ്തു."

(വട്ടവട ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 8-6-2005-ലെ എ1-15/05 നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

(128) കിടാരികളെ വാങ്ങുന്നതിനായി പണം നൽകിയതിന് രേഖകളില്ലാത്ത സാഹചര്യത്തിലും വിതരണം ചെയ്ത കിടാരികളിൽ 12 എണ്ണത്തിന്റെ ഗുണനിലവാരവും വിലയും വിശ്വസനീയമല്ലെന്ന കാരണത്താൽ വെറ്റിനറി സർജൻ പ്രസ്തുത പർച്ചേസ് സാക്ഷ്യപ്പെടുത്താൻ വിസമ്മതിക്കുകയും ചെയ്തിരിക്കുന്ന സാഹചര്യത്തിൽ വെറ്റിനറി സർജൻ ഇക്കാര്യത്തിൽ നിരപരാധിയാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. മാത്രമല്ല പഞ്ചായത്ത് സെക്രട്ടറി തന്നെയായിരുന്നു ഈ പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥനെന്നതിനാൽ അന്നത്തെ സെക്രട്ടറിയായിരുന്ന ശ്രീ. കമലാസനൻ തന്നെയാണ് ഈ ക്രമക്കേടിനും ഉത്തരവാദി.

## നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

(129) നിരവധി ക്രമക്കേടുകൾക്കുത്തരവാദിയായ പഞ്ചായത്ത് സെക്രട്ടറി ശ്രീ. കമലാസനൻ തന്നെയാണ് ഈ ക്രമക്കേടും നടത്തിയിട്ടുള്ളതെന്നതിനാൽ ടിയാനെതിരെ കർശനമായ ശിക്ഷാനടപടികൾ അടിന്തിരമായി സ്വീകരിച്ച് സമിതിയ്ക്ക് ഒരു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

## പാമ്പാടുംപാറ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**തൊഴിൽക്കരം പിരിച്ച 27,990 രൂപ അപഹരിച്ചു**

പഞ്ചായത്തിൽ 1999 ഏപ്രിൽ, ജൂൺ മാസങ്ങളിൽ 18068-ാം നമ്പർ രസീത് ബുക്ക് ഉപയോഗിച്ച് പിരിച്ച തൊഴിൽ നികുതിയിൽ 27,990 രൂപ ഫണ്ടിൽ അടച്ചിട്ടില്ല. ഇതിന് ഉത്തരവാദിയായ വ്യക്തിക്കെതിരെ നടപടി സ്വീകരിക്കുകയും തുക പലിശ സഹിതം തിരിച്ചു പിടിക്കുകയും വേണം.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2000-01 ഖണ്ഡിക III,41]

ആഡിറ്റ് പരാമർശത്തിന്മേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി :—

(130) "ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള പ്രകാരം ശ്രീമതി പി. എൻ. വത്സമ്മ അപഹരിച്ച 27990 രൂപ പലിശ സഹിതം തിരിച്ചടയ്ക്കണമെന്ന് കാണിച്ച് ഓഡിറ്റ് റിപ്പോർട്ട് പരാമർശ ഖണ്ഡികയുടെ ശരിപ്പകർപ്പ് സഹിതം രജിസ്ട്രേഡ് കത്ത് 25-4-2002-ൽ നൽകുകയും എന്നാൽ തുക അടയ്ക്കാത്തതിനെ തുടർന്ന് 8-6-2004-ൽ പഞ്ചായത്ത് കമ്മിറ്റി ചർച്ച ചെയ്യുകയും ടി ജീവനക്കാരിയിൽ നിന്നും തുക തിരിച്ചു

പിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ബഹു. പഞ്ചായത്ത് ഡയറക്ടറോട് ആവശ്യപ്പെട്ടുകൊണ്ട് പ്രമേയം പാസ്സാക്കുകയും അയച്ചു നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെ ടി തുക പാമ്പാടും പാറ ഗ്രാമപഞ്ചായത്തിൽ ഒടുക്കുവന്നിട്ടില്ലാത്തതുമാകുന്നു."

(പാമ്പാടുംപാറ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 31-5-2006-ലെ എ2-345/05 നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

(131) 27,990 രൂപ അപഹരിച്ച ശ്രീമതി പി. എൻ. വത്സമ്മയ്ക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് സമിതി ആരാഞ്ഞു. വകുപ്പുതല നടപടിയുടെ ഭാഗമായി യു.ഡി. ക്ലാർക്കായിരുന്ന ശ്രീമതി വത്സമ്മയെ എൽ.ഡി. ക്ലാർക്കായി തരംതാഴ്ത്തുകയും 18% പലിശ സഹിതം തുക ഈടാക്കണമെന്ന് നിർദ്ദേശിച്ച് 17-8-2004-ൽ ശിക്ഷാനടപടികൾ തീർപ്പാക്കി ഉത്തരവ് ഡി.ഡി.പിയ്ക്ക് നൽകിയിരുന്നുവെന്നും പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ സമിതിയെ അറിയിച്ചു. പഞ്ചായത്ത് ഡയറക്ടറിൽ നിന്നുള്ള പ്രസ്തുത ഉത്തരവിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന ചോദ്യത്തിന് രണ്ടുദിവസത്തിനുള്ളിൽ മറുപടി നൽകാമെന്ന് ഇടുക്കി ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ സമിതിയെ അറിയിച്ചു. തുക 18% പലിശ സഹിതം ഈടാക്കുന്നതിന് 17-8-2004-ൽ പഞ്ചായത്ത് ഡയറക്ടർ ഉത്തരവ് നൽകി രണ്ടു വർഷമായിട്ടുപോലും അതിനുള്ള നടപടികൾ സ്വീകരിക്കാതിരുന്നത് ഇടുക്കി ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഭാഗത്തുനിന്നുള്ള ഗുരുതരമായ കൃത്യവിലോപമാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. ഇടുക്കി ജില്ലാ പഞ്ചായത്ത് ഡി.ഡി.പി, എ.ഡി.പി ഓഫീസുകളുടെ നിരുത്തരവാദപരമായ സമീപനമാണ് ഇത് വെളിവാക്കുന്നത്.

(132) ശ്രീമതി വത്സമ്മയിൽ നിന്ന് 18% പലിശ സഹിതം തുക തിരികെ പിടിക്കുന്നതിനുള്ള പഞ്ചായത്ത് ഡയറക്ടറുടെ ഉത്തരവ് പോലും നടപ്പാക്കുന്നതിൽ വീഴ്ച വരുത്തിയ ഇടുക്കി ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, അസിസ്റ്റന്റ് ഡയറക്ടർ, മറ്റുദ്യോഗസ്ഥർ എന്നിവർ ആരെല്ലാമാണെന്ന് കണ്ടെത്തി പണം അടിയന്തിരമായി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ഒരു മാസത്തിനുള്ളിൽ റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിച്ചിരുന്നു.

(133) പഞ്ചായത്ത് ഡയറക്ടറുടെ 8-3-2006-ലെ എച്ച് 4-19459/05 നമ്പർ കത്തിൽ ശ്രീമതി പി. എൻ. വത്സമ്മയുടെ ശമ്പളത്തിൽ നിന്നും 19,615 രൂപ നാളിതുവരെ റിക്കവറി നടത്തിയിട്ടുള്ളതായി അറിയിച്ചിരിക്കുന്നു.

## നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

(134) ശ്രീമതി പി.എൻ. വത്സമ്മയിൽ നിന്നും ബാക്കി തുക കൂടി അടിയന്തിരമായി ഈടാക്കി സമിതിയ്ക്ക് റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

## മരിയാപുരം ഗ്രാമപഞ്ചായത്ത്

**ക്ഷീരവികസന ബോധവല്ക്കരണം തുക ദുർവിനിയോഗം ചെയ്തു**

23-2-2000-ൽ നടന്ന ക്ഷീരവികസന ബോധവല്ക്കരണ ക്യാമ്പിന്റെ നടത്തിപ്പിനായി ചെലവഴിച്ച 8750 രൂപയിൽ റിഫ്രഷ്മെന്റിനായി 750 രൂപ ചെലവു ചെയ്തതിനുശേഷം

ബാക്കി തുകയായ 8000 രൂപ ക്യാമ്പിൽ പങ്കെടുത്ത 80 പേർക്ക് ആളൊന്നിന് 100 രൂപ നിരക്കിൽ പണമായി നല്കിയിരിക്കുന്നു. ഇത് നിയമവിരുദ്ധമാണ്. ടി തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2001 -02 ഖണ്ഡിക V, 6, 2]

ആഡിറ്റ് പരാമർശത്തിന്മേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി:—

(135) "ഈ ആഫീസിൽ നിന്നും എ1-509 തീയതി 29-4-2002-ലും, എ4-445/04 തീയതി 1-9-2004-ലും നിർവ്വഹണ ഉദ്യോഗസ്ഥനും വകുപ്പു മേധാവിക്കും കത്തുകൾ അടിയന്തിരമായി നൽകിയിട്ടുള്ളതാകുന്നു."

(മരിയാപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 9-6-2005-ലെ എ1-165/05 നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

(136) ആഡിറ്റ് പരാമർശം സംബന്ധിച്ച് സമിതിയുടെ ചോദ്യത്തിന് മുൻവെറ്റിനറി സർജൻ നൽകിയ വിവരത്തിന്റെ വിശദീകരണവും, ഇതു സംബന്ധിച്ച കൈപ്പറ്റു രസീതും ഉൾപ്പെടെ ഫയൽ ഇടുക്കി ജില്ലാ ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ പരിശോധനയ്ക്ക് നൽകാൻ സമിതി നിർദ്ദേശിച്ചിരുന്നു.

(137) ലോക്കൽ ഫണ്ട് ഡയറക്ടറുടെ 7-9-2005-ലെ എൽ.എഫ്. 10096/സ്പെ.സെൽ (ജി1)/2005 നമ്പർ കത്തിനോടൊപ്പം ലഭിച്ച റിപ്പോർട്ടിൽ സമിതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നാരകത്താനം മൃഗാശുപത്രിയിൽ സൂക്ഷിച്ചിരുന്ന രസീതുകൾ പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുള്ളതാണെന്നറിയിച്ചിരിക്കുന്നു.

## നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

(138) നിർവ്വഹണോദ്യോഗസ്ഥന്റെ വിശദീകരണം തൃപ്തികരമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശുപാർശ ചെയ്യുന്നു.

## വണ്ണപ്പുറം ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**ആസൂത്രിതമല്ലാത്ത ടി.വി. വാങ്ങൽ**

ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ ക്ലബ്ബുകൾക്കും സാംസ്കാരിക സ്ഥാപനങ്ങൾക്കും സൗജന്യമായി വിതരണം ചെയ്യുന്നതിലേക്കുവേണ്ടി 1,70,000 രൂപ മുതൽ മുടക്കി വാങ്ങിയ ടി.വി 6 എണ്ണം മാത്രം വിതരണം ചെയ്തിട്ടുള്ളതായി കാണുന്നു. വിതരണം ചെയ്യാതിരുന്ന 4 ടി.വി സെറ്റുകളിൽ 2 എണ്ണം ഭൗതിക പരിശോധനയിൽ സ്റ്റോക്കിൽ ഇല്ല എന്ന് വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. മിച്ചമുള്ള രണ്ടെണ്ണം ഉപയോഗയോഗ്യമല്ലാതെ ഉപേക്ഷിക്കപ്പെട്ട നിലയിലുമാണ്. വിതരണം ചെയ്യാത്ത 4 ടി.വി. സെറ്റുകളുടെ വിലയായ 68,000 രൂപ ഇതിനുത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2001-02 ഖണ്ഡിക V,6,5 (1)]

ആഡിറ്റ് പരാമർശത്തിന്മേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി :—

(139) "ഓഡിറ്റ് പരാമർശം അനുസരിച്ച് ഉത്തരവാദിയായ ഉദ്യോഗസ്ഥൻ, ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. സി.വി. മണിയാചാരി, ചൊക്കനാവീട്ടിൽ, മുതലക്കോടം പി.ഒ. തൊടുപുഴ എന്നയാൾക്ക് 9-8-2002-ൽ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രസക്തഭാഗങ്ങളുടെ പകർപ്പ് സഹിതം തുക തിരികെ അടയ്ക്കുന്നതിനുള്ള കത്ത് നൽകിയിരുന്നു. എന്നാൽ നാളിതുവരെ ടിയാൻ തുക തിരികെ അടയ്ക്കുകയോ മറ്റു വിശദീകരണങ്ങൾ രേഖാമൂലം നൽകുകയോ ചെയ്തിട്ടില്ല. ടി വിഷയം സംബന്ധിച്ച് വിജിലൻസ് എൻക്വയറി നടക്കുന്നതിനാൽ ഗ്രാമപഞ്ചായത്ത് മറ്റു തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. ആദ്യം വിതരണം ചെയ്തത് കൂടാതെ സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കാതെ വിതരണം ചെയ്തിരുന്ന രണ്ട് ടി.വി. സെറ്റുകൾ വിജിലൻസ് എൻക്വയറിയെ തുടർന്ന് ദേശസേവിനി റിക്രിയേഷൻ ക്ലബ് & റീഡിംഗ് റൂം, വാൽപ്പാറ മുണ്ടൻമുടി.പി.ഒ. സഹൃദയ ആർട്സ് & സ്പോട്സ് ക്ലബ് വഞ്ചിക്കൽ, പുളിക്കത്തൊട്ടി.പി.ഒ. എന്നീ സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്താഫീസിൽ തിരികെ ഏൽപ്പിച്ചിട്ടുണ്ട് എന്നുള്ള വിവരവും റിപ്പോർട്ട് ചെയ്തുകൊള്ളുന്നു."

(വണ്ണപ്പുറം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 6-6-2005-ലെ എ3-293/05 നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

(140) കാണാതായ ടി.വി. സെറ്റുകൾ കണ്ടെത്തുന്നതിനുള്ള വിജിലൻസ് അന്വേഷണം പൂർത്തിയായോ എന്ന് സമിതി ആരാഞ്ഞതിന് രണ്ടുവർഷമായി അന്വേഷണം നടക്കുകയാണെന്നും അന്വേഷണം പൂർത്തിയാക്കിയിട്ടില്ലെന്നു മായിരുന്നു വണ്ണപ്പുറം ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകിയത്. വിജിലൻസ് അന്വേഷണത്തിന്റെ ഫലമായി രണ്ട് ക്ലബ്ബുകളിൽ ഇരുന്ന രണ്ട് ടി.വി. സെറ്റുകൾ പഞ്ചായത്ത് ഓഫീസിൽ തിരികെ കൊണ്ടുവച്ചിട്ടുണ്ടെന്നും ഇനിയും രണ്ട് ടി.വി. സെറ്റുകൾകൂടി കണ്ടെത്താനുണ്ടെന്നും സെക്രട്ടറി അറിയിച്ചു. അന്നത്തെ പഞ്ചായത്ത് സെക്രട്ടറി ശ്രീ. മണിആചാരി ഇപ്പോൾ സർവ്വീസിലുണ്ടോ എന്നും പെൻഷൻ ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ടോ എന്നും സമിതി ആരാഞ്ഞതിന് അദ്ദേഹം 30-4-1999-ൽ പെൻഷനായെന്നും ആനുകൂല്യങ്ങൾ കൊടുത്തിട്ടില്ലായെന്നും സെക്രട്ടറി അറിയിച്ചു.

## നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

(141) ഇക്കാര്യത്തിൽ സമിതിക്ക് റിപ്പോർട്ട് നൽകുവാനും പഞ്ചായത്തിന് നഷ്ടപ്പെട്ട തുക ഈടാക്കുവാനും നടപടി സ്വീകരിക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

**വെൺമറ്റം-കപ്പിലാംചുവട് റോഡ് പണി-94,268 രൂപ അനുവദിക്കുന്നില്ല.**

വെൺമറ്റം-കപ്പിലാംചുവട് റോഡ് പുനരുദ്ധാരണത്തിനുള്ള പണിക്ക് വേണ്ടി 94,268 രൂപ നൽകിയതായി കാണുന്നു. എന്നാൽ പരിശോധനയ്ക്കായി ഹാജരാക്കിയ രേഖകൾ അപൂർണ്ണമാണ്. ഈ വേല യഥാർത്ഥത്തിൽ ചെയ്തിട്ടില്ല എന്ന് സംശയിക്കുന്നു. ഈ കാരണങ്ങളാൽ ഈ ഇനത്തിൽ നൽകിയ 94,268 രൂപ ഓഡിറ്റ് അംഗീകരിക്കുന്നില്ല. തുക പഞ്ചായത്ത് ഫണ്ടിലേക്ക് തിരിച്ചടക്കേണ്ടതും കുറ്റക്കാർക്കെതിരെ അനുയോജ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2001-02 ഖണ്ഡിക V, 6,5 (ii)]

ആഡിറ്റ് പരാമർശത്തിന്മേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി :—

(142) "ഓഡിറ്റ് പരാമർശം അനുസരിച്ച് ഉത്തരവാദിയായ ഉദ്യോഗസ്ഥൻ, ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. പി. എസ്. രാജപ്പൻ, സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി, വണ്ടൻമേട് ഗ്രാമപഞ്ചായത്ത്പേർക്ക് 9-8-2002-ൽ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രസക്തഭാഗങ്ങളുടെ പകർപ്പ് സഹിതം തുക തിരികെ അടയ്ക്കുന്നതിനുള്ള കത്ത് നൽകിയിരുന്നു. എന്നാൽ നാളിതുവരെ ടിയാൻ തുക തിരികെ അടയ്ക്കുകയോ മറ്റു വിശദീകരണങ്ങൾ രേഖാമൂലം നൽകുകയോ ചെയ്തിട്ടില്ല. ടി ഫയൽ പരിശോധിച്ചതിൽ നിന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിനായി മെഷർമെന്റ് ബുക്ക് പൂർത്തീകരിക്കുകയോ മസ്റ്റർറോൾ, വൗച്ചറുകൾ എന്നിവ നാളിതുവരെ തയ്യാറാക്കിയതായോ കണ്ടെത്തുന്നതിന് കഴിഞ്ഞിട്ടില്ലെന്നുള്ള വിവരവും റിപ്പോർട്ട് ചെയ്തുകൊള്ളുന്നു."

(വണ്ണപ്പുറം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 6-6-2005-ലെ എ3-293/05 നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

(143) ക്രമക്കേടിനുത്തരവാദിയായ സെക്രട്ടറി ശ്രീ. പി. എസ്. രാജപ്പൻ 28-2-2003-ൽ റിട്ടയർ ചെയ്ത് മൂന്ന് വർഷം ആകുന്ന സാഹചര്യത്തിൽ ടൈം ലിമിറ്റിന് ഇടനൽകാതെ മൂന്ന് മാസത്തിനുള്ളിൽ ശ്രീ. രാജപ്പനിൽ നിന്ന് തുക വസൂലാക്കുന്നതിന് ഇടുക്കി ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ നടപടി സ്വീകരിക്കണമെന്നും ഇക്കാര്യത്തിൽ സമിതിയ്ക്ക് റിപ്പോർട്ട് നൽകണമെന്നും തെളിവെടുപ്പ് വേളയിൽ സമിതി നിർദ്ദേശിച്ചിരുന്നു.

## നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

(144) ക്രമക്കേടിന് ഉത്തരവാദിയായ സെക്രട്ടറി ശ്രീ. രാജപ്പനിൽ നിന്നും തുക ഈടാക്കിയത് സംബന്ധിച്ച് ഇടുക്കി ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറിൽ നിന്ന് യാതൊരു വിവരവും ഇതുവരെ ലഭ്യമായിട്ടില്ല. പഞ്ചായത്തിന് നഷ്ടപ്പെട്ട തുക തിരിച്ചു പിടിക്കുന്നതിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ കടുത്ത അനാസ്ഥയാണ് കാട്ടിയിരിക്കുന്നതെന്ന് സമിതി കരുതുന്നു. ഇത് സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടർ ഒരന്വേഷണം നടത്തി എത്രയും പെട്ടെന്ന് തുക തിരിച്ചു പിടിക്കണമെന്നും കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം തുക തിരിച്ചുപിടിക്കുന്നതിൽ മനഃപൂർവ്വമായ കാലതാമസം വരുത്തിയിട്ടുണ്ടെങ്കിൽ ഡെപ്യൂട്ടി ഡയറക്ടർക്കെതിരെ നടപടി സ്വീകരിക്കണമെന്നും കമ്മിറ്റി ശുപാർശ ചെയ്യുന്നു.

എൻ. അനിരുദ്ധൻ,
ചെയർമാൻ,
ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

തിരുവനന്തപുരം,
13-3-2007.

**അനുബന്ധം**

## പ്രധാനപ്പെട്ട നിഗമനങ്ങളും ശുപാർശകളും

| ക്രമ നമ്പർ | ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് | ഖണ്ഡിക നമ്പർ | നിഗമനം/ശുപാർശ |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | കാന്തല്ലൂർ | 7 | കാന്തല്ലൂർ ഗ്രാമപഞ്ചായത്തിൽ വരൾച്ച ദുരിതാശ്വാസ പദ്ധതികളോടനുബന്ധിച്ചുള്ള പ്രവർത്തനങ്ങൾക്കും പൊതുമരാമത്തു പണികൾക്കും തുക പിൻവലിച്ചത് മതിയായ രേഖകളില്ലാതെയാണെന്നും ഓഡിറ്റ് സമയത്തോ, പ്രാദേശിക പരിശോധനാ വേളയിലോ രേഖകൾ ഹാജരാക്കുന്നതിൽ ഉത്തരവാദപ്പെട്ട പഞ്ചായത്ത് ഉദ്യോഗസ്ഥൻ വീഴ്ച വരുത്തിയെന്നും കമ്മിറ്റിക്ക് ബോധ്യമായിരിക്കുന്നു. ഇത്തരം വീഴ്ചകൾ ഭാവിയിൽ വരാതിരിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കൂടുതൽ ശ്രദ്ധ പതിപ്പിക്കണമെന്ന് ആവശ്യപ്പെടുന്നതിനോടൊപ്പം സർചാർജ്ജ് നല്കിയതിനെതിരെ അന്നത്തെ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർക്കെതിരെയും, കാന്തല്ലൂർ ഗ്രാമപഞ്ചായത്തിനെതിരെയും ഫയൽ ചെയ്തിരിക്കുന്ന കേസ് തീർപ്പു കല്പിക്കുന്നതിലേക്കായി അടിയന്തിര നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. കേസിന്റെ അന്തിമ വിധി സമിതിയെ അറിയിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 2 | കൊക്കയാർ | 11 | ഓഡിറ്റ് തടസ്സം ഒഴിവാക്കിയെങ്കിൽ ആ വിവരം കമ്മിറ്റിയെ അറിയിക്കുന്നതിൽ ലോക്കൽ ഫണ്ട് വകുപ്പ് കുറച്ചുകൂടി ശ്രദ്ധിക്കണമെന്ന് കമ്മിറ്റി അഭിപ്രായപ്പെടുന്നു. എന്നിരുന്നാലും തടസ്സം ഒഴിവാക്കിയ ലോക്കൽ ഫണ്ട് ഡയറക്ടറുടെ നടപടി സമിതി അംഗീകരിക്കുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 3 | കൊക്കയാർ | 13 | പഞ്ചായത്തിന് നഷ്ടമായ തുക ശ്രീ. കെ. പ്രകാശിൽ നിന്നും റവന്യൂ റിക്കവറി വഴി ഈടാക്കുന്നതിനോ അതിനു കഴിയുന്നില്ലെങ്കിൽ ശ്രീ. പ്രകാശിനുശേഷം സെക്രട്ടറിയായിരുന്നവരിൽ നിന്നും തുല്യമായി തുക ഈടാക്കുന്നതിനോ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 4 | ,, | 18, 19 | വനിതാ റെഡിമെയ്ഡ് യൂണിറ്റുകൾക്ക് നിയമവിരുദ്ധമായി തുക നല്കിയതു സംബന്ധിച്ചുള്ള അന്വേഷണത്തിനായി വിജിലൻസ് വകുപ്പ് കൊണ്ടുപോയിട്ടുള്ള ഫയലുകൾ തിരികെവാങ്ങി ഡിപ്പാർട്ടുമെന്റ് തലത്തിൽ സ്വീകരിക്കേണ്ട നടപടികൾ സ്വീകരിക്കാൻ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ നടപടി സ്വീകരിക്കണമെന്ന് കമ്മിറ്റി ശുപാർശ ചെയ്യുന്നു.<br><br>കൂടാതെ ഫയലുകളും മറ്റു രേഖകളും വിജിലൻസ് വകുപ്പിനു കൈമാറുന്നതിനുമുമ്പ് അവയുടെ ഫോട്ടോകോപ്പി എടുത്തു സൂക്ഷിക്കുന്നതിന് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ഗവൺമെന്റ് തലത്തിൽ നിർദ്ദേശം നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 5 | ,, | 23 | വിജിലൻസ് അന്വേഷണം പൂർത്തിയാക്കി ഫയലുകൾ തിരികെ നൽകുന്നതിൽ വിജിലൻസ് വകുപ്പ് അനാവശ്യമായ കാലതാമസവും വീഴ്ചയും വരുത്തിയിരിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നും അന്വേഷണത്തിനായി കൊണ്ടുപോകുന്ന ഫയലുകളിൽ എത്രയും വേഗം അന്വേഷണം പൂർത്തിയാക്കി തിരികെ നൽകുന്നതിന് വിജിലൻസ് വകുപ്പ് പ്രത്യേകം ശ്രദ്ധിക്ക |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | ണമെന്നും തിരികെ ലഭിക്കുന്ന പ്രസ്തുത ഫയലുകളിൻമേൽ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിച്ച് അടിയന്തിരമായി റിപ്പോർട്ട് നൽകണമന്നും സമിതി നിർദ്ദേശിക്കുന്നു. |
| 6 | കരിമണ്ണൂർ | 25 | ലോക്കൽഫണ്ട് ആഡിറ്റ് വകുപ്പ് ആഡിറ്റ് പരാമർശം ഒഴിവാക്കിയത് സമിതി അംഗീകരിക്കുന്നു. |
| 7 | ,, | 27 | അധികവിലയായി നൽകിയ തുക തിരിച്ചടച്ചു എങ്കിലും പലിശകൂടി ഈടാക്കേണ്ടതായിരുന്നു എന്ന് സമിതി അഭിപ്രായപ്പെടുന്നു. ഭാവിയിൽ ഇത്തരം കേസുകളിൽ പലിശ ഈടാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളാൻ ശ്രദ്ധിക്കണമെന്ന് എല്ലാ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 8 | ആലക്കോട് | 30 | പഞ്ചായത്തിനുണ്ടായ നഷ്ടം ഈടാക്കാൻ നടപടി സ്വീകരിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടറോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും നാളിതുവരെ ഇതു സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല എന്നത് സമിതി ഗൗരവപൂർവ്വം വീക്ഷിക്കുകയും ഇക്കാര്യത്തിൽ പഞ്ചായത്ത് ഡയറക്ടർ വിശദീകരണം നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു. ആഡിറ്റ് പരാമർശം നിലനിൽക്കെ ശ്രീ. കുട്ടപ്പന് എൻ.എൽ.സി. നല്കി പെൻഷനാനുകൂല്യങ്ങൾ കൈപ്പറ്റുന്നതിനു സഹായിച്ച ഉദ്യോഗസ്ഥർ ആരെല്ലാമാണെന്ന് കണ്ടെത്തി അവരിൽ നിന്നും തുക ഈടാക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർ നടപടി സ്വീകരിക്കുവാനും തുക തിരിച്ചടച്ചതു സംബന്ധിച്ച വിശദാംശം സമിതിയെ അറിയിക്കുവാനും സമിതി നിർദ്ദേശിക്കുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 9 | മൂന്നാർ | 32 | ആഡിറ്റിന് മുമ്പ് തന്നെ ക്രമക്കേട് കണ്ടുപിടിച്ച് നടപടി സ്വീകരിച്ച സെക്രട്ടറിയുടെ നടപടി ശ്ലാഘനീയമാണ്. തുക പലിശ സഹിതം തിരിച്ചടച്ചതായും, പണാപഹരണം നടത്തിയ ക്ലാർക്കിനെ സസ്പെന്റ് ചെയ്തതായും തുടർന്ന് ശിക്ഷണനടപടികൾ അവസാനിപ്പിക്കുന്നതിനുമുമ്പ് ടിയാൻ മരണപ്പെട്ടുവെന്നും അറിയിച്ച സാഹചര്യത്തിൽ ഇത് സംബന്ധിച്ച നടപടികൾ അവസാനിപ്പിക്കാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 10 | ,, | 37 | ഇടുക്കി ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ പരിശോധനാ റിപ്പോർട്ട് പൂർണ്ണമല്ലെന്നും സമിതി നിർദ്ദേശം നടപ്പാക്കുന്നതിൽ ഡെപ്യൂട്ടി ഡയറക്ടർ വേണ്ടത്ര ശുഷ്ക്കാന്തി കാട്ടിയില്ലെന്നും സമിതി കരുതുന്നു. ഇക്കാര്യത്തിൽ ഡെപ്യൂട്ടി ഡയറക്ടറുടെ ഭാഗത്തു നിന്നുണ്ടായ അനാസ്ഥ ഗൗരവപൂർവ്വം വീക്ഷിക്കുന്നു. ഇടമലക്കുടിയിൽ നടത്തിയ പണികളുടെ ഭൗതിക പരിശോധന പഞ്ചായത്ത് ഡയറക്ടർ തലത്തിൽ നടത്തി 15 ദിവസത്തിനകം അതിന്റെ റിപ്പോർട്ട് സമിതിയ്ക്ക് ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 11 | ,, | 40 | ഇടുക്കി ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ സ്ഥലം പരിശോധന നടത്തി സമിതിയ്ക്ക് റിപ്പോർട്ട് നൽകണമെന്ന സമിതി നിർദ്ദേശം നാളിതുവരെ നടപ്പാക്കിയിട്ടില്ല എന്നത് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്നുളള അനാസ്ഥയായി സമിതി കരുതുന്നു. ആയതിനാൽ ബന്ധപ്പെട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്കെതിരെ ശിക്ഷാ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | നടപടികൾ സ്വീകരിക്കണമെന്നും ആവശ്യമായ എഗ്രിമെന്റ് വയ്ക്കാതെ അഡ്വാൻസ് നൽകിയതുമൂലം പഞ്ചായത്തിനുണ്ടായ സാമ്പത്തിക നഷ്ടം നികത്തുന്നതിന്, ഉത്തരവാദിയായ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ നടപടി സ്വീകരിച്ച് വിവരം സമിതിയെ അറിയിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 12 | മൂന്നാർ | 42 | ആഡിറ്റ് തടസ്സം ഒഴിവാക്കിയിട്ടില്ലെന്ന് ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ സ്റ്റോർ പർച്ചേയ്സ് ചട്ടങ്ങൾ ലംഘിച്ചും കുറഞ്ഞ നിരക്കിലുള്ള ക്വട്ടേഷൻ ഒഴിവാക്കിയും 311 തയ്യൽ മെഷീനുകൾ വാങ്ങിയതിലൂടെ മൂന്നാർ ഗ്രാമപഞ്ചായത്തിനുണ്ടായ 50,151 രൂപയുടെ നഷ്ടം നടപടിക്രമങ്ങൾ പാലിക്കാതെ മെഷീനുകൾ വാങ്ങുന്നതിന് തീരുമാനമെടുത്ത ഗ്രാമപഞ്ചായത്ത് കമ്മിറ്റിയിൽ നിന്ന് ഈടാക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 13 | ,, | 44 | പഞ്ചായത്ത് ഡയറക്ടറുടെ 6-03-2006-ലെ എച്ച് 4. 22788/05 നമ്പർ കത്തിൽ, മൂന്നാർ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 28-12-2004-ലെ 8(1)-ാം നമ്പർ തീരുമാനപ്രകാരം ഓഡിറ്റ് നടപടി തീർപ്പാക്കുന്നതിന് ഗവൺമെന്റിന്റെ അനുമതി തേടിയിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ഗവൺമെന്റിൽ നിന്ന് അപ്രൂവൽ വാങ്ങുന്നതിൽ അന്നത്തെ സെക്രട്ടറിയും പിന്നീട് വന്ന സെക്രട്ടറിമാരും തികഞ്ഞ അലംഭാവം കാട്ടിയതായി സമിതി കരുതുന്നു. ഗവൺമെന്റിൽ നിന്ന് സാധൂകരണം വാങ്ങുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തി സമിതിയ്ക്ക് റിപ്പോർട്ട് നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 14 | കട്ടപ്പന | 47, 48 | പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അടിയന്തിര നടപടി സ്വീകരിച്ച് 15 ദിവസത്തിനുള്ളിൽ സമതിയ്ക്ക് റിപ്പോർട്ട് നൽകണമെന്ന നിർദ്ദേശം നടപ്പാക്കുന്നതിൽ പഞ്ചായത്ത് വകുപ്പ് ഗുരുതരമായ വീഴ്ച വരുത്തിയിരിക്കുന്നു. പഞ്ചായത്തിന് നഷ്ടം വരുത്തിയ ഉദ്യോഗസ്ഥനെ സംരക്ഷിക്കുന്ന നടപടിയാണ് പഞ്ചായത്തിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുള്ളതെന്ന് സമിതി സംശയിക്കുന്നു.<br><br>ആയതിനാൽ സമിതി നിർദ്ദേശം പാലിക്കാതിരുന്ന ഇടുക്കി ജില്ലാപഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. ആർ. വിജയകുമാറിനെതിരെ വകുപ്പുതല നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. കൂടാതെ പഞ്ചായത്തിനുണ്ടായ നഷ്ടം ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി വിവരം സമിതിയെ അറിയിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 15 | ,, | 51 | ബന്ധപ്പെട്ട സെക്രട്ടറി ടി തുക തിരിച്ചടച്ചോ എന്ന വിവരം നാളിതുവരെ സമിതിയ്ക്ക് ലഭ്യമാക്കിയിട്ടില്ലായെന്നത് പഞ്ചായത്ത് വകുപ്പിന്റെ കടുത്ത അനാസ്ഥയായി സമിതി കരുതുന്നു. തുക തിരിച്ചടതു സംബന്ധിച്ച വിശദാംശം അടിയന്തിരമായി സമിതിയെ അറിയിക്കുവാനും അല്ലാത്തപക്ഷം ബന്ധപ്പെട്ട ഡെപ്യൂട്ടി ഡയറക്ടർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കുവാനും സമിതി നിർദ്ദേശിക്കുന്നു. |
| 16 | കോടിക്കുളം | 55 | ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിനെ ബോധ്യപ്പെടുത്തേണ്ട കാര്യങ്ങൾ അവരെ ബോധ്യപ്പെടുത്തുകയും ഗവൺമെന്റിൽ നിന്ന് സാധൂകരണം |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | വാങ്ങുകയും ചെയ്തതിനുശേഷം സമിതിയ്ക്ക് റിപ്പോർട്ട് നൽകണമെന്ന് സമിതി ആവശ്യപ്പെട്ടിരുന്നു. എന്നാൽ നാളിതുവരെ ഇതു സംബന്ധിച്ച യാതൊരു റിപ്പോർട്ടും സമിതിക്ക് ലഭിച്ചിട്ടില്ല. ആയതിനാൽ സമിതി നിർദ്ദേശം പാലിക്കാതിരുന്ന പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 17 | അയ്യപ്പൻ കോവിൽ | 59 | സർക്കാരിന്റെ സാധൂകരണം വാങ്ങണമെന്ന സമിതി നിർദ്ദേശം നടപ്പാക്കുന്നതിൽ പഞ്ചായത്തിന്റെ ഭാഗത്തുനിന്ന് വളരെയധികം കാലതാമസമുണ്ടായതായി സമിതി ചൂണ്ടിക്കാണിക്കുന്നു. സർക്കാരിൽ നിന്നും അടിയന്തിരമായി സാധൂകരണം വാങ്ങി സമിതിയെ വിവരം അറിയിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 18 | ,, | 62 | തെളിവെടുപ്പു യോഗത്തിൽ സമിതിയ്ക്ക് നൽകിയ ഉറപ്പു പാലിക്കുന്നതിനോ ഇത് സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിനോ പഞ്ചായത്ത് അധികൃതരുടെ ഭാഗത്തു നിന്നും യാതൊരു നടപടിയും ഉണ്ടായിട്ടില്ല എന്നത് വളരെ ഗൗരവമുള്ള സംഗതിയായി സമിതി കരുതുന്നു. സമിതി നിർദ്ദേശം നടപ്പാക്കുന്നതിൽ വീഴ്ച വരുത്തിയ പഞ്ചായത്ത് സെക്രട്ടറിയ്ക്കെതിരെ അടിയന്തിര നടപടി സ്വീകരിക്കണമെന്നും ആയത് സമിതിയെ അറിയിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 19 | പള്ളിവാസൽ | 66 | ആഡിറ്റ് പരാമർശങ്ങളിന്മേൽ അടിയന്തിര നടപടി സ്വീകരിക്കുന്നതിലേയ്ക്ക് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ തലത്തിൽ ആഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിക്കണമെന്ന സമിതിയുടെ ശുപാർശ സംബന്ധിച്ച് സ്വീകരിച്ച നടപ |

| (1) | (2) | (3) | (4) |
| --- | --- | --- | --- |
| | | | ടികൾ ഇതുവരെ കമ്മിറ്റിയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് സ്വീകരിച്ച നടപടികൾ കമ്മിറ്റിക്ക് ലഭ്യമാക്കണമെന്നും വിജിലൻസ് കേസ് തീർപ്പാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തണമെന്നും കമ്മിറ്റി നിർദ്ദേശിക്കുന്നു. |
| 20 | വെള്ളിയാമറ്റം | 69 | ട്രഷറിയിൽ നിന്ന് ഒബ്ജക്ട് ചെയ്ത ബിൽ ക്ലിയർ ചെയ്യാനുണ്ടായ താമസം ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറിയുടെ ഭാഗത്തു നിന്നുണ്ടായ നിരുത്തരവാദപരമായ വീഴ്ചയാണെന്നു കമ്മിറ്റി കരുതുന്നു. ഇത്തരം വീഴ്ചകൾ ഉണ്ടാകാതിരിക്കാൻ പഞ്ചായത്ത് വകുപ്പ് മേലിൽ ശ്രദ്ധിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. ലാപ്സായ തുക തിരിച്ചുകിട്ടിയതായി വെളളിയാമറ്റം ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ച സാഹചര്യത്തിൽ ഈ വിഷയത്തിന്മേലുള്ള നടപടികൾ അവസാനിപ്പിക്കാവുന്നതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 21 | ,, | 71 | ലോക്കൽ ഫണ്ട് ഡയറക്ടർ തടസ്സം ഒഴിവാക്കിയത് കമ്മിറ്റി അംഗീകരിക്കുന്നു. |
| 22 | ,, | 75 | ഇനിയും തിരിച്ചുപിടിക്കാനുള്ള തുക അടിയന്തിരമായി തിരിച്ചു പിടിച്ചു റിപ്പോർട്ട് നൽകണമെന്ന് കമ്മിറ്റി നിർദ്ദേശിക്കുന്നു. |
| 23 | ,, | 77 | ഈ വിഷയത്തിന്മേൽ തുടർ നടപടികൾ അവസാനിപ്പിക്കാവുന്നതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 24 | വാഴത്തോപ്പ് | 80 | ആഡിറ്റ് പരാമർശത്തിന് യഥാസമയം മറുപടി നൽകാതിരുന്നതുമൂലമാണ് ഇങ്ങനെയൊരു പരാമർശമുണ്ടായതെന്ന് കമ്മിറ്റി കരുതുന്നു. ഭാവിയിൽ ആഡിറ്റ് സമയത്ത് തന്നെ വിശദീകരണം നൽകുന്നതിൽ ഗ്രാമപഞ്ചായത്ത് ശ്രദ്ധിക്കണമെന്ന് കമ്മിറ്റി നിർദ്ദേശിക്കുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 25 | വാഴത്തോപ്പ് | 83 | ഈ വിഷയം സംബന്ധിച്ച ഫയലുകൾ ഇതുവരെ സമിതിയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇതിൽ നിന്നു തന്നെ ഇക്കാരൃത്തിൽ ക്രമക്കേടു നടന്നിട്ടുണ്ടോ എന്നു സംശയിക്കുന്നു. ആയതിനാൽ ഇക്കാരൃത്തിൽ വിജിലൻസ് അന്വേഷണം നടത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 26 | ,, | 88 | പഞ്ചായത്തിന് നഷ്ടമായ തുക പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥനായിരുന്ന ശ്രീ. ക്രിസ്റ്റഫർ ആന്റണിയിൽ നിന്നും റിക്കവർ ചെയ്യാനുള്ള അടിയന്തിര നിയമ നടപടി സ്വീകരിക്കണമെന്ന് കമ്മിറ്റി ശക്തമായി ശുപാർശ ചെയ്യുന്നു. ഇതു സംബന്ധിച്ചെടുത്ത നടപടിയുടെ വിശദാംശം ഒരു മാസത്തിനകം കമ്മിറ്റിയെ അറിയിക്കണമെന്നും ശുപാർശ ചെയ്യുന്നു. |
| 27 | വാത്തിക്കുടി | 94 | പഞ്ചായത്ത് നൽകിയ തുക ഒരു മാസത്തിനുള്ളിൽ തിരിച്ചു പിടിക്കാൻ നടപടി സ്വീകരിക്കാമെന്ന് വാത്തിക്കുടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി തെളിവെടുപ്പുയോഗത്തിൽ സമിതിക്ക് ഉറപ്പു നൽകിയിരുന്നെങ്കിലും റവന്യൂ റിക്കവറി നടപടി സ്വീകരിക്കുമെന്നറിയിച്ചതല്ലാതെ ഇതുവരെ പണം തിരിച്ചു പിടിച്ചതു സംബന്ധിച്ച വിശദവിവരം സമിതിക്ക് ലഭ്യമാക്കിയിട്ടില്ല. പദ്ധതിയുടെ ഉദ്ദേശ്യം നല്ലതായിരുന്നെങ്കിലും ദീർഘവീക്ഷണമില്ലാതെ നടപ്പാക്കിയതിനാൽ പദ്ധതി പരാജയപ്പെട്ടുവെന്നു മാത്രമല്ല വ്യവസ്ഥകളിൽ നിന്നു വൃതിചലിച്ച് തുക ഒരുമിച്ചു നൽകുന്നതിൽ പഞ്ചായത്ത് സെക്രട്ടറി അനാവശ്യമായ തിടുക്കവും താല്പര്യവും കാണിച്ചതായി സമിതി മനസിലാക്കുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | ആയതിനാൽ തുക ലഭ്യമാക്കാൻ വേണ്ടിമാത്രം രജിസ്റ്റർ ചെയ്ത സൊസൈറ്റിയാണോ ഇതെന്നും സമിതി സംശയിക്കുന്നു. പഞ്ചായത്തിന്റെ പണം നഷ്ടപ്പെടാൻ കാരണക്കാരനായ സെക്രട്ടറിയ്ക്കെതിരെ റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നടപടി സ്വീകരിക്കുകയും പണം തിരിച്ചു പിടിക്കുകയും ചെയ്ത് 1 മാസത്തിനകം വിവരം അറിയിക്കുവാൻ സമിതി നിർദ്ദേശിക്കുന്നു. |
| 28 | വണ്ടിപ്പെരിയാർ | 100 | അധികമായി ചെലവഴിച്ചതുകയ്ക്ക് സാധൂകരണം വാങ്ങുന്നതിൽ ഉത്തരവാദിയായ സെക്രട്ടറിയോ അതിനുശേഷംവന്ന സെക്രട്ടറിയോ യഥാസമയം നടപടി സ്വീകരിക്കുന്നതിൽ വേണ്ടത്ര ശ്രദ്ധിച്ചിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. പിന്നോക്ക പ്രദേശങ്ങളിലെ തൊഴിലാളികൾക്ക് പ്രയോജനപ്പെടുന്ന രീതിയിൽ പത്രം വിതരണം ചെയ്യുന്നത് നല്ലകാര്യമാണെങ്കിലും ഇതു സംബന്ധിച്ച് ശരിയായ രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ലെന്നത് സംശയമുളവാക്കുന്നു. ഉപയോഗിച്ച പത്രങ്ങൾ ലേലംചെയ്ത തുക ക്ലബ്ബുകളുടെ അക്കൗണ്ടിലേക്കോ, പഞ്ചായത്ത് ഫണ്ടിലേയ്ക്കോ വരവു ചെയ്തിട്ടുമില്ല. അധികമായി ചെലവാക്കിയ തുകയ്ക്ക് സർക്കാരിന്റെ സാധൂകരണം നേടുന്നതിന്റെ നിലവിലുള്ള സ്ഥിതി എന്താണെന്ന് കമ്മിറ്റിയെ അറിയിക്കണമെന്ന് ശുപാർശ ചെയ്യുന്നു. കൂടാതെ, പത്രമാസികകൾ നല്കുന്നതു സംബന്ധിച്ച് രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കണമെന്നും പഴയ പത്രക്കടലാസുകൾ വിൽക്കുന്നതിന്റെയും കണക്ക് കൃത്യമായി സൂക്ഷിക്കണമെന്നും കമ്മിറ്റി ശുപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 29 | വണ്ടിപ്പെരിയാർ | 110, 111 | ഓഡിറ്റ് ഖണ്ഡികയിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള ക്രമക്കേടുകൾക്ക് മറുപടി നൽകുന്നതിൽ തികച്ചും നിഷേധാത്മകമായ നിലപാടാണ് ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറി സ്വീകരിച്ചിട്ടുള്ളതെന്ന് സമിതി വിലയിരുത്തുന്നു. ഇത്രയും നിരുത്തരവാദപരമായ സമീപനം കൈക്കൊണ്ട പഞ്ചായത്ത് സെക്രട്ടറിക്കെതിരെ അടിയന്തിരമായി നടപടി സ്വീകരിണമെന്നും, അതു സംബന്ധിച്ച വിശദവിവരങ്ങൾ സമിതിയെ അറിയിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.<br><br>സമിതിയുടെ നിർദ്ദേശം പാലിക്കുന്നതിൽ പഞ്ചായത്ത് വകുപ്പ് കുറ്റകരമായ അനാസ്ഥയാണ് കാട്ടിയിരിക്കുന്നത്. ഇതിൽ സമിതി അസംതൃപ്തി രേഖപ്പെടുത്തുകയും ഇത് സംബന്ധിച്ച അന്വേഷണ റിപ്പോർട്ട് അടിയന്തിരമായി സമിതിക്ക് ലഭ്യമാക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്യുന്നു. |
| 30 | ,, | 114 | ലോക്കൽ ഫണ്ട് ആഡിറ്റ് ഡിപ്പാർട്ടുമെന്റ് സർ ചാർജ്ജ് നടപടിയെടുത്തു കഴിഞ്ഞ ഈ കേസ്സിന്റെ പരിശോധനയ്ക്കായി പഞ്ചായത്തു ഡയറക്ടറെതന്നെ സമിതി ചുമതലപ്പെടുത്തിയിട്ടും ഇതു സംബന്ധിച്ച യാതൊരു അന്വേഷണ റിപ്പോർട്ടും ഇതുവരെ സമിതിയ്ക്ക് ലഭിച്ചിട്ടില്ലെന്നതിൽ സമിതി കടുത്ത അസംതൃപ്തി രേഖപ്പെടുത്തുകയും ഇതു സംബന്ധിച്ച റിപ്പോർട്ട് എത്രയും വേഗം ലഭ്യമാക്കാൻ നിർദ്ദേശിക്കുകയും ചെയ്യുന്നു. ഗവൺമെന്റ് തലത്തിൽ ഇക്കാര്യം അന്വേഷിക്കണമെന്നും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 31 | ചിന്നക്കനാൽ | 118 | ബന്ധപ്പെട്ട ഡെപ്യൂട്ടി ഡയറക്ടർക്കെതിരെ നടപടി സ്വീകരിക്കണമെന്ന സമിതി നിർദ്ദേശം നടപ്പാക്കുന്നതിൽ പഞ്ചായത്ത് വകുപ്പ് കടുത്ത അലംഭാവമാണ് കാണിച്ചിരിക്കുന്നത്. ഇതിൽ സമിതി അസംതൃപ്തി അറിയിക്കുകയും ഇതു സംബന്ധിച്ച റിപ്പോർട്ട് 15 ദിവസത്തിനകം സമിതിയ്ക്ക് സമർപ്പിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്യുന്നു. കൂടാതെ കുറ്റക്കാരനായ പഞ്ചായത്ത് സെക്രട്ടറിക്ക് ബാദ്ധ്യതാ സർട്ടിഫിക്കറ്റ് നൽകുകയും, ഡി.സി.ആർ.ജി. റിലീസ് ചെയ്യാതിരിക്കുകയും ചെയ്ത സാഹചര്യത്തിൽ അപഹരണം നടത്തിയ തുക പലിശ സഹിതം അദ്ദേഹത്തിൽ നിന്നും ഈടാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 32 | ,, | 121 | സമിതിയുടെ നിർദ്ദേശം നാളിതുവരെ നടപ്പിലാക്കിയിട്ടില്ല എന്നത് സമിതിയോടുള്ള അവഹേളനമായി സമിതി കരുതുന്നു. ഇതിനുത്തരവാദിയായ ഡെപ്യൂട്ടി ഡയറക്ടർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കുകയും പഞ്ചായത്തിനുണ്ടായ നഷ്ടം അദ്ദേഹത്തിൽ നിന്ന് ഈടാക്കി സമിതിയ്ക്ക് റിപ്പോർട്ട് നൽകുകയും ചെയ്യണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 33 | വട്ടവട | 126 | വ്യാജരേഖ ചമച്ച് പണാപഹരണം നടത്തിയ സെക്രട്ടറി ശ്രീ. കമലാസനനെതിരെയുള്ള അന്വേഷണം ത്വരിതഗതിയിലാക്കണമെന്നും ടിയാനെതിരെ നടപടി സ്വീകരിച്ച് റിപ്പോർട്ട് ഒരു മാസത്തിനകം സമിതിയ്ക്ക് |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. കൂടാതെ ടിയാൻ നടത്തിയ ക്രമക്കേടുകൾമൂലം പഞ്ചായത്തിനു നഷ്ടമായ തുക ഈടാക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 34 | വട്ടവട | 129 | നിരവധി ക്രമക്കേടുകൾക്കുത്തരവാദിയായ പഞ്ചായത്ത് സെക്രട്ടറി ശ്രീ. കമലാസനൻ തന്നെയാണ് ഈ ക്രമക്കേടും നടത്തിയിട്ടുള്ളതിനാൽ ടിയാനെതിരെ കർശനമായ ശിക്ഷാ നടപടികൾ അടിന്തിരമായി സ്വീകരിച്ച് സമിതിയ്ക്ക് ഒരു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 35 | പാമ്പാടുംപാറ | 134 | ശ്രീമതി പി. എൻ. വത്സമ്മയിൽ നിന്നും ബാക്കി തുക കൂടി അടിയന്തിരമായി ഈടാക്കി സമിതിയ്ക്ക് റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 36 | മരിയാപുരം | 138 | നിർവ്വഹണോദ്യോഗസ്ഥന്റെ വിശദീകരണം തൃപ്തികരമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശുപാർശ ചെയ്യുന്നു. |
| 37 | വണ്ണപ്പുറം | 141 | ഇക്കാര്യത്തിൽ സമിതിക്ക് റിപ്പോർട്ട് നൽകുവാനും പഞ്ചായത്തിന് നഷ്ടപ്പെട്ട തുക ഈടാക്കുവാനും നടപടി സ്വീകരിക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 38 | ,, | 144 | ക്രമക്കേടിന് ഉത്തരവാദിയായ സെക്രട്ടറി ശ്രീ. രാജപ്പനിൽ നിന്നും തുക ഈടാക്കിയത് സംബന്ധിച്ച് ഇടുക്കി ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറിൽ നിന്ന് യാതൊരു വിവരവും ഇതുവരെ ലഭ്യമായിട്ടില്ല. പഞ്ചായത്തിന് നഷ്ടപ്പെട്ട തുക |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | തിരിച്ചു പിടിക്കുന്നതിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ കടുത്ത അനാസ്ഥയാണ് കാട്ടിയിരിക്കുന്നതെന്ന് സമിതി കരുതുന്നു. ഇത് സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടർ ഒരന്വേഷണം നടത്തി എത്രയും പെട്ടെന്ന് തുക തിരിച്ചു പിടിക്കണമെന്നും കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം തുക തിരിച്ചു പിടിക്കുന്നതിൽ മനഃപൂർവ്വമായ കാലതാമസം വരുത്തിയിട്ടുണ്ടെങ്കിൽ ഡെപ്യൂട്ടി ഡയറക്ടർക്കെതിരെ നടപടി സ്വീകരിക്കണമെന്നും കമ്മിറ്റി ശുപാർശ ചെയ്യുന്നു. |